# മലയാള സാഹിത്യപരിചയം

COMMON COURSE IN MALAYALAM

For

## B Com

II SEMESTER

# UNIVERSITY OF CALICUT

**SCHOOL OF DISTANCE EDUCATION**

CALICUT UNIVERSITY.P.O., MALAPPURAM, KERALA,INDIA – 673 635

110

# UNIVERSITY OF CALICUT
## SCHOOL OF DISTANCE EDUCATION

STUDY MATERIAL
B Com
II Semester

COMMON COURSE IN MALAYALAM
## MALAYALA SAHITHYA PARICHAYAM

Prepared by:
Dr. P. I. Radha,
Department of Malayalam,
Unity Women's College,
Manjeri

Edited and Scrutinised by
Dr. K. M. Priyadarsanlal,
'Swathi', Malapparamba,
Kozhikode - 673 009

Layout & Settings
Computer Section, SDE

©
Reserved

# CONTENTS


| | | | |
|---|---|---|---|
| ഉറൂബ് | ........ | ആരാധന | 5 - 6 |
| വി. കെ. എൻ | ........ | വിവാഹപ്പിറ്റേന്ന് | 7 - 9 |
| മാധവിക്കുട്ടി | ........ | തരിശുനിലം | 10 - 12 |
| എം. മുകുന്ദൻ | ........ | ദൽഹി 1981 | 13 - 14 |
| വള്ളത്തോൾ | ........ | എന്റെ ഭാഷ | 15 - 16 |
| വൈലോപ്പിള്ളി | ......... | ഊഞ്ഞാലിൽ | 17 - 18 |
| പി. കുഞ്ഞിരാമൻനായർ | ......... | മാഞ്ഞുമറഞ്ഞ പൂക്കാലം | 19 - 20 |
| അൻവർ അലി | ......... | മഴക്കാലം | 21 - 22 |
| മലയാറ്റൂർ രാമകൃഷ്ണൻ | ........ | വേരുകൾ | 24 - 31 |
| പി. പത്മരാജൻ | ........ | പെരുവഴിയമ്പലം | 32 - 38 |

# ഉറൂബ് (പി.സി.കുട്ടിക്കൃഷ്ണൻ - 1951 - 1979)

മനുഷ്യരെ സുന്ദരികളും സുന്ദരന്മാരുമായിക്കണ്ട എഴുത്തുകാരനാണ് ഉറൂബ്. വിരൂപങ്ങളും വിധ്വംസകങ്ങളുമായ പ്രവർത്തനങ്ങളിലേർപ്പെടുമ്പോൾപ്പോലും വികാരോഷ്മളമായ ഹൃദയങ്ങളെക്കൊണ്ട് ഉറൂബിന്റെ കഥാപാത്രങ്ങൾ സുന്ദരികളും സുന്ദരന്മാരുമാകുന്നതുകാണാം.

## മുഖ്യകൃതികൾ

ഉമ്മാച്ചു, സുന്ദരികളും സുന്ദരന്മാരും, അമ്മിണിയേടത്തി, ചുഴിക്കുപിമ്പേചുഴി, രാച്ചിയമ്മ (കഥ) സ്നേഹത്തിന്റെ രണ്ടുവകഭേദങ്ങൾ ശിവദാസിന്റെ ജീവിതത്തെ ശൂന്യമാക്കുന്നതായി ആരാധന എന്ന കഥ ആവിഷ്ക്കരിക്കുന്നു. പോലീസിന്റെ അടിയേറ്റു വീണ അയാളെ നിറകണ്ണുകളോടെ താങ്ങി വീട്ടിലെത്തിച്ചു പരിചരിക്കുന്ന രമയെ അയാൾ സ്നേഹിച്ചുപോയി. തന്റെ ജീവിതപങ്കാളിയാവാനാണ് അയാളവളോട് അഭ്യർത്ഥിച്ചത്. എന്നാൽ രമയുടെ സ്നേഹത്തെ അയാൾ ആരാധന എന്നാണുവിളിച്ചത്. ഭക്തൻ ആരാധനാവിഗ്രത്തെകാണുമ്പോലെ ചുറ്റും പരിവേഷത്തോടെ അയാളെ അകന്നുനിന്നു പരിവേഷത്തോടെ അയാളെ അകന്നുനിന്നു പരിചരിക്കാനും കാണാനുമാണ് അവൾ തയ്യാറായത്. ആരാധനയും ആരവവും ആയാൾക്കെപ്പോഴും ലഭിച്ചു. ലഭിക്കാത്തത് സ്നേഹമായിരുന്നു. സ്നേഹനഷ്ടം അയാളെ ഒരു തൊണ്ടാക്കി. മരണംവരെയുള്ള ലക്ഷ്യമില്ലാത്ത സഞ്ചാരമായി അയാൾക്കു ജീവിതം, ശിവദാസ് ആരാധ്യനായിത്തോന്നി. എന്ന ആഖ്യാതാവിന്റെ പരാമർശം ശ്രദ്ധേയമാണ്. ആരാധന എന്ന പദം ആദരണീയമെങ്കിലും അത് ജീവിതത്തിലെ ശൂന്യതയും മനുഷ്യബന്ധങ്ങളുടെ അകൽച്ചയും ഓർമ്മിപ്പിക്കുന്നു എന്ന് കഥ നിരീക്ഷിക്കുകയാണ്.

## ആരാധന

വർണ്ണശബളമായ ഒരു സായാഹ്നം യാത്രയാവുന്നതു നോക്കിക്കൊണ്ട് പ്രകൃതിയും തന്നെപ്പോലെ ഓർമ്മകളിൽ മയങ്ങിനിൽക്കുകയാവണം എന്നു സങ്കല്പിക്കുകയാണ് കഥയുടെ തുടക്കത്തിൽ ആഖ്യാതാവ്. ചിങ്ങമാസത്തിലെ പോക്കുവെയിലും കവിൾത്തുടുപ്പിരട്ടിച്ച പതിറ്റടിമുല്ലകളും നോക്കിയിരിക്കെ ദീർഘകായനായ ഒരു വിരുന്നുകാരൻ വാതിലിൽ മുട്ടി പ്രവേശക്കുന്നു ആമുഖം. ആ ഒരു രാത്രി വീട്ടിൽ അഭയം കൊടുക്കണമെന്നതായിരുന്നു ആഗതന്റെ ആവശ്യം. താനൊരു സഞ്ചാരിയാണെന്നും പേര് ശിവദാസാണെന്നും അയാൾ പറഞ്ഞു. നാടുവിട്ടിട്ട് ഏറെക്കാലമായി. ചുരുട്ടുവലിച്ചു പുകവിട്ടുകൊണ്ടിരിക്കെ അയാൾ മഞ്ഞിൻചുരുളുകളാൽ മൂടിയ ഒരു വന്മലപോലെ കാണപ്പെട്ടു. അയാൾ സന്യാസിയാവാം. സൂത്രശാലിയായ പിച്ചക്കാരനാവാം. ഏതായാലും അതിഥി വീട്ടുകാര്യത്തിൽ വല്ലാത്തൊരടുപ്പമുണ്ടാക്കി. ശിവദാസ് എത്രയോ കാലമായി തന്റെ കൂടെത്തന്നെ ഉണ്ടായിരുന്നു എന്ന് വീട്ടുകാരനുതോന്നി. കൂടുതൽ ആരാഞ്ഞപ്പോൾ വീശപ്പും വെറുപ്പും വേദനയുമെല്ലാമുള്ള സാധാനണമനുഷ്യനാണ് താനെന്ന്. അയാൾ മിടുക്കനായ വിദ്യാർത്ഥിയായിരുന്നു. വീട്ടിലെ ഓമനപ്പുത്രനായിരുന്നു; ജോലി ചെയ്യേണ്ടിയിരുന്നില്ല. മഹാത്മജിയുടെ നിസ്സഹകരണപ്രസ്ഥാനത്തിലേക്ക് ആവേശത്തോടെ അയാൾ ചേർന്നത് അക്കാലത്തുണ്. ഒരു വിദേശവസ്ത്രഷാപ്പ് പിക്കറ്റ്ചെയ്യുന്നതിനിടെ പോലീസ്പിടികൂടി ഒരുപാടു മർദ്ദിച്ചു. ഇൻസ്പെക്ടറുടെ അടിയേറ്റ് കാൽവെള്ളയിൽ നിന്ന് ചോരയൊഴുകി. ഏകാന്തമായ സ്ഥലത്തേക്ക് അയാളെ എടുത്തെറിഞ്ഞ് പോലീസുകാർ പോയി. നിറഞ്ഞുതുളുമ്പുന്ന കണ്ണുകളോടെ രമ അയാളുടെ ജീവിതത്തിലേക്കു വന്നത് അന്നാണ്. നടന്നുകൂടാത്ത അയാളെ അവൾ താങ്ങിപ്പിടിച്ച് വീട്ടിലെത്തിച്ചു. പ്രമാണിയായ ഒരു പോലീസ് ഇൻസ്പെക്ടറുടെ മകളായിരുന്ന രമ; ഒരൊറ്റ അടിക്ക് സഞ്ചിയിൽ നിന്നും കവടിചൊരിയും പോലെ കസ്റ്റഡി യിലെടുത്തവന്റെ പല്ലുകൾ അടിച്ചുകൊഴിച്ചിരുന്നു ഒരാൾ. പെൻഷൻ പറ്റിയതിനുശേഷം അദ്ദേഹം തീർത്ഥ സ്ഥലങ്ങളിൽ യാത്ര ചെയ്തുകഴിച്ചുകൂട്ടി. മരിച്ചുപോവുകയും ചെയ്തു. കോൺവെന്റ് സ്കൂളിൽ പഠിച്ച മകൾ രമ സേവനവും ധ്യാനവും ഭക്തിയുമെല്ലാമുൾക്കൊണ്ടുവളർന്നു.

പതിനഞ്ചുദിവസം കഴിഞ്ഞപ്പോൾ പോലീസ് ശിവദാസിനെയും രമയെയും അറസ്റ്റുചെയ്ത് ജയിലുക ളിലേയ്ക്കയച്ചു. അത്തവണ ജയിൽവാസത്തിനിടെ ശിവദാസ് രമയെത്തന്നെ ഓർത്തുകൊണ്ടിരുന്നു. രണ്ടു നക്ഷത്രങ്ങളെപ്പോലെ അവളുടെ കണ്ണുകൾ അയാളുടെ ഉള്ളിൽ ആശ്വാസം പകർന്നു. മൂന്നുവർഷങ്ങൾക്കുശേഷം

വീണ്ടും അവളെ കണ്ടുമുട്ടുമ്പോൾ അയാൾ സ്വാതന്ത്ര്യ സമരസേനാനിയെന്നനിലയിൽ പ്രശസ്തനായിരുന്നു. അവളുടെയും അയാളുടെയും അമ്മമാർ മരിച്ചുപോയിരുന്നു. എല്ലാ അനാഥത്വത്തിനും പരിഹാരമായും ജീവിതത്തിനർത്ഥമായും അയാൾ രമയെ കണ്ടു. അവളുടെ ആത്മാവ് അന്നത്തൂവൽപോലെ വെളുത്തതായിപ്പോയി എന്നതാണ് തനിക്കുപറ്റിയ അപകടമെന്ന് ശിവദാസ് പറയുന്നു. തന്റെ സ്നേഹംപോലും അതിലൊരു കറുത്തപാടായി. രമ ശിവദാസിനെ ആരാധിച്ചു; ഒരു വിനീതശിഷ്യയെപ്പോലെ പരിചരിച്ചു. 'അങ്ങ് ഒരതിമാനുഷനാണ്' എന്നാണ് അവൾ പറഞ്ഞത്. 'അങ്ങയെ ഞാൻ ആരാധിക്കുന്നു' എന്നവൾ പറഞ്ഞപ്പോൾ അയാൾ കോരിത്തരിച്ചുപോയി. രണ്ടുമൂന്നുതവണത്തെ അറസ്റ്റും ജയിൽവാസവും കഴിഞ്ഞപ്പോൾ ആർത്തുനിന്ന ഒരു പുരുഷാരമാണ് അയാളെ വരവേറ്റത്. എന്നാൽ ആ ജനത്തിരക്കവസാനിച്ചപ്പോൾ അയാളുടെ ഹൃദയം വീണ്ടും ശൂന്യമായി. രമയെ കണ്ടപ്പോൾ തന്റെ സ്നേഹം വെളിപ്പെടുത്തുകയും വിവാഹാഭ്യർത്ഥനനടത്തുകയും ചെയ്തെങ്കിലും അവൾ പാമ്പിനെ ചവിട്ടിയപോലെ നടുങ്ങുകയാണുണ്ടായത്. താനയാളെ ആരാധിക്കുന്നു. ആ മഹത്വപരിവേഷം തകർക്കരുത് എന്നാണ് രമ പറഞ്ഞത്. കോൺവെന്റ് വിദ്യാഭ്യാസം അവളെ മറ്റൊരുതരത്തിൽ വാർത്തെടുത്തിരുന്നു. വിവാഹജീവിതം ചായമാണെന്നു വിശ്വസിക്കുന്നതുപോലെ പൊട്ടിക്കരഞ്ഞുകൊണ്ട് അവൾ അയാളുടെ ജീവിതത്തിൽ നിന്ന് പുറത്തുപോയി. ആരാധകന്മാർക്ക് ക്ഷാമമില്ലായിരുന്നു. സ്നേഹിക്കുന്ന മനുഷ്യജീവിയെ, സ്ത്രീയെ, തനിക്കുകൂട്ടായി വേണമെന്ന ശിവദാസിന്റെ ആഗ്രഹം വെറുതെയായി. ആത്മാവിന്റെ അടിയിൽ നിന്നുപുറപ്പെട്ട ഒരു ശോകനാദം പതുക്കെ ഉയർന്ന് പുഴപോലെ ശക്തമായി അവരിരുവരെയും വേർതിരിച്ചു. തന്റെ ജീവിതം മുഴുവനായി ആ പ്രണയനഷ്ടത്തോടെ ഒലിച്ചുപോയതായി ശിവദാസിനുതോന്നി.

വീണ്ടും പലപ്പോഴും കണ്ടുമുട്ടിയെങ്കിലും പിന്നീടൊരിക്കലും അവർ ആ വിഷയം സംസാരിച്ചില്ല. പിന്നീട് സ്വന്തം രാഷ്ട്രീയ പ്രവർത്തനങ്ങളിൽപ്പോലും ശ്രദ്ധ കേന്ദ്രീകരിക്കാൻ ശിവദാസിനു കഴിഞ്ഞില്ല. മനസ്സിലെ ശൂന്യത അയാളെ വെറും തൊണ്ടാക്കി. അതുടഞ്ഞുപോകും വരെ അയാൾ യാത്ര തുടർന്നുകൊണ്ടിരിക്കുന്നു. 'ആരാധനാപാത്രമായിത്തീരുക - അതാണ് ഏറ്റവും വലിയ ശാപം. നിങ്ങൾ നിങ്ങൾക്കു നഷ്ടപ്പെടുന്നു ലോകത്തിനും എന്ന ശിവദാസിന്റെ വാക്കുകൾ ആഖ്യാതാവിന്റെ മനസ്സിൽ പ്രതിധ്വനിച്ചു. അയാളുടെ നീണ്ടതാടിയിൽ, ഒരു വൃദ്ധകന്യകയുടെ കേശഭാരത്തിൽ ചൂടിയ പൂജാപുഷ്പങ്ങൾപോലെ രണ്ടു വാടിയ നീല ശംഖുപുഷ്പങ്ങൾ സങ്കൽപ്പിക്കവെ, ശിവദാസ് ആരാധ്യനാണെന്ന് ആദിതേയനും തോന്നുന്നു.

ലോകത്തിന്റെ ദൃഷ്ടിയിൽ ഏറ്റവും ആരാധ്യനായ ഒരാൾ - പുറമേനിന്നു നോക്കുമ്പോൾ അയാൾ ഭാഗ്യവാനാണ്. എന്നാൽ ശിവദാസിന്റെ ജീവിതത്തെ ശൂന്യമാക്കിയത് ആ ആരാധനതന്നെ. പകൽ ആരവങ്ങളിൽ കഴിച്ചുകൂട്ടുന്ന ആരാധനാപാത്രത്തിന് ശൂന്യമായി ഏകാന്തതയുടെ നിമിഷങ്ങളാണ് ബാക്കി. അയാൾക്കുവേണ്ടിയിരുന്നത് സ്നേഹമായിരുന്നു. സുഖദു:ഖങ്ങൾ പങ്കുവെയ്കാവുന്ന പത്നിയെയായിരുന്നു. രമയുടെ നഷ്ടം, അയാൾക്ക് തന്റെ സകലപ്രവർത്തനങ്ങളുടെയും നഷ്ടമായിരുന്നു. ജീവിതത്തിന്റെ മുഴുവൻ നഷ്ടമായിരുന്നു. തന്റെ പൊള്ളയായ ഹൃദയത്തിന്റെ തൊണ്ടുടയും വരെയുള്ള അനിശ്ചിതയാത്രയായി ആ ജീവിതം മാറുന്നു.

## ലഘുചോദ്യങ്ങൾ

1. 'അന്നത്തെമാതിരി ശ്രദ്ധയില്ലാതെ ഞാൻ ഭക്ഷണം കഴിച്ചിട്ടില്ല.' - സന്ദർഭമേത്?
2. 'എനിക്കു വിശപ്പുമുണ്ട്, ദാഹമുണ്ട്, വെറുപ്പുണ്ട്, വേദനയുണ്ട്, പക്ഷെ ഈ ലോകത്തിൽ ഇതൊക്കെ വിശ്വസിക്കാതവരാണ് അധികമെന്നതാണ് എന്റെ നിർഭാഗ്യം' - വിശദീകരിക്കുക
3. 'ജീവിതം ഒരു മരക്കഷണംപോലെയായിപ്പോകും - ശക്തിതരംഗങ്ങളൊന്നും പിന്നെ അവിടെ ഏശുകയില്ല' - ഇങ്ങനെയാക്കുന്ന സാഹചര്യമേത്?
4. 'എന്റെ കാൽവെള്ളയിലെ മാംസം മുഴുവൻ ചമ്മട്ടികൊണ്ട് നക്കിയെടുത്താൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന് ഇവിടെ നില്ക്കാൻ സ്ഥലമായെന്നുതോന്നും ആ ഇൻസ്പെക്ടറുടെ വാശികണ്ടാൽ' - വക്താവാര്? സന്ദർഭമേത്?
5. രമയുടെ സ്വഭാവം രൂപീകരിച്ച പ്രത്യേകസാഹചര്യമേത്?
6. 'അങ്ങയുടെ ചുറ്റുമുള്ള പരിവേഷം മങ്ങിപ്പോകുന്നതുപോലെ എനിക്കുതോന്നുന്നു' - വക്താവാര്?
7. 'നിങ്ങൾ നിങ്ങൾക്കുനഷ്ടപ്പെടുന്നു; ലോകത്തിനു' ശിവദാസ് ഇങ്ങനെപറയാൻ കാരണമെന്ത്?

## ഉപന്യാസമാതൃക

1. 'അന്നത്തൂവൽപോലെ വെളുത്തതായി അവളുടെ ആത്മാവ് എന്നതാണ് എനിക്ക് പറ്റിയ അപകടം' - വക്താവിന്റെയും രമയുടെയും സമീപനങ്ങളിലെ വ്യത്യാസം അവരുടെ ജീവിതത്തെ മാറ്റിമറിച്ചതെങ്ങനെയെന്ന് വിശദമാക്കുക?

# വി.കെ.എൻ (1932–2004)

വടക്കെകൂട്ടാല നാരായണൻകുട്ടിനായർ പലതലങ്ങളിലുള്ള നർമ്മം, ആക്ഷേപഹാസ്യം, സാമൂഹ്യവിമർശനം എന്നിവയ്ക്ക് കേൾവികേട്ട ശൈലിയുടെ ഉടമസ്ഥൻ.

## കൃതികൾ (നോവലുകൾ)

ആരോഹണം (ആ്ശില ആൗഴഹലെ എന്ന പേരില ഇംഗ്ലീഷ് വിവർത്തനം വി.കെ.എൻ തന്നെ ചെയ്തത്)

പിതാമഹൻ

അധികാരം

അനന്തരം

അസുരവാണി

പെൺപട

കാവി

ജനറൽ ചാത്തൻസ്

മഞ്ചൽ

സിൻഡിക്കേറ്റ്

## ചെറുകഥാസമാഹാരങ്ങൾ

പയ്യൻ കഥകൾ

സർ ചാത്തുവിന്റെ റൂളിംഗ്

ഹാജിയാർ

മാനാഞ്ചിറ ടെസ്റ്റ്

വി.കെ.എൻ കഥകൾ

അയ്യായിരവും കോപ്പും

നാണ്വാര്

പയ്യൻ

മന്ദഹാസം

പയ്യന്റെ സമരം

പയ്യന്റെ രാജാവ്

കേരള സാഹിത്യ അക്കാദമി അവാർഡ് – ആരോഹണത്തിന് 1969

കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് – പയ്യൻ കഥകൾക്ക് 1982

മുട്ടത്തുവർക്കി അവാർഡ് – പിതാമഹന് 1997

## വിവാഹപിറ്റേന്ന്

വധുവിന്റെയും കുടുംബാംഗങ്ങളുടെയും സ്നേഹാധിക്യവും പരിചരണവും സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റത്തോളമെത്തിയപ്പോൾ വിമ്മിട്ടമനുഭവിക്കുന്ന നവവരനാണ് വിവാഹപിറ്റേന്ന് എന്ന കഥയിലെ നായകൻ. വിവാഹപിറ്റേന്ന് ആകയാൽ അയാൾക്ക് ആരോടും പരസ്യമായി എതിരിടാൻ വയ്യ. അയാളുടെ അമർത്തിയ പ്രതിഷേധങ്ങളും പ്രതിരോധങ്ങളും മറ്റുള്ളവർക്ക് മനസ്സിലാകുന്നുമില്ല. ഒടുവിൽ ഭ്രാന്തൻ കാരണവരുടെ മുമ്പിൽ ഭ്രാന്തഭിനയിച്ചും പൊട്ടിച്ചിരിച്ചും അയാൾ ആത്മരക്ഷ തേടുന്നു. അതോടെ ഉദ്ദേശ്യം ഫലിച്ചു. പിന്നീട് ഭാര്യയൊഴികെ മറ്റാരും അയാൾക്ക് പിറകെ വന്നില്ല.

രാത്രിപതിനൊന്ന് മണിക്ക് മുഹൂർത്തമാകയാൽ വരൻ അതിഥികളെയാത്രയാക്കിയപ്പോഴേക്ക് മണി രണ്ടായി. തലേന്നാളത്തെ ഉറക്കവും ബാക്കിയായതിനാൽ ആരെയും കാത്തുനില്ക്കാതെ അയാൾ ഉറങ്ങി. വധു പിന്നീടു വന്നതും ഉറങ്ങിയതും പോയതുമൊന്നും അയാളറിഞ്ഞില്ല. തുറന്നുകിടക്കുന്ന വാതിലിലൂടെ ഒന്നിനുപിറകെ ഒന്നായി എത്തിനോക്കിയ കുട്ടികൾ 'ഏട്ടേ.....'എന്ന് കോറസ്സിൽ വിളിച്ച് അയാളെ അമ്പരിപ്പിച്ചു. ആറും അഞ്ചും നാലും വയസ്സുമാത്രം പ്രായമുള്ള ആ കുട്ടികൾക്ക് ഒട്ടും സങ്കോചമില്ലായിരുന്നു. അവരുടെ

കല്പനകേട്ടാണ് വധു കാപ്പിയുമായിവന്നത്. ജ്യേഷ്ഠന്മാരാരും ഇല്ലാത്തതിനാൽ ചെക്കന്മാർക്ക് അളിയനോട് വലിയ അടുപ്പമാണെന്നും അതുകൊണ്ടാണ് അവർ പറ്റിക്കൂടുന്നതെന്നും അവൾ പറഞ്ഞു. ഇതുകൂടാതെ വല്യമ്മയുടെ മക്കളായി അഞ്ചുപേർകൂടിയുണ്ടെന്നറിഞ്ഞു അയാൾ കൊടുങ്ങല്ലൂരമ്മയെ വിളിച്ചുപോയി. അവൾ വിളകേൾക്കുന്നമട്ടിലാണ് 'ഉം എന്താണ്' എന്നു ചോദിക്കുന്നത്. മര്യാദ വിചാരിച്ചെങ്കിലും അവൾക്കിത്തിരി ലജ്ജകാണിച്ചുകൂടേ എന്നയാൾ ചിന്തിക്കുന്നു. മിലിറ്ററിയിലോ മറ്റോ പോയി ചത്തെന്ന് വിവരം കിട്ടിയ ഭർത്താവ് ജീവനോടെ തിരിച്ചുവന്നപോലെയാണ് അവൾ തന്നോടിടപെടുന്നത്. ലജ്ജയൊഴിച്ച എന്തും അവളഭിനയിക്കും. അയാൾക്കാകട്ടെ, അവൾ അല്പം ലജ്ജകാണിച്ചിരുന്നെങ്കിൽ എന്നാണ് തോന്നൽ.

എരുമപ്പാൽ സമൃദ്ധമായൊഴിച്ചുണ്ടാക്കിയ വെട്ടിയാൽ മുറിയാത്ത കാപ്പി വയർകുലുങ്ങുന്നത്ര അയാൾക്ക് കുടിക്കേണ്ടിവന്നു. വിവാഹപ്പിറ്റേന്ന് ആദ്യമായി മുഖാമുഖം കണ്ട വധൂവരന്മാർ പരസ്യമായി കലഹിക്കേണ്ടെന്നു കരുതി അവൾ പറയുന്നതെല്ലാം അയാളനുസരിച്ചു തുടർന്നു അയാൾ സിഗരറ്റുവലിക്കുന്നതുകൊണ്ടുതന്നെ കഞ്ഞിയും വെള്ളവും ചെല്ലാതെ എലുമ്പനായിട്ടുണ്ടെന്ന് അവൾ വിലയിരുത്തുകയും ചെയ്തു.

വെറും പന്ത്രണ്ടുമണിക്കൂർ മാത്രം പിന്നിട്ട ദാമ്പത്യത്തിൽ നിന്നുകൊണ്ട് അവളെടുക്കുന്ന അധികാരങ്ങൾ അയാളെ അത്ഭുതപ്പെടുത്തകയും ശുണ്ഠിപിടിപ്പിക്കുകയും ചെയ്തു. ഭർതൃശുശ്രൂഷയിൽ മതിവരാതെ മരിച്ചുപോയ ശീലാവതിയുടെ പുനരവതാരം തന്നെയായിരുക്കും തന്റെ പ്രിയപത്നി എന്നയാൾ ഉറപ്പിച്ചു. ഒരിക്കൽ കൊളുത്തിയാൽ പിന്നീട് വെള്ളമൊഴിച്ചാലും കെടാത്ത സിഗരറ്റുപോലും കെട്ടുപോയതോടെ അയാൾക്കുറപ്പായി: പാതിവ്രത്യശക്തി ബോധ്യപ്പെടുത്തിയ രണ്ടാം ശീലാവതി തന്നെ അവൾ. ജാലവിദ്യക്കാരന്റെ പാവപോലെ അയാൾ അവളെ നിർദ്ദേശങ്ങൾക്കനുസരിച്ച് പിന്തുടർന്നു. തലനിറച്ചെണ്ണയുമായി കുളിക്കാനിറങ്ങും വഴി തളത്തിൽ അവളുടെ ബന്ധുക്കളൊക്കെ വരിവരിയായി കാത്തുനിന്നിരുന്നു. തലേദിവസം അവരയാളെ നല്ലവണ്ണം കണ്ടില്ലത്രെ. ഒരു മേശയോ, സ്റ്റൂളോ വരുത്തിയാൽ അതിൽകയറി നില്ക്കാമെന്നും നിർബന്ധിച്ചാൽ താൻ നൃത്തമോ സംഗീതമോ ഒക്കെ ചെയ്യാമെന്നും അയാൾ പരിഹാസത്തോടെ പ്രതികരിച്ചു. തന്നെ കാണാൻ നിരന്നു നിൽക്കുന്നവരെ കണ്ട് മരംകോച്ചുന്ന മഞ്ഞിലും അയാൾ വിയർത്തു.

'ഒരുവിധം ഉറങ്ങി' എന്നു പറഞ്ഞതോടെ കണ്ണുമിഴിയണില്യ കമ്പിളി കൊടുത്തില്ലേ എന്നായി അമ്മാമൻ. വിവരമായി, വിസ്തരിച്ച് ഉറക്കം പറ്റിയെന്ന് അതോടെ കഥാനായകൻ സത്യം ചെയ്തു.

പല്ലുതേക്കലും കുളിക്കലുമൊക്കെ കലാപരിപാടിയായി മുന്നേറി. എല്ലാ ദിനകൃത്യങ്ങൾക്കും പത്തിരുപത് കാണികൾ. ഒരു ചൂലുണ്ടാക്കാൻ പാകത്തിൽ നാക്കുവടിക്കാനുള്ള ഈർക്കിൽ, പല്ലുതേക്കാൻ തിളച്ച ചൂടുള്ള വെള്ളം പുതിയ ചെരിപ്പിട്ടുപൊട്ടിയ കാലിൽ നിർബന്ധമായി വീണ്ടും ചെരിപ്പ് - ഇങ്ങനെ അമിത പരിഗണനയുടെ വീർപ്പുമുട്ടൽ കഥാനായകനെ പിന്തുടർന്നു. കുളിക്കാനിറങ്ങിയ വരനൊപ്പം നാലഞ്ചാളുകൾ വെള്ളത്തിൽച്ചാടി എന്ന രംഗം തമാശസൃഷ്ടിക്കുന്നു. പരിഗണനകൂടിയതോടെ ഒരുവക വാശിയിലായി വരന്റെ ദിനചര്യ. തന്റെ കാണികളെ തൃപ്തിപ്പെടുത്താൻ പാകത്തിൽ ധാരാളം ദോശയും ചട്ണിയും ഒരു കുടം കാപ്പിയും അയാൾ അകത്താക്കി. തുടർന്ന് ചാരുകസേരയിൽ ചരിഞ്ഞുകിടപ്പായ വരനെ ഇന്റർവ്യൂചെയ്യാൻ ഒരു സംഘം സ്ത്രീകളെത്തി. ജോലി, ശമ്പളം, ചെലവ്, ബാക്കി കയ്യിലിരിക്കുന്നത് എല്ലാം അവർ കൃത്യമായി അന്വേഷിച്ചു. ഉച്ചയായതോടെ ഊണുകഴിക്കുന്ന വിദ്യയും വരൻ അവർക്ക് കാണിച്ചുകൊടുക്കേണ്ടിവന്നു. പ്രേക്ഷകർ തൃപ്തരായി.

ഊണുകഴിഞ്ഞ് കൈകഴുകിതിരിഞ്ഞപ്പോൾ കറുത്തുരുണ്ട ഒരു കാരണവർ വരനെ അഭിമുഖീകരിച്ചു പ്രസംഗിക്കുന്നതുകണ്ടു. വരന്റെ മരിച്ചുപോയ വലിയമ്മാമനെ അറിയുമെന്നു പറഞ്ഞായിരുന്നു തുടക്കം. ഇടയിൽ കടന്ന് വരൻ ഒരു പ്രഭാഷണം നടത്തി. പരശുരാമനുശേഷം കേരളത്തിലുണ്ടായ സർവ്വകാരണവന്മാരെയും താനറിയും എന്ന് വരൻ ഉറപ്പിച്ചു പറഞ്ഞു. അടുത്തുള്ള പത്തുപറ പുഞ്ചക്കണ്ടത്തിൽ വെച്ച് താനൊരുപൊതുയോഗം വിളിച്ചു കൂട്ടുന്നുണ്ടെന്നും തനിക്കു പറ്റുന്ന പല്ലുതേപ്പ്, കുളി, ഊണ്, സിഗരറ്റുവലി മുതലായ ഇന്ദ്രജാലങ്ങൾ പ്രദർശിപ്പിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ഉറക്കെ പൊട്ടിച്ചിരിച്ച വരന്റെ കൂടെ കാരണവും കൂടി. 'അദ്ദേഹത്തിനു ഭ്രാന്താണ്'എന്ന പരാമർശത്തിലൂടെ കാണികളിൽ താനുണ്ടാക്കിയ ഭ്രാന്തിന്റെ പ്രതീതികൂടി വ്യക്തമാകുന്നു.

കാണികൾ സ്തബ്ധരായിരിക്കണം. വിവാഹപ്പിറ്റേന്ന് രാവിലെ ഉണർന്നതുമുതൽ താനൊരു നോട്ടപ്പുള്ളിയോ, കാഴ്ചവസ്തുവോ ആയതിലെ വരന്റെ വിപ്രതിപത്തിയത്രയും അങ്ങനെ വെളിപ്പെട്ടതോടെ അവർ പതുക്കെ ഒഴിഞ്ഞുപോയി. അതിൽപ്പിന്നെ ഭാര്യയല്ലാതെ ഭാര്യവീട്ടുകാരാരും വരനെ സമീപിച്ചിട്ടില്ല. അവർ ഭയപ്പെട്ടുപോയിരിക്കണം. അല്ലെങ്കിൽ കാരണവരെപ്പോലെ അല്പം ഭ്രാന്ത് വരനുമുണ്ടോ എന്നും സംശയിച്ചിരിക്കണം. ഏതായാലും ഈ നാടകീയത നർമ്മം സൃഷ്ടിക്കുന്നു.

തന്റെ വ്യക്തി സ്വാതന്ത്ര്യം പരിഗണിക്കാത്ത പരിചരണവും ദൈനംദിനകൃത്യങ്ങളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റവും വലിയൊരുപരിധിവരെ വരൻ സഹിക്കുന്നു. അയാളുടെ പ്രതിഷേധവും പരിഹാസവും നിറഞ്ഞ ഉത്തരങ്ങൾ വിലപ്പോകുന്നില്ല. വിവാഹപ്പിറ്റേന്നാകയാൽ പരസ്യമായ കലഹത്തിന് നിവൃത്തിയുമില്ല. കാണികളെ തൃപ്തിപ്പെടുത്തിയ അഭ്യാസങ്ങൾക്കുശേഷം, ഭ്രാന്തനായ കാരണവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുംപോലെ പെരുമാറിയ വരൻ തന്റെ പൊതുയോഗം പ്രഖ്യാപിച്ചതോടെ ശല്യങ്ങളെല്ലാമൊഴിഞ്ഞു. വരന്റെ പ്രതിഷേധം നിറഞ്ഞസഹനവും നാട്ടിൽപുറത്തെ വധൂബന്ധുക്കളുടെ ആകാംക്ഷയും ചോദ്യം ചെയ്യലുകളും കഥയിലെ നർമ്മമുഹൂർത്തങ്ങൾ സൃഷ്ടിക്കുന്നു. ജീവിത സന്ദർഭങ്ങളിൽനിന്ന് സ്വമേധയാ ഉണ്ടാവുന്ന നർമ്മമാണ് ഇവിടെ കാണാവുന്നത്.

## ലഘുചോദ്യങ്ങൾ

1. 'കൊടുങ്ങല്ലൂരമ്മേ' എന്ന് നവവരൻ അകമലിഞ്ഞു വിളിച്ചുപോയതെന്തുകൊണ്ട്?
2. ലജ്ജയൊഴിച്ച് ബാക്കിയെന്തും അവളഭിനയിക്കും - സന്ദർഭം വിശദീകരിക്കുക.
3. തന്റെ പത്നി ശീലാവതിയുടെ പുനർജ്ജന്മമാണെന്ന് വരനുതോന്നാൻ കാരണമെന്ത്?
4. 'നാലഞ്ചാളുകൾ വെള്ളത്തിൽ ചാടി. അതിന്റെ രഹസ്യം എനിക്കുമനസ്സിലായി' - എന്താണുരഹസ്യം?
5. 'പുരാതനറോമിലെ ക്രൂരവിനോദങ്ങളാണ് എനിക്കോർമ്മവന്നത്' - സന്ദർഭമേത്?

## ഉപന്യാസം

1. തന്റെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റങ്ങളെ പരമാവധിസഹിച്ച വരൻ അതിനൊരുവിരാമം സമർത്ഥമായി നിർവ്വഹിച്ചതെങ്ങനെ?
2. വി.കെ.എൻ ശൈലിയിലെ നർമ്മം

# മാധവിക്കുട്ടി (1932–2009)

'പ്രകടമാക്കാനാവാത്തസ്നേഹം നിരർത്ഥകമാണ്, പിശുക്കന്റെ ക്ലാവുപിടിച്ച നാണ്യശേഖരംപോലെ ഉപയോഗശൂന്യവും' (നീർമാതളം പൂത്തകാലം) എന്നുവിശ്വസിച്ച എഴുത്തുകാരി. സദാചാരബോധങ്ങളെ സ്നേഹത്തെ എല്ലാകോണുകളിൽ നിന്നും സമീപിക്കാൻ ശ്രമിച്ചു.

## കൃതികൾ:

കടൽ മയൂരം, ചന്ദന മരങ്ങൾ, മാനസി, എന്റെ കഥ (ആത്മകഥ), നഷ്ടപ്പെട്ട നീലാംബരി, പക്ഷിയുടെ മരണം, തെരഞ്ഞെടുത്ത ചെറുകഥകൾ

| | |
|---|---|
| ഒറ്റയടിപ്പാത<br>നീർമാതളം പൂത്തകാലം<br>ബാല്യകാലസ്മരണകൾ | } സ്മരണകൾ |
| ഈ ജീവിതംകൊണ്ട് ഇത്രമാത്രം | |
| ഡയറിക്കുറിപ്പുകൾ | കുറിപ്പുകൾ |
| ഭയം എന്റെ നിശാവസ്ത്രം | |
| കേരളസഞ്ചാരം | യാത്രാവിവരണം |

അമാവാസി (കെ.എൻ.മോഹനവർമ്മവുമായി ചേർന്ന് എഴുതിയത്.

അകമേ സ്നേഹത്തിന്റെ പാരാവാരം ഇരമ്പുമ്പോഴും അന്യരെപ്പോലെ ജീവിതം കൊണ്ടുനിർത്തിയ പ്രണയികളുടെ, തരിശുനിലമായ മനസ്സുകൾ കഥയ്ക്കു വിഷയമാകുന്നു. കുറ്റപ്പെടുത്തിയും നിന്ദിച്ചും ഒടുവിൽ കാൽക്കൽവീണുകരഞ്ഞും അവളെ സ്നേഹപാത്രമായിക്കണ്ട അയാൾ, കൈവന്ന ജീവിതത്തിന് തന്നിലെ ഏകാന്തതയ്ക്കോ സ്നേഹദാഹത്തിനോ തരിമ്പും പരിഹാരമാകാൻ കഴിഞ്ഞില്ലെന്നു കരുതി പൂർവ്വപ്രണയത്തെ വീണ്ടും സമീപിക്കുന്ന അവൾ - കഥ പേരില്ലാത്ത ഈ ഇരുവരിൽ തുടങ്ങുന്നു. വേർപിരിയലിനു ശേഷം എത്രമാത്രം ഏകാകികളായാണ് ഇരുവരും മടങ്ങുന്നത് എന്ന് ചിത്രീകരിക്കുന്നു. ശ്വാസം മുട്ടിക്കുന്ന ഏകാന്തതയെ ശ്വസിച്ച് സ്നേഹനഷ്ടത്തെ മരണമായികണ്ട് അവൾ പതുക്കെ ഒടുങ്ങുകതന്നെയാണ്.

## തരിശുനിലം

സനേഹമെന്നത് വലിയൊരു നാട്യമാവുമോ? സ്നേഹമില്ലാത്ത മനസ്സുകളുടെ തരിശുനിലംപേറി ഒടുങ്ങുന്നവർ ഒരുപാടുണ്ടാവാം. സ്നേഹത്തിന്റെ വിത്തും വിതയും കൊയ്ത്തുമില്ലാതെ ഏകാന്തതയുടെ പാഴ്നിലങ്ങളായി അവശേഷിക്കുന്നവരുടെ കണ്ടുമുട്ടലും വേർപിരിയലുമാണ് തരിശുനിലം എന്ന കഥ ആവിഷ്ക്കരിക്കുന്നത്.

എട്ടുകൊല്ലങ്ങൾക്കു ശേഷം, മുമ്പൊരിക്കൽ സ്നേഹിച്ചിരുന്നവരുടെ നാട്യത്തിൽ അയാളും അവളും കണ്ടുമുട്ടി. അവളുടെ ആവശ്യപ്രകാരമായിരുന്നു ആ സമാഗമം. ദീർഘകാലത്തെ സ്നേഹത്തിനും കണ്ടുമുട്ടലുകൾക്കുംമൊടുവിൽ ഒരിക്കൽ അയാൾ അതെല്ലാംവെറും കുട്ടിക്കളിയായിരുന്നു എന്ന് എഴുതിയതോടെ എല്ലാം അടിവരയിട്ടവസാനിച്ചു പോയിരുന്നു. സ്നേഹവാക്യങ്ങൾക്കോ പ്രകടനങ്ങൾക്കോ ശക്തിയില്ലാതെ അവൾ പതറിപ്പോയിരുന്നു. അവളുടെ ചിരിക്ക് കരച്ചിലിന്റെ ഛായയായിരുന്നു. അതുകണ്ടിട്ടും മുഖം മാറാതെ അയാൾ നിന്നു.

ഒരിക്കലും അവസാനിക്കുകയില്ലെന്നുകരുതിയ അവരുടെ പ്രേമബന്ധത്തെ നിസ്സാരമാക്കിക്കൊണ്ട് അയാൾ എന്തിനു സ്വതന്ത്രനായി എന്നവൾക്കറിയില്ല. വീണ്ടും കാണുകയില്ലെന്ന ധൈര്യത്തൊടെയുള്ള വ്രതാനുഷ്ഠാനം ഇന്നു മുടക്കുന്നത് വെറുതെ ഒന്നു കാണണമെന്നുള്ള അവളുടെ ആവശ്യപ്രകാരമാണ്. കാര്യമാത്രപ്രസക്തനായി അയാൾ ചോദിക്കുന്നു: താൻ വന്നു, ഇനി എന്തുവേണമെന്ന്. അയാൾ ഭയപ്പെടും പോലെ താൻ കരയുകയും ആവലാതിപ്പെടുകയുമില്ലെന്ന് അവൾ പറയുന്നു. എട്ടുകൊല്ലംമുമ്പേ, അവരുടെ ജീവിതത്തെ രണ്ടായി പകുത്ത ആ കത്തുകിട്ടിയപ്പോൾ കഴിച്ചതാണ് ആ കരച്ചിലത്രയും.

കടൽത്തീരത്ത് രണ്ടു ശ്മശാനക്കല്ലുകൾക്കുമീതെ അവൾ ഇരുപ്പുറപ്പിച്ചു. പ്രണയത്തിന്റെ ശ്മശാനം അവരുടെ മനസ്സിലും ഉണ്ടാകാം. തന്നോടുള്ള സ്നേഹം വെറുപ്പായി പരിണമിച്ചുവോ എന്ന അവളുടെ ചോദ്യത്തിന് മറുപടിയായി അയാൾ ക്രൂരമായി പൊട്ടിച്ചിരിക്കുന്നു. അവൾ ഭ്രാന്തുപറയുകയാണ്, പഴയപ്പോലെ അതാർക്കും മനസ്സിലാവില്ല എന്നാണ് അയാളുടെ പക്ഷം. എന്നാൽ മുട്ടുകുത്തുന്ന ആത്മാഭിമാനത്തോടെ അവൾ ആലോചിക്കുന്നത് അയാൾക്കെങ്കിലും അത് മനസ്സിലാവണമെന്നാണ്.

അവളുടെ എല്ലാഭ്രാന്തുകളും അയാൾ മനസ്സിലാക്കണമെന്ന് അവൾ ആഗ്രഹിച്ചു. നിന്ദിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുകയായിരുന്നു അയാളുടെ സ്നേഹത്തിന്റെ സ്വഭാവം. സദാ തന്നെത്തന്നെ വെറുത്തതുകൊണ്ടാവണം അവളെ വെറുക്കുവാൻ അയാൾ കാരണങ്ങൾ തേടിക്കൊണ്ടിരുന്നു. എന്നാൽ എല്ലാനിന്ദകൾക്കുമൊടുവിൽ കരഞ്ഞുകൊണ്ടിരിക്കുന്ന അവളുടെ കാല്ക്കൽവീണ് സ്നേഹംകൊണ്ട് മൂടുക അയാളുടെ പതിവായിരുന്നു.

മൃദുവായ സ്നേഹവാക്കുകൾക്ക് വേണ്ടി ദാഹിച്ചു. സൗന്ദര്യം, ധനസ്ഥിതി, മന:സ്ഥിതി എല്ലാം അവളെ വീണ്ടും വീണ്ടും ഏകാകിനിയാക്കുകളയാണ് ചെയ്തത്. അവൾ അയാൾക്കുമാത്രമേ മനസ്സിലാകൂ എന്ന്പോലും അവളൊരിക്കൽ വിശ്വസിച്ചിരുന്നു. ജോലിത്തിരക്കും മനശ്ശല്യങ്ങളുമായി നടന്നിരുന്ന രക്ഷിതാക്കൾ അവളെ മനസ്സിലാക്കിയില്ല. അവളുടെ സ്വപ്നങ്ങൾ, വിവാഹജീവിതം ഒന്നും അവർ അന്വേഷിക്കുകയോ അറിയുകയോ ചെയ്തില്ല. അകത്തുനട്ടുവളർത്തിയ ചെടിപ്പോലെ അവളുടെ ഉള്ളിലെ ഏകാന്തതവളർന്നു, പൂവിട്ടു കായ്ച്ചു. മാധവിക്കുട്ടി എഴുതുന്നു 'നനവില്ലാത്ത, പശിമയില്ലാത്ത, തീരെ ഫലപുഷ്ടിയില്ലാത്ത ഒരു തരിശുനിലംപോലെ നഗ്നമായി കിടക്കുകയായിരിക്കും അവളുടെ ഹൃദയം.' അവളുടെ മനസ്സ് ഭാഗ്യം കെട്ട സ്വന്തം ഹൃദയത്തെ ഇങ്ങനെ തിരിച്ചറിയുന്നു.

കടലിനെയും ചന്ദ്രനെയുമെല്ലാം നോക്കി അവർ പറഞ്ഞുകൊണ്ടിരുന്ന കാവ്യാത്മകവാക്യങ്ങൾ, അവരുടെ വൈകുന്നേരങ്ങൾ - ഒന്നും തിരിച്ചുവരില്ലെന്ന് അവൾ ഓർക്കുന്നു. 'നമുക്കിങ്ങനെ സ്നേഹിച്ചു കഴിയാമായിരുന്നില്ലേ' എന്ന ചോദ്യത്തിന് അയാൾ ഉത്തരം പറയുന്നില്ല. തടിച്ച ദേഹത്തോടെ കൈയിൽ വിവാഹമോതിരമണിഞ്ഞ് മറ്റൊരാളായി അയാൾ ഇരുന്നു. എല്ലാം മറക്കാൻ കഴിഞ്ഞ അയാൾ ഭാഗ്യവാനാണെന്ന് അവൾ പറയുന്നു. അയാൾ മറുപടി പറഞ്ഞില്ല. അവളുടെ നിസ്സഹായതയെക്കാൾ ഭയാനകമായ നിസ്സാഹായകതയാണ് തന്റെതെന്ന് ആ സ്നേഹത്തെ മറന്നു കഴിഞ്ഞാൽ തന്റെ ജീവിതത്തിൽ ഒരു നേട്ടമേയില്ലെന്നും ഒന്നും പറഞ്ഞില്ല. അവളുടെ സ്നേഹത്തെ മറന്നുകഴിഞ്ഞാൽ തന്റെ ജീവിതത്തിൽ നേട്ടങ്ങളൊന്നുംമില്ലെന്നും അവളോടുള്ള സ്നേഹാദികൃത്താലാണ് വേർപിരിഞ്ഞതെന്നും ഭാര്യയുടെ മുഖത്ത് താൻ സങ്കൽപ്പിക്കുന്നതും കാണുന്നതും ആ മുഖത്തെയാണെന്നും എല്ലാമായിരുന്നു അയാളുടെ മനസ്സ് പറഞ്ഞുകൊണ്ടേയിരുന്നത്. സ്നേഹിക്കുവാൻ ധൈര്യമില്ലാത്തവനാണ് താനെന്നയാൾ സമ്മതിക്കുന്നു.

അവളുടെ സ്നേഹം അയാൾക്ക് അഴികളുള്ള കൂടായിരുന്നു. അല്ലെങ്കിൽ പാഴ്ചങ്ങലയായിരുന്നു. സ്നേഹത്തിന്റെ ഏറ്റവും മനോഹരമായ കാലത്തും അയാൾ അങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. അന്നൊക്കെ, അയാളെ സംബന്ധിച്ച തന്റെ സ്നേഹത്തെക്കുറിച്ചോർത്ത് അവൾ സന്തോഷിച്ചു. ഒടുവിൽ ആ കൂടുതകർത്തു അയാൾ സ്വതന്ത്രനായി.

ഇന്ന്, അവൾ ഒരു കുറ്റസമ്മതംപോലെ പറയുന്നു - വീണ്ടും അയാളെ ബന്ധനത്തിലാക്കാനായിരുന്നു അവളുടെ ശ്രമം. അയാളുടേതും അവളുടേതുമായ ഒരു കുട്ടി എന്നവൾ സങ്കല്പിച്ചുപോയി. അതുകേട്ടെന്നുനടിക്കാതെ അവളെകൈപിടിച്ചുയാത്രയാക്കാനാണ് അയാളൊരുങ്ങിയത്. അയാളിൽ നിന്നും രണ്ടണ ബിസ്ക്കറ്റിനായിവാങ്ങി അവൾ ഇരുട്ടിൽ മറഞ്ഞു.

സ്ത്രീയുടെ നഷ്ടബോധത്തെ ഏറെ ഓർമ്മപ്പെടുത്തിയിരുന്ന കഥ പെടുന്നനെ പുരുഷനിലേക്ക് ദൃഷ്ടിപായിക്കുന്നു. അവൾ മറയുന്നതുനോക്കി അയാൾ നിശ്ശബ്ദനായി കരഞ്ഞു. ദർശനംതന്നതിനു ശേഷം അപ്രത്യക്ഷയാവുന്ന ദേവതയെപ്പൊലെ അവൾ മറയുകയാണ്. ദു:ഖത്തിന്റെയും ഏകാന്തതയുടെയും മുഴക്കമുള്ള ആ കരിങ്കൽക്ഷേത്രത്തിലേക്ക് മറയും മുമ്പെ അവളെ തിരിച്ചുവിളിച്ച് ആ കാൽ വിരലുകളിൽ ചുംബിച്ച് കരയാൻ അയാൾ ആഗ്രഹിച്ചു. നടന്നകന്ന അവൾ ഇരുട്ടുമൂടുന്ന ദൃശ്യത്തിലേക്ക് ദാഹിക്കുന്ന കണ്ണുകളോടെ പിന്തിരിഞ്ഞു നോക്കുന്നു; അയാളെ ഒരിക്കൽക്കൂടി കാണാൻ.

അവളുടെ മുറിയിൽ, മനസ്സിൽ വളർന്നു വലുതായ ഏകാന്തതയുടെ കാട്ടുമരം വളർന്ന് തട്ടിനോളം ഉയർന്നതും രാത്രിയുടെ വിഷവായുവിൽ ശ്വസോച്ഛ്വാസം ചെയ്തതും കേട്ടുകിടന്ന് മരണത്തിലേക്ക് ഇഞ്ചിഞ്ചായി അവൾ കടന്നുചെന്നു.

മുൻധാരണകളോ സമൂഷത്തിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ ഇടപെടലുകളോ കാരണം അകന്നുപോകുന്ന ഹൃദയങ്ങളുടെ അനാഥത്വവും സ്നേഹദാഹവുമാണ് കഥയ്ക്ക് വിഷയമാകുന്നത്. സ്ത്രീ ലജ്ജവിട്ട് അതുപ്രകടമാക്കുന്നു; സ്നേഹം ധൈര്യമെന്നു കുരുതുന്നവളും അതിന്റെ മുമ്പിൽ ആത്മാഭിമാനം പോലും അടിയറവെയ്ക്കുന്നവളുമാണ് ഈ കഥാപാത്രം. പുരുഷനും തുല്യമായോ അതിലധികമോ നിസ്സഹായത പങ്കിടുന്നുവെങ്കിലും അയാളതു സമർത്ഥമായി മൂടിവെയ്ക്കുന്നു. ലോകത്തിന്റെ കാഴ്ചയ്ക്കു മുമ്പിൽ മാന്യനും സ്നേഹവിഷയത്തിൽ ഉദാസീനനുമായി നിലകൊള്ളുന്നു. എന്നാൽ സ്നേഹത്തിന്റെ മനോഹാരിത നഷ്ടപ്പെടുന്നതോടെ ഇരുവരുടെയും ഹൃദയങ്ങൾ തരിശുനിലങ്ങളായിപ്പോയിരിക്കുന്നു. ജീവിതം, തീവ്രസ്നേഹംതന്നെയായിക്കരുതിയ അവൾ സ്നേഹരാഹിത്യമെന്ന മരണത്തിലേക്ക് അപ്രത്യക്ഷയാകുന്നു.

## ലഘുചോദ്യങ്ങൾ

1. 'നിങ്ങൾക്കും മനസ്സിലാവില്ലേ?' എന്ന് അവൾ ചോദിക്കാനിടയായ സാഹചര്യം.

2. തരിശുനിലത്തിലെ സ്ത്രീകഥാപാത്രത്തെ മറ്റുള്ളവരിൽ നിന്നും അകറ്റി ഏകയാക്കി നിർത്തിയിരുന്ന ഘടകങ്ങൾ.

3. 'ആരും അവളോടു ചോദിച്ചില്ല. അവൾക്കു സന്തോഷമുണ്ടോ എന്ന്' - വിശദീകരിക്കുക

4. 'ദർശനം തന്നതിനുശേഷം അപ്രത്യക്ഷയാവുന്ന ഒരു ദൈവത്തെപ്പോലെ അവൾ മറയുകയാണ്' - കഥാപാത്രത്തിന്റെ മനോഗതി വിശകലനം ചെയ്യുക.

## ഉപന്യാസം

'നനവില്ലാത്ത, പശിമയില്ലാത്ത തീരെ ഫലപുഷ്ടിയില്ലാത്ത ഒരു തരിശുനിലംപോലെ നഗ്നമായി കിടക്കുകയായിരിക്കും അവളുടെ ഹൃദയം' - 'തരിശു നിലത്തിലെ നായികയുടെ ഈ ദയനീയമായ ഏകാന്തജീവിതം കഥയിൽ എത്രത്തോള് പ്രതിഫലിക്കുന്നു എന്നു വിശദീകരിക്കുക.

# എം. മുകുന്ദൻ (1942– )

നവീനചെറുകഥയെ സമ്പന്നമാക്കിയ തലമുറയുടെ പ്രതിനിധി. അദമ്യവും തീവ്രവുമായ ജീവിതതൃഷ്ണകൾ കൊണ്ടുനടക്കുന്ന യുവാക്കളാണ് മുകുന്ദന്റെ മിക്ക മുഖ്യകഥാപാത്രങ്ങളും. ആധുവനികാനന്തരരചനകുളുടെ സവിശേഷതകൾ കൂടി ഉൾക്കൊണ്ട കൃതികൾ.

## കൃതികൾ

കേശവന്റെ വിലാപങ്ങൾ

നൃത്തം

ദൽഹി

മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

ആവിലായിലെ സൂര്യോദയം

ഈ ലോകം അതിലൊരുമനുഷ്യനും

കൂട്ടം തെറ്റിമേയുന്നവർ

ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു

സീത

രാവും പകലും

കിളിവന്നു വിളിച്ചപ്പോൾ

നഗ്നനായ തമ്പുരാൻ

ദൈവത്തിന്റെ വികൃതികൾ

ആദിത്യതും രാധയും മറ്റുചിലരും

ഒരു ദളിത് യുവതിയുടെ കദനകഥ

കുടുംബജീവിതത്തിനോ മാനവികതയ്ക്കോയാതൊരു മൂല്യവും കല്പിക്കാതെ അതിസാധാരണമായി അതിക്രമങ്ങൾ പെരുകുന്നതിന്റെ നേർക്കാഴ്ചയാണ് ഡൽഹി 1981. മോഷണത്തിനും അതിക്രമങ്ങൾക്കും ശിക്ഷകാലം ഹ്രസ്വമാണ്. കുറ്റങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്നു എന്നതിനെക്കാളേറെ അവ. ഒരു ജനൽകാഴ്ചയോ ചലച്ചിത്രമോപോലെ ആസ്വദിക്കപ്പെടുന്നു എന്നതാണ് കഥ ആവിഷ്ക്കരിക്കുന്ന ആഘാത തുല്യമായ അനുഭവം എൺപതുകളിലെ ഈ കഥാദൃശ്യം എത്രയോ മടങ്ങായി പെരുകിയിരിക്കുന്നുവെന്ന് കഥയും ജീവിതവും ഇന്നും സാക്ഷ്യപ്പെടുത്തുന്നു.

## ദൽഹി 1981

മൈതാനത്തുകൂടി നടന്നുപോകുന്ന ഒരു സംതൃപ്തകുടുംബം അക്രമിക്കപ്പെടുന്നതു വളരെ താല്പര്യത്തോടെ കണ്ടുരസിക്കുന്ന രാജീന്ദർപാണ്ഡെ, കിശോർലാൽ എന്നിവരുടെ ജനൽക്കാഴ്ചകളിലൂടെയാണ് കഥ ആരംഭിക്കുന്നത്. സ്ഥലത്തെ പ്രധാന തെമ്മാടികളായ രഘുവീറും നാനക്ചന്ദും പിടിച്ചുപറിക്കും സ്ത്രീകളെ ശല്യപ്പെടുത്തുന്നതിനും പലതവണ ജയിലിൽ കിടന്നവരാണ്. താഴെ അവരൊരുമിച്ച് പുകവലിച്ചുകൊണ്ടെട്ടുകല്ലിലിരിക്കുന്നത് പാണ്ഡെ ശ്രദ്ധിക്കുന്നു. മഞ്ഞസാരിയുടുത്ത സുന്ദരിയായ യുവതിയും ചെറുപ്പക്കാരനും കുഞ്ഞുമടങ്ങുന്ന കുടുംബം പതുക്കെ ദൃഷ്ടിയിൽതെളിയുന്നതോടെ താഴെ വെട്ടുകല്ലിലിരുന്ന രഘുവിനും നാനക്ചന്ദും എന്തൊക്കെയോ പദ്ധതിയിടുന്നു. രണ്ടാം നിലയിലെ ജനലരികിലിരുന്ന പാണ്ഡെ അതേമുറിയിലെ താമസക്കാരനായി കിശോർലാലിനെക്കൂടി കാഴ്ചകാണാൻ പിചിക്കുന്നു. തുരുതുരെ സിഗരറ്റുവലിച്ചുകൊണ്ട് ഒരു സിനിമകാണുന്ന ഉദ്വേഗത്തോടെ അവർ താഴേക്ക് ശ്രദ്ധിക്കുന്നു. മൈതാനം ഒഴിഞ്ഞു കിടക്കുകയാണ്. അടുത്തുള്ള തകർന്ന ശവകുടീരത്തിലെ പ്രാവുകൾപോലും നിശ്ശബ്ദരാണ്. തിളയ്ക്കുന്ന വെയിലിൽ തലമൂടിവരുന്ന യുവതിയുടെ മഞ്ഞസാരി പിടിച്ചുനീക്കി നാനക്ചന്ദ് അവളുടെ മുഖം കണ്ടു. കയ്യിൽ കുഞ്ഞുള്ള ചെറുപ്പക്കാരൻ ക്ഷമ നശിച്ചുവെങ്കിലും തൽക്കാലത്തെ നിസ്സഹായത ബോദ്ധ്യപ്പെട്ട് അയാൾ ആവുന്നത്രമയത്തിൽ തങ്ങളെ പോകാനനുവദിക്കാൻ അപേക്ഷിച്ചു. തടഞ്ഞ രഘുവീറിനെ അയാൾ പ്രഹരിച്ചു. അതോടെ നാനക്ചന്ദ് കത്തിവലിച്ചൂരി. രഘുവീർ വലിയൊരു കരിങ്കല്ല് ചെറുപ്പകാരന്റെ തലയ്ക്കുമുകളിൽ ഉയർത്തിപ്പിടിച്ചു നില്പായി. യുവതി ആകെ തളർന്നു.

മൈതാനത്തിന്റെ അറ്റത്ത് പ്രത്യക്ഷപ്പെട്ട മദ്ധ്യവയസ്കുകഴിഞ്ഞ മാന്യൻ യുവതിയുടെ നിലവിളികേട്ട് ഓടിവരാൻ ശ്രമിച്ചുവെങ്കിലും രഘുവീറിന്റെ കയ്യിലെ ഓങ്ങിയ കരിങ്കല്ലും നാനക്ചന്ദിന്റെ കത്തിയും കണ്ട് പിന്മാറി. ഭാരിച്ച ശരീരവും ബ്രീഫ് കേസുമായി ഓടിമറയുന്ന അയാളെകണ്ട് ജനലരികിൽ കാഴ്ച കാണുന്ന പാണ്ഡെയും കിശോർലാലും തലയറഞ്ഞു ചിരിച്ചു.

മൂർദ്ധാവിൽ കരിങ്കല്ലുകൊണ്ടടിയേറ്റ ചെറുപ്പക്കാരൻ വീണു. അയാളുടെ അരികിലിരുന്നുകരയുന്ന ചെറുപ്പക്കാരിയെ ബലമായി എഴുന്നേല്പിച്ച് നാനക്ചന്ദും രഘുവീറും ശവകുടീരത്തിലേക്ക് നയിച്ചു. നിലവിളിക്കുന്ന കൈക്കുഞ്ഞിന്റെ വായിൽ അവർ തൂവാലതിരുകി. കുതറി ഓടുന്ന യുവതിയെ അവർ കബറിലേക്കെത്തിച്ചു 'ആരായിരിക്കും ആദ്യം' എന്നതാണ് കിശോർലാലും പാണ്ഡയും ആകാംക്ഷയോടെ ചർച്ചചെയ്യുന്നത്.

ആ നിമിഷം രാജീന്ദർപാണ്ഡെയുടെ മുറി ഒരു വൻനഗരമായി രൂപാന്തരപ്പെടുന്നു എന്ന് കഥാകൃത്ത എഴുതുന്നു. മാനം മുട്ടുന്ന കെട്ടിടങ്ങൾക്കിടയിൽ രാജീന്ദർപാണ്ഡെയും കിശോർലാലും അമ്പത്തഞ്ചുലക്ഷം വരുന്ന വലിയ ജനതയായിമാറുന്നു. വേദികളിലെ ഹർഷാരവങ്ങൾക്കിടയിൽ നേതാക്കളുടെ പ്രസംഗങ്ങളും കോഫീഹൗസുകളിൽ ബുദ്ധിജീവികളുടെ തർക്കങ്ങളും മുഴങ്ങിക്കേൾക്കാം. നഗരത്തിലെ അമ്പത്തഞ്ചു ലക്ഷം ജനങ്ങൾ കാഴ്ചകാണുകയാണ്. സ്വൈരജീവിതം തകർക്കപ്പെടുന്നതും സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുന്നതും കുഞ്ഞുങ്ങൾ നിശ്ശബ്ദരാക്കപ്പെടുന്നതും തമാശക്കഥപോലെ കണ്ട് ഒരു ജനത ജീവിക്കുന്നു. എൺപതുകളിലെ ഈ ദൽഹിച്ചിത്രം പിന്നീട് ഇന്ത്യയാകമാനം വ്യാപിക്കുന്നതായി നാം കാണുന്നു. തെരുവുകളിൽ അപമാനിക്കപ്പെടുന്ന സ്ത്രീത്വം മറ്റെന്നത്തെക്കാളും ഭീഷണമായ പ്രശ്നമായി വളർന്നത് നാം പത്രവാർത്തകളിൽ വായിക്കുന്നു. ഓരോ പെൺകുഞ്ഞും വളർന്നുവലുതാവുന്നത് ഈ തെമ്മാടിത്തത്തിന്റെ മുൾമുനയെ ഭയപ്പെട്ടുകൊണ്ടാണ്. രക്ഷിക്കാൻ സന്മനസ്സവശേഷിച്ചവർ, മൈതാനത്തു പ്രത്യക്ഷപ്പെട്ട മാന്യനെപ്പോലെ ഭീഷണികളാൽ പതറിമാറേണ്ടിവരുന്നു. നേതാക്കളോ ബുദ്ധിജീവികളോ സാധാരണ ജനജീവിതത്തിന്റെ ദുരന്തങ്ങളിലേക്ക് എത്തുന്നില്ല. കബറിന്റെ ഇരുളിൽ നിന്ന് പറന്നുവന്ന ഒരു കൊച്ചരിപ്രാവ് തന്റെ ഇളം കൊക്കുകൊണ്ട് നാനക്ചന്ദിന്റെ മൂർദ്ധാവിൽ കൊത്തുന്നതായി കഥാകൃത്ത് ചിത്രീകരിക്കുന്നു. കടുത്ത അനീതിയുടെ നേർക്കുള്ള ദുർബ്ബലമായൊരു പ്രതിഷേധമാണിത്; അവശേഷിച്ച നന്മയുടെ പ്രതിരോധവും. പ്രകൃതിയിൽ നിന്നെങ്കിലും അങ്ങനെ ഒന്നുയരാതെവയ്യ എന്ന് കഥാകൃത്ത് ചിന്തിക്കുന്നു.

## ലഘുചോദ്യങ്ങൾ

1. ജനലരികിൽ നിൽക്കുന്ന പാണ്ഡെയും കിശോറും തലയറഞ്ഞു ചിരിച്ചതെന്തിന്?
2. 'ഒരു ഈസ്റ്റ്മാൻ സിനിമാസ്കോപ്പുചിത്രം കാണുന്നതുപോലെ അവർ മൈതാനിയിൽ നോക്കിനിന്നു' സന്ദർഭമേത്?

## ഉപന്യാസം

1. 'ആ നിമിഷം രാജീന്ദർപാണ്ഡെയുടെ മുറി ഒരുവൻ നഗരമായി രൂപാന്തരപ്പെടുന്നന്നു-ജനതയുടെ നിഷ്ക്രിയത്വം കഥയിലെ ഈ സങ്കല്പത്തിൽ എത്രത്തോളമെന്ന് വിശദീകരിക്കുക.
2. 'ദൽഹി 1981' എന്ന കഥയുടെ സമകാലികപ്രസക്തി പരിശോധിക്കുക.

# വള്ളത്തോൾ നാരായണമേനോൻ (1878–1958)

കാല്പനികഭാവാന്തരീക്ഷവും ആർഷപൗരാണിക സംസ്കാരത്തിന്റെ ധന്യതകളും കവിതയിൽ സമ്മേളിച്ചു. ദേശീയതയും സ്വാതന്ത്ര്യബോധവും ആ കവിത സ്വാഭാവികമായി ഉൾക്കൊണ്ടു. ആലസ്യത്തിലാണ്ടു കിടന്ന ജനതയെ കർമ്മോത്സാഹത്തിലേക്കും സ്വഭാഷ, സ്വദേശം എന്നിവയെച്ചൊല്ലിയുള്ള ഉന്നതബോധത്തിലേക്കും വള്ളത്തോൾക്കവിതനയിച്ചു.

## മുഖ്യകൃതികൾ

വാല്മികിരാമായണം (വിവർത്തനം), ബധിരവിലാപം ചിത്രയോഗം (മഹാകാവ്യം), ദണ്ഡകാരണ്യം, ഗണപതി, ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും, സാഹിത്യമഞ്ജരി 11 ഭാഗങ്ങൾ, മഗ്ദലനമറിയം, അച്ഛനും മകളും, കൊച്ചുസീത്, ബാപ്പുജി, സ്വപ്നവാസവദത്തം (വിവർത്തനം) അഭിജ്ഞാന ശാകുന്തളം (വിവർത്തനം) ഋഗ്വേദസംഹിത (വിവർത്തനം).

1931 ൽ കേരളകലാമണ്ഡലം സ്ഥാപിച്ചു.

എന്റെ ഗുരുനാഥൻ, ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി, കിളിക്കൊഞ്ചൽ, ഒരുതോണിയാത്ര, മാതൃവന്ദനം, കർമ്മഭൂമിയുടെ പിഞ്ചുകാൽ തുടങ്ങി പ്രശസ്തമായ ഒട്ടനേകം കവിതകൾ

പുരാണസന്ദർഭങ്ങൾക്ക് വള്ളത്തോൾ ഉണ്ടാക്കി മിഴിവ് അന്യാദൃസമാണ്. നാടകീയതകൊണ്ടും കഥാപാത്രങ്ങളുടെ സവിശേഷ വ്യക്തിത്വംകൊണ്ടും ശിഷ്യനും മകനും, അച്ഛനും മകളും, ബന്ധനസ്ഥനായ അനിരുദ്ധൻ എന്നീകൃതികൾ നിരുപക ശ്രദ്ധ പിടിച്ചുപറ്റിയവയായിരുന്നു.

മാതാവിനോടെന്നപോലെ മാതൃഭാഷയോടും മനുഷ്യന് നിറഞ്ഞകടപ്പാടുണ്ട്. അമ്മിഞ്ഞപ്പാലുനുകർന്ന ചുണ്ടുകൊണ്ട് നാം ആദ്യക്ഷരങ്ങളെയും രുചിക്കുന്നു. കരുത്തോടെ വളുരുവാൻ മുലപ്പലെന്നപോലെ മാതൃഭാഷയും തുണയാവുന്നു. വളർന്ന് അന്യഭാഷകളഭ്യസിച്ചാലും നമുക്ക് മാതൃഭാഷയാണ് പെറ്റമ്മ. അന്യഭാഷകൾ വളർത്തമ്മമാർ മാത്രം. മറ്റുഭാഷകളിലെ സമ്പത്ത് നേടിയെടുക്കുന്നവർ അത് കേരളിയർക്കു വേണ്ടി വിനിയോഗിണ്ടേതാണ്. നമ്മുടെ ഭാഷയുടെ തറവാട്ടിലെ സ്വത്തും വിജ്ഞാനസമ്പത്തും വർദ്ധിപ്പിച്ച് കൃതാർത്ഥരാവാനും മാതൃഭാഷയുടെ കാൽക്കൽ കുമ്പിടുവാനും എന്റെ ഭാഷ നിർദ്ദേശിക്കുന്നു.

## എന്റെ ഭാഷ

1. തൊട്ടടുത്തുള്ള മഹാസമുദ്രത്തിന്റെ ഗാംഭീര്യമാർന്ന ശൈലിയും സഹ്യപർവ്വതത്തിന്റെ അടിയുറപ്പും ഗോകർണ്ണക്ഷേത്ത്രിന്റെ നിർവൃതിദായകത്വവും കന്യാകുമാരിയുടെ പ്രസന്നതയും കേരളത്തിന് ഗംഗമായ പേരാറിന്റെ വിശുദ്ധിയും ഇളനീരിന്റെ മാധുര്യവും ചന്ദനം, ഏലം തുടങ്ങിയ ദ്രവ്യങ്ങളുടെ സൗരഭ്യവും സംസ്കൃതഭാഷയും ഓജസ്സും തമിഴിന്റെ സൗന്ദര്യവും ഒത്തുചേർന്ന ഭാഷയാണ് മലയാളം. അഭിമാനമേ മദിച്ചുകൊള്ളുക.

ഗാംഭീര്യമാർന്ന ശൈലി, ദൃഡമായ വ്യാകരണവ്യവസ്ഥ, ഭാവഭംഗി, വിശുദ്ധി, മാധുര്യം, സൗരഭ്യം, ഓജസ്സ് എന്നീ ഗുണങ്ങളെല്ലാം തികഞ്ഞതാണ് മലയാളം. അഭിമാനിക്കുവാൻ നമുക്ക് മറ്റെന്താണുവേണ്ടത്! മലയാളനാടിന്റെ അതിർത്തികളുടെ സവിശേഷതകളും പ്രകൃതിഭംഗിയും സമ്പത്തും സമ്പർക്കഭാഷകളുടെ സ്വാധീനവുമെല്ലാം സൽഗുണങ്ങളായി ഭാഷയിൽ ഒത്തുചേർന്നിട്ടുണ്ട് എന്നതിൽ നമുക്കഭിമാനിക്കാം.

2. സംസാരിച്ചുതുടങ്ങാൻ ശ്രമിക്കുന്ന ഇളംചുണ്ടുകളിൽ അമ്മിഞ്ഞപ്പാലോടൊപ്പം 'അമ്മ' എന്ന രണ്ടക്ഷരമാണ് ആദ്യമായി സമ്മേളിക്കുന്നത്, എത്ര മഹത്താണ് ആ മാതൃഭാഷാപദം! ആ അമ്മയുടെ സ്ഥാനംതന്നെയാണ് മാതൃഭാഷയ്ക്കുമുള്ളത്. മറ്റഭാഷകൾ മനുഷ്യന് വളർത്തമ്മമാരാണ്. പെറ്റമ്മ മാതൃഭാഷതന്നെ. മാതാവിന്റെ വാത്സല്യമാകുന്ന പാൽ നുകർന്നാലേ പൈതങ്ങൾ പൂർണ്ണവളർച്ചനേടുകയുള്ളൂ. അമ്മ തന്നെ പകർന്നുതന്നാലേ നമുന്ന് സാക്ഷാൽ അമൃതും അമൃതായിത്തോന്നുകയുള്ളൂ.

'അമ്മ' എന്ന വാക്കിൽ നിന്നാണ് ഓരോ പിഞ്ചുകുഞ്ഞിന്റെയും ഭാഷണത്തിന്റെ തുടക്കം. മാതൃഭാഷ മാതാവിനും തുല്യയാണ്. മറ്റേതും ഭാഷകളഭ്യസിച്ചാലും അവയ്ക്ക് വളർത്തമ്മമാരുടെ സ്ഥാനമേയുള്ളൂ. അമൃതും അതായിതോന്നണമെങ്കിൽ അമ്മ പകർന്നുതരണം. ഏതനുഭവവും ഹൃദ്യമായി ഉൾക്കൊള്ളണമെങ്കിൽ മാതൃഭാഷയിൽ കേൾക്കണം. മാതൃഭാഷനുകർന്നവർക്കേ കരുത്തോടെ വളരാനാകൂ.

3. വേദശാസ്ത്രങ്ങളായാലും കാവ്യമായാലും അവ ഹൃദയത്തിൽ പതിയണമെങ്കിൽ മാതൃഭാഷയുടെ മുഖത്തുനിന്നുതന്നെ കേൾക്കണം. മാതൃഭാഷയുടെ ഓരോ പദവും ഈണവും ഉൾപ്പൂവിൽ തേനായിച്ചേരുന്നു. മറ്റുഭാഷാപദങ്ങൾ മനസ്സാകുന്ന പൂവിന്റെ ഇതളുകളിലെ മിന്നിനിൽക്കുന്ന മഞ്ഞുതുള്ളികൾ മാത്രമാണ്. മനസ്സ് ഒരു പൂപോലെ വിരിയുമ്പോൾ ഉള്ളിൽ തേനായിനിറയുന്നത് മാതൃഭാഷയും അതിന്റെ സംസ്കാരവുമാണ്. മറ്റു ഭാഷാപദങ്ങൾ ആ പൂവിന്റെ പുറത്തുപതിഞ്ഞ മനോഹാരിതകളേ ആവുകയുള്ളൂ.

4. രാമായണമഹാഭാരതങ്ങളും നിതിശാസ്ത്രവും ഉപനിഷത്തുമെല്ലാം സ്വന്തം നാട്ടുകാരെ പാടിക്കേൾപ്പിച്ച മലയാളഭാഷ അസമർത്ഥയാണെന്ന് ആരാണുപറയുക? കാമ്പുറ്റ ഇതിഹാസങ്ങളും ഉപനിഷത്തുകളും മലയാളഭാഷ അർത്ഥമുൾക്കൊണ്ട് ആവിഷ്ക്കരിച്ചു. മലയാളത്തിന് അത്രയ്ക്കൊന്നും ശേഷിയില്ല എന്നു കരുതന്നവർ ഇതോർക്കേണ്ടതാണ്.

5. നാനാവിചിന്തനങ്ങളുടെ നൂലുകൾ (മഹദ് ഗ്രന്ഥങ്ങൾ) കൊണ്ട് സ്വഭാഷയ്ക്ക് നിറവുനല്കാത്ത പക്ഷം അജ്ഞതയുടെ ഇരുൾക്കുണ്ടിൽ നിന്ന് കയറാൻ നമുക്ക് വേയെയെന്താണ് ആശ്രയം? ഭാഷ വികസിക്കണമെങ്കിൽ ലോകത്തെപ്രശസ്തമായ രചനകളും വിചിന്തനങ്ങളുമെല്ലാം പകർന്നു കിട്ടിയിരിക്കണം, ഭാഷ വിസിച്ചാലേ ജനങ്ങൾക്കും അഭിവൃദ്ധിയുള്ളൂ.

കരുത്തും വിശാലതയും പ്രചാരവുമില്ലാത്ത ഭാഷസംസാരിക്കുന്നവരും അതുപോലെ അശക്തരും അപ്രശസ്തരുമായിരിക്കും. ഭാഷയുടെ കുരത്തും പ്രചാരവും പ്രശസ്തിയുമെല്ലാം അതു സംസാരിക്കുന്ന വരുടേതുകൂടിയാണ്.

6. ദേവഭാഷയായ സംസ്കൃതം നമ്മുടെ മലയാളത്തിന് പണ്ടേ ഉറ്റതോഴിയാണ്. മറ്റുപ്രദേശങ്ങളിൽ പോയി വിദ്യാധനം നേടിയവരായി എത്രയോ നല്ല മക്കൾ കൈരളിയ്ക്കുണ്ട്. എന്നിട്ടും നമ്മുടെ ഭാഷ ദരിദ്രയാണെന്ന് എങ്ങനെ പറയാൻ കഴിയും? സംസകൃതഭാഷയുടെ ഉറ്റ സൗഹൃദവും വിദേശഭാഷകളുടെ സമ്പർക്കവും നമ്മുടെ ഭാഷയെ വളർത്താൻ പര്യാപ്തമാണ് എന്നിരിക്കെ മലയാളം ദരിദ്രയാണെന്ന് പറയാനാവില്ല.

7. അന്യഭാഷാസമുദ്രത്തിൽ ആണ്ടുമുങ്ങി ധന്യരായ മലയാളികൾ അരുകൊണ്ടുമാത്രം ഔന്നത്യമാർജ്ജിക്കുന്നില്ല. കഷ്ടപ്പെട്ടുനേടിയ രത്നതുല്യമായ അറിവുകൾ അമ്മയായ മലയാളത്തിന് സമർപ്പിക്കേണ്ടതുണ്ട്. സൽഗ്രന്ഥപാരായണത്തിനായുള്ള സ്വന്തം കുഞ്ഞുങ്ങളുടെ വിശപ്പ് ശമിപ്പിക്കാൻ നിവൃത്തിയില്ലാതെ ദു:ഖിക്കുന്ന ദരിദ്രയാണ് നമ്മുടെ ഭാഷ ഇന്നും. അന്യഭാഷപാണ്ഡിത്യമുള്ളവർ നേടിയ വിജ്ഞാനം മാതൃഭാഷയ്ക്ക് പകർന്നു നൽകി സ്വസഹോദരങ്ങൾക്ക് ഉതകേണ്ടതുണ്ട്. അപ്പോഴേ ഭാഷ മക്കളുടെ ജ്ഞാനദാഹമകറ്റാൻ കഴിയുന്ന ധന്യമാതാവാവുകയുള്ളൂ.

8. മാതൃഭാഷയോടുള്ള പുത്രധർമ്മം മറക്കുന്നത് ലജ്ജാകരവും ദു:ഖകരവുമാണ്. അമ്മയുടെ പാദദാസ്യം നിർവ്വഹിക്കുന്നവനേ അഭ്യുന്നതി കൈവരൂ. സ്വഭാഷയുടെ കാൽക്കൽകുനിയുന്നവനേ തലപൊക്കിനില്ക്കാനാകൂ. സ്വഭാഷയുടെ തറവാട്ടിൽ സ്വത്തവളർത്താനാണ് മലയാളികൾ ബുദ്ധപാർവ്വം ശ്രമിക്കേണ്ടത്. നെറ്റിവിയർപ്പിനാൽ ആലസ്യത്തിന് ഉദകക്രിയ ചെയ്യണം. (ഭാഷയുടെ തറവാട്ടുസ്വത്ത് പൊലിപ്പിക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്നവരായിരിക്കണം മലയാളികൾ).

9. എറെ പറയേണ്ടതില്ല. പാണ്ഡിത്യഭിക്ഷയ്ക്കായി കൈരളിയുടെ വീട്ടുമുറ്റത്തെത്തുന്നവൾ ഇനി ഭാണ്ഡം നിറച്ചുമാത്രമേ യാത്രയാവുകയുള്ളൂ. ഉദാരതയ്ക്ക് പ്രശസ്തരാണല്ലോ കേരളീയർ.

മലയാളഭാഷയുടെ സമ്പന്നത വർദ്ധിച്ചുകൊണ്ടേയിരുക്കണം. അറിവിന്റെ ഭിക്ഷയ്ക്കായി വരുന്നവർ സമ്പന്നരായി തിരിച്ചുപോകും മട്ടിൽ ഇവിടെ ജ്ഞാനസമ്പത്ത് സമൃദ്ധമാകണം എന്ന് കവി സങ്കല്പിക്കുന്നു.

## ചോദ്യങ്ങൾ, ലഘൂപന്യാസമാതൃക/ഖണ്ഡികാരൂപത്തിലുള്ള ഉത്തരങ്ങൾ

1. 'മത്താടിക്കൊൾകഭിമാനമേ നീ' - കവി ഇങ്ങനെ പറയുന്നതെന്തുകൊണ്ട്?
2. മറ്റുള്ള ഭാഷകൾ കേവലംധാത്രിമാർ
   മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ - വിശദീകരിക്കുക
3. അന്യബിന്ദുക്കളോ, തൽ ബഹിർഭാഗമേ
   മിന്നിച്ചുനിൽക്കുന്ന തൂമുത്തുകൾ - ആശയം വിശദമാക്കുക
4. കേരളത്തിന് ഇരുൾക്കുണ്ടിൽ നിന്ന് കയറാനുള്ള പിടിക്കയർ എന്താണെന്നാണ് കവി സങ്കല്പിക്കുന്നത്?
5. 'ആലസ്യത്തിന്നു നിവാപാംബുനൽകുവിൽ ഫാലത്തിലോലും വിയർപ്പിനാലേ'-ആശയം വിശദമാക്കുക.

## ഉപന്യാസമാതൃക

1. സ്വഭാഷയുടെ മഹത്വവും ചാരുതയും ഉദബോധിപ്പിച്ച് ഭാഷയെ വളർത്തുവാൻ ആഹ്വാനം ചെയ്യുന്ന കവിതയാണ് 'എന്റെ ഭാഷ' - വിശദീകരിക്കുക.

# വൈലോപ്പിള്ളി ശ്രീധരമേനോൻ (1911–1985)

'സ്വസ്ഥിതിയുടെ മറുപുറമന്വേഷിക്കുന്ന ദർശനം കവിതയ്ക്ക് സവിശേഷമായ പക്വതനൽകുന്നു. പ്രകൃതിയിലെ അതിരറ്റവാത്സല്യം അന്ധമായ ക്രൂരതയും കവി ഒരുമിച്ചുകാണുന്നു. സൗന്ദര്യവും വൈരൂപ്യവും ഒരുമിച്ചുകാണാവുന്ന സമദർശനം വൈലോപ്പിള്ളിക്കവിതയുടെ സവിശേഷതയാണ്. കയറുകൊണ്ട് ഉയിരിനുകൊലക്കുടുക്കുണ്ടാക്കാം, ഊഞ്ഞാലുമുണ്ടാക്കാം. രണ്ടാമത്തേതാണ് ജയം. ദുസ്സ്വപ്നംപോലെ യുദ്ധവും ക്ഷാമവും കണ്ണീരും ജീവിതത്തെ ദുരിതമയമാക്കി കടന്നുവന്നാലും തിരുവാതിരത്താരം പിന്നെയും വരും. മാവുകൾ പൂക്കും. ജീവിതമധുമാസം വാർദ്ധക്യത്തിനുപോലും തിരിച്ചുകിട്ടും. മനുഷ്യർ പരസ്പരം സ്നേഹിക്കുകയും വിഹരിക്കുകയും ചെയ്യുമെന്ന ശുഭാപ്തിവിശ്വാസം കവിതയിൽ പ്രകടമാകുന്നു.

## കൃതികൾ

കന്നിക്കൊയ്ത്ത്

ശ്രീരേഖ

കുടിയൊഴിക്കൽ

ഓണപ്പാട്ടുകാർ

കുന്നിമണികൾ

വിത്തും കൈക്കോടും

കടൽക്കാക്കകൾ

കയ്പവല്ലരി

വിട

മകരക്കൊയ്ത്ത്

മിന്നാമിന്നി

പച്ചക്കുതിര

മുകുളമാല

## കാവ്യനാടകങ്ങൾ

ഋശ്യശൃംഗൻ

അലക്സാണ്ടർ

## ഊഞ്ഞാലിൽ

'ഒരു വെറ്റില നൂറുതേച്ചുതരിക; താംബൂലപ്രിയയാണല്ലോ ഈ തിരുവാതിര രാത്രി. മഞ്ഞുകൊണ്ട് തണുത്തുചൂളിപ്പോയാലും ഈ ഭൂമി മധുരമായി ചിരിക്കുന്നു. വാർദ്ധക്യത്തിലെത്തിയ നമ്മളും ചിരിക്കുക. മാമ്പൂമണമേല്ക്കെ ഓർമ്മകൾ മുരണ്ടുണരുന്നു. നാം വീണ്ടും ജീവിതമധുരമായ യൗവനത്തിലെത്തിച്ചേരുകയാണ്.

മുപ്പതുകൊല്ലങ്ങൾക്കുമുമ്പ്, പുഞ്ചിരിതൂകുന്ന ഈ ആതിരരാവുപോലെ നീയും മനോഹരിയായി നിന്നപ്പോൾ ഇതുപോലൊരുതിരുവാതിരരാവിൽ മഞ്ഞും വെളിച്ചവും മധുവും ഇറ്റുവീണമുറ്റത്തെ മാവിൻചോട്ടിൽ ആരും കാണാതെ നാം ഊഞ്ഞാലാടിയില്ലേ? നൂറുവെറ്റിയതിന്നു തുടുത്ത പുലരിവരും വരെ അതു നീണ്ടു (നവവധൂവരന്മാരൊരുമിച്ച് നൂറുവെറ്റില മുറുക്കുക, പുലരിവരെ ഉറക്കമൊഴിക്കുക, ഊഞ്ഞാലാടുക എല്ലാം തിരുവാതിരയുടെ ചടങ്ങുകളാണ്. പുലരിയും നുറുവെറ്റിലനിന്നുചുവന്നണുവരമെന്നു സങ്കല്പിക്കുന്നു.)

നമ്മെപ്പോലെ വാർദ്ധക്യത്തിലെത്തിയ മാവ് ഇന്നും പൂക്കാനോർമ്മിച്ചു. ഉണ്ണിയുടെ താല്പര്യമനുസരിച്ച് അതിലൊരുഞ്ഞാലും കെട്ടി ഉണ്ണി ഇന്ന് നേരത്തെ ഉറങ്ങിയോ? ചിരിച്ചുതള്ളുന്ന ബാല്യം ചിന്താക്ലേശമില്ലാതെ ഉറങ്ങട്ടെ, മാങ്കനികളിൽ നിന്ന് മാമ്പൂവിലേക്കെത്തിച്ചേരാൻ പൂങ്കിളിയായ കൗമാരം ഇത്തിരികാലമെടുക്കും. (മാമ്പഴം തിന്നാൻകൊതിക്കുന്ന കാലത്തുനിന്ന് മാമ്പൂവിന്റെ മണം രുചിക്കുന്ന ശൃംഗാരരസപ്രധാനമായ കാലത്തേക്കാണ് കൗമാരം മെല്ലെ കടുന്നവരുന്നത്) അലയടിക്കുന്ന ഈ നിലാവിന്റെ വശീകരണശക്തിയാലാകാം, എനിയ്ക്കൊരാശതോന്നുന്നു. മുൻപെന്നപോലെ നീ ഊഞ്ഞാൽപ്പടിയിൽ വന്നിരുക്കുക. അലമാലയെ തെന്നലെന്നപോലെ ഞാൻ നിന്നെ ആട്ടാം. "അവൾ ചിരിക്കെ, യൗവനത്തിന്റെ മധുരസ്മേരം അവൾക്ക് കൈമോശംവന്നിട്ടില്ലെന്ന് ഓർത്തുപോകുന്നു. അയാളുടെ നിർദ്ദേശമനുസരിച്ച്

പത്നി ഊഞ്ഞാൽപ്പടിയിൽ ഒരു ചെറുവെള്ളിത്താലയപോലെയിരുന്നു. (വാർദ്ധക്യവും ശുഭ്രവസ്ത്രവും ആണ് അവളെ ചെറുവെള്ളിത്താലിയാക്കുന്നതിലെ ഔചിത്യം). മക്കൾക്കമ്മയായി അവൾക്ക് തടകൂടി; എങ്കിലും കൃശമായ അയാളുടെ കൈകൾക്ക് മുമ്പെന്നപോലെ ഇന്നും അവളെ ഊഞ്ഞാലാട്ടാനാവുന്നു. അവരുടെ മകൾ ഇന്ന് കുടുംബിനിയായി വലിയനഗരത്തിലേക്ക് ചേക്കേറിയെങ്കിലും തിരുവാതിരപ്പെണ്ണിന് നൃത്തമാടാൻ അമ്പിളിവിളക്കുകത്തിച്ചുവെച്ച ആയിരംകാൽമണ്ഡലമാകുന്ന ഈ ഗ്രാമം അവൾ ദൂരെയിരുന്ന് സ്വപ്നം കാണുന്നുണ്ടാകും. ഏറെ ദു:ഖങ്ങളുണ്ടെങ്കിലും ജീവിതോല്ലാസത്തിന്റെ വേരുറപ്പ് ഇവിടത്തെപ്പോലെ മറ്റെവിടെയെങ്കിലും കാണുമോ?

പാഴ്മഞ്ഞിൽ ചൂളിപ്പോയാലും ക്ഷാമത്താലും ദാരിദ്ര്യത്താലും വിറച്ചാലും പാവങ്ങളായ അയൽക്കാരികൾ തിരുവാതിരപ്പാട്ടുപാടുന്നതു കേൾക്കുന്നില്ലേ? പോരിന്റെ വേട്ടപ്പക്ഷിപോലെ മുകളിലൂടെ പാറിപ്പോകുന്ന യുദ്ധവിമാനവും ഒരു ദുസ്സ്വപ്നംപോലെ മാഞ്ഞുപോകും. എന്നാൽ തിരുവാതിരനക്ഷത്രം തീക്കട്ടപോലെ മിന്നുകതന്നെചെയ്യും. (യുദ്ധാന്തരീക്ഷങ്ങളും ആപൽഭീതികളും താല്ക്കാലികമാണ്; സ്ഥായിയായത് സമാധാനംതന്നെ). മാവുകൾ കാലമെത്തുമ്പോൾ പൂക്കും, മാനത്ത് അമ്പിളി ശുഭപ്രതീക്ഷപോലെ വികസിച്ചുനില്ക്കും മനുഷ്യർ പരസ്പരം സ്നേഹിക്കും, ആനന്ദിക്കും.

കയറുകൊണ്ട് ഉയിരിന് കൊലക്കുടുക്കും തീർക്കാം, ഊഞ്ഞാലും തീർക്കാം. ഊഞ്ഞാലാക്കാൻ കഴിഞ്ഞാൽ അതാണ് ജയം. അതുകൊണ്ടുതന്നെ മനസ്സിനെ നൃത്തലോലമാക്കുന്ന ആ തിരുവാതിരപ്പാട്ട് നീ പാടുക. കണ്വമാമുനിയുടെ മകളെപ്പറ്റിയുള്ള ആ പാട്ട് ഉള്ളിൽ അനുഭൂതിയുടെ ലോകം തീർക്കുന്നു. പാട്ടിന്റെ ഈരടികൾ ഊഞ്ഞാലുകളായി. ഹൃദയം അതിൽ ഊഞ്ഞാലാടവേ, അവൾ വെൺനരചൂടിയ മുത്തശ്ശിയല്ല, കണ്വമാമുനിയുടെ കന്യയായ ശകുന്തളയാണെന്ന് നായകന് തോന്നി. പൂനിലാവണിഞ്ഞ മുറ്റമല്ല അത്, ഹിമാലയ പർവ്വതപ്രദേശത്തെ മനോഹര മാലിനീതീരമാണ്. ചന്ദ്രനും നക്ഷത്രങ്ങളും ചിതറിയ ആകാശമല്ല കാണാവുന്നത്, അവളുടെ ഓമനയായ മുല്ലവള്ളി വനജ്യോത്സ്ന പൂത്തുനിൽക്കുകയാണ്. മാവിൻചോട്ടിൽ കാണാവുന്നത് നിഴലല്ല; അവളുടെ മാൻകുട്ടിയായ ദീർഘാപാംഗൻ വിശ്രമിക്കകയാണ്. 'പാട്ടിന്റെ ഊഞ്ഞാലിൽ ഹൃദയം ആടി ആനന്ദം കൊൾകവേ, താൻ ദുഷ്യന്തനും അവൾ ശകുന്തളയുമായി. അവിടം കണ്വാശ്രമത്തി നടുത്തുള്ള മാലിനീനദീതീരമായി; പൂത്ത വനജ്യോത്സ്നയും വിശ്രമിക്കുന്ന ദീർഘാപാംഗനും കാണപ്പെട്ടു, 'ജീവിതമധുമാസം' പൂകുകയായിരുന്നു അവർ. സർവ്വാത്മനാ ജീവിതത്തെ സ്നേഹിക്കാൻ പഠിച്ച നമ്മുടെ ആനന്ദത്തെ ശുഭ്രമായ വസ്ത്രത്തുമ്പിൽ പൊതിഞ്ഞു സൂക്ഷിക്കുന്ന ഈ അപ്സരോവധുവായ തിരുവാതിര, യാത്രയാവുമ്പോൾ പിറ്റേന്ന് നാനാകൃത്യനിർവ്വഹണങ്ങളിൽ മുഴുകിയ നമ്മുടെ പകൽ കണ്ട് ഉള്ളിൽ ലജ്ജിക്കുമോ?

അല്ലെങ്കിൽ എന്തിന് ലജ്ജിക്കണം? മനുഷ്യായുസ്സിൽ ചിലമുന്തിയ സന്ദർഭങ്ങളോ നിമിഷങ്ങളോ മാത്രമേയുള്ളൂ. അവയിൽ ചിലതാണ് നാമിപ്പോൾ പിന്നിടുന്നത്. ഒരു പാട്ടും കൂടി പാടി നിർത്തുക.

## ലഘുചോദ്യങ്ങൾ: സന്ദർഭവും സാരസ്യവും വിശദീകരിക്കുക

1. പൂങ്കിളികൗമാരത്തി-
   ന്നിത്തിരി കാലം വേണം
   മാങ്കിനികളിൽ നിന്നു
   മാമ്പൂവിലെത്തിച്ചേരാൻ
2. ജീവിതോല്ലാസത്തിന്റെ
   വേരുറപ്പിവിടെപ്പോൽ
   ക്കാണുമോ വേറെങ്ങാനും?
3. ഉയിരിൻ കൊലക്കുടു
   ക്കാക്കാവും കയറിനെ-
   യുഴിഞ്ഞാലാക്കിത്തീർക്കാൻ
   കഴിഞ്ഞതല്ലേ ജയാ
4. വെൺനരകലർന്നവ-
   ളല്ല നീയെൻ കണ്ണിനു
   കണ്വമാമുനിയുടെ
   കന്യയാമാരോമലാൾ

## ഉപന്യാസം

1. വൈലോപ്പിള്ളിക്കവിതയിലെ ശുഭാപ്തിവിശ്വാസം ഊഞ്ഞാലിൽ എന്ന കവിതയെ ആസ്പദമാക്കി വിലയിരുത്തുക.

# പി. കുഞ്ഞിരാമൻനായർ (1905–1978)

വിരഹവേദനയും ഗൃഹാതുരതയും തുടിക്കുന്ന കവിത കാവ്യദേവതയുടെ പ്രസാദമന്വേഷിച്ചുള്ള നിരന്തരമായ തീർത്ഥയാത്രയായിരുന്നു കവിയുടെ ജീവിതം. മുടിയനായ പുത്രൻ, ജന്മഭൂമിയോടു നന്ദിയില്ലാത്ത പൗരൻ, പുത്തൻ പരിഷ്ക്കാരത്തിലകപ്പെട്ടുപോയ ആധുനികൻ ഇവരുടെ മനോവ്യഥകൾ പി.യുടെ പലകവിതകളിലും ആവിഷ്ക്കരിക്കപ്പെടുന്നു. വാങ്മയചിത്രങ്ങളുടെ ഘോഷയാത്രയാണ് പി. യുടെ കവിതകളിൽ കാണാൻ കഴിയുക.

<u>പ്രധാനകൃതികൾ</u>:- വാസന്തിപ്പൂക്കൾ, മണിവീണ, പൂമ്പാറ്റകൾ, അന്തിത്തിരി, അനന്തൻകാട്ടിൽ, ഭദ്രദീപം, കളിയച്ഛൻ, താമരത്തോണി, പൂക്കളം, ചിലമ്പൊലി, രഥോത്സവം.

കൈവിട്ടുപോയ പ്രണയം അനുസ്മരിക്കുന്ന കവിതയാണ് മാഞ്ഞുമറഞ്ഞപൂക്കാലം. ഓണം, പൂക്കാലം എന്നിവ ഹൃദയത്തിനാഹ്ലാദമുണ്ടാക്കുന്ന എല്ലാ അനുഭവങ്ങളെയും പ്രതിനിധീകരിക്കുന്ന കാവ്യബിംബങ്ങളായി കവി ഉപയോഗിച്ചുകാണുന്നു. ഓണനിലാവൊളിയും പടിക്കലെ പൂത്ത ചെമ്പകവും കതിരിട്ടപാടവും പ്രണയസ്മരണകളെ ഗൃഹാതുരമാക്കുന്നു. ഓർമ്മകളുടെ മലരുകൾ മനസ്സിന്റെ ഇലക്കുമ്പിളിനെ സുരഭിയാക്കുമ്പോഴും നഷ്ടബോധവും ഒരിക്കൽക്കൂടി പ്രണയിനിയെ കാണാനുള്ള കണ്ണുകളുടെ ദാഹവും ബാക്കിയാവുന്നുവെന്ന് 'മാഞ്ഞു മറഞ്ഞപൂക്കാലം' ചിത്രീകരിക്കുന്നു.

## മാഞ്ഞുമറഞ്ഞ പൂക്കാലം - പി. കുഞ്ഞിരാമൻ നായർ

തന്റെ ഇലക്കുമ്പിൾ പൂക്കളാൽ നിറയ്ക്കുന്ന ആ പൊന്നോണനാൾ ഇനി തിരിച്ചുവരികയില്ല. രാത്രിയുടെ ഏകാന്തതയിൽ മനസ്സ് മങ്ങിപ്പോയ ചിത്രത്തിന് വീണ്ടും ചായം കൊടുക്കുകയാണ്. പൂക്കാലവും പഴയ ഓർമ്മകളെ ഉണർത്തുന്നു. പൂവിരിയുന്ന ഇളം കുലകൾ നീട്ടുന്ന മാവിലിരുന്ന് പ്രാവുകൾ കുറുകി. ആദിയുമന്തവുമില്ലാത്ത ആകാശത്ത് പായ വിരുത്തിയ വഞ്ചികളെപ്പോലെ മേഘങ്ങളലഞ്ഞു.

മേച്ചിൽപ്പറമ്പിൽ ഇടയന്റെ ഓടക്കുഴൽവിളി മുഴങ്ങുന്നു. ഗ്രാമങ്ങൾ കറവുകഴിഞ്ഞു കയറൂരിവിട്ട പശുക്കളായി. നീരിൽമുങ്ങി ചിറകുകുടഞ്ഞ് തളിർച്ചില്ലയിലിരിക്കുകയാണൊരുപൊന്മ. (സ്വച്ഛന്ദമായ ഗ്രാമ ജീവിതചിത്രങ്ങളാണ് ഇവയെല്ലാം. മലനാടിന്റെ പ്രകൃതി ഭംഗിയോടുള്ള കവിയുടെ പ്രത്യേകമായ ആകർഷണം, മറ്റേതുകവിതയിലമെന്നപോലെ 'മാഞ്ഞുമറഞ്ഞ പൂക്കാലത്തിലും പ്രകടമാണ്.)

ഒരു മകരത്തിലെ മദ്ധ്യാഹ്നവേളയിൽ ആദ്യമായി അവർ കണ്ടുമുട്ടി. കാറ്റിന്റെ തലോടലിൽ തമ്മിലധരങ്ങൾ കൂട്ടിയുരുമ്മുന്ന മലരുകൾ പോലെ അത്ര സ്വാഭാവികമായാണ് ആ കാമുകീകാമുകർ ഒത്തു ചേരന്നത്. പിന്നീട് ആറ്റിൻകരയിലെ ആപ്പീസിൽനിന്നു തീവണ്ടികേറിയ അവർ നീലമലകളാൽ ചുറ്റപ്പെട്ട പട്ടണം കണ്ടുരസിച്ചു. സായാഹ്നത്തിൽ അവൾ ആദ്യമായി 'കല്യാണമാല' യെന്ന ചലചിത്രം കണ്ടു. മകരനിലാപ്പാലിൽ മുങ്ങിക്കുളിച്ചുതണുത്ത ആ രാത്രി അവളും ഓർമ്മയിൽ സൂക്ഷിക്കുന്നുണ്ടാവാം. ഏലങ്ങൾ പൂക്കുന്ന തെന്മലക്കാട്ടിലെ ചോലകൾ നീന്തിക്കിതയ്ക്കുന്നവളാണ് ആ രാത്രി. ഏലക്കാടിന്റെ സുഗന്ധവും ചോലകളുടെ തണുപ്പും മകരനിലാപ്പാലും ഇളം കൂമ്പുവിരിയുന്ന ചെമ്പകപ്പൂപോലെയുള്ള അവളും ആ രാത്രിയെ അവിസ്മരണീയമാക്കി.

പ്രകൃതിയിലെങ്ങും പ്രണയം മാത്രമാണെന്ന് കാമുകന് തോന്നി. പൂവിട്ടമാവിലെ ചില്ലയിൽ കിളികൾകൊക്കുരുമ്മി. നീലാകാശവും വെണ്ണിലാവിന്റെ പട്ടൂർന്ന രാത്രിയും സർവ്വവും മറന്ന് പുണർന്നുറങ്ങി. ചിറയിലെ ആറാട്ടും ഉത്സവദീപങ്ങളും അവളുടെ ഓർമ്മയിലും അവശേഷിക്കുന്നുണ്ടാവാം. പൂപ്പുലരിക്ക് സൂര്യൻ പൊൻകസവുപാവുനൽകിയ സമയത്ത് വൃന്ദാവനരാധ ആലിംഗനം ചെയ്യുന്ന കാർമുകിൽ വർണ്ണന്റെ ക്ഷേത്രം അവർ സന്ദർശിച്ചു. കൂത്തുമാടവും കാവിലെ പൂരനിലാവുവിരിയുന്ന രാത്രിയും അവിസ്മരണീയ ങ്ങളായി. സ്വന്തം ഇലക്കുമ്പിൾ സ്മരണകളാൽ നിറയ്ക്കുന്ന ആ പൊന്നോണനാൾ ഇനിയെരിക്കലും തിരിച്ചുവരികയില്ല. ഹൃദയം എന്നെന്നേയ്ക്കുമായി രണ്ടായിപ്പിളർന്നു. ഇനിയൊരിക്കലും അവർ കണ്ടുമുട്ടുകയില്ല. കെട്ടിപ്പിടിച്ചു ചുംബിച്ച് വേർപെട്ടുമാറിയ തിരകളെപ്പോലെ അവർ പൊട്ടിത്തകർന്നുപോയി. മുല്ലപ്പൂക്കൾ ചിതറിയ മുടി അല്പമഴിഞ്ഞും മാർത്തടമുലഞ്ഞും മനോഹരമായ മിഴിക്കോണിൽ തെളിമിന്നൽ മിന്നിയും അമ്പിളിക്കീറുപോലെ, സ്വപ്നം പോലെ അവൾ കാത്തിരുന്ന വൈശാഖസന്ധ്യകൾ ഇന്ന് നഷ്ടപ്പെട്ട മനോഹാരിതകൾ മാത്രമാണ്. വാനിൽപ്പടരുന്ന കാട്ടുമുല്ലകൾ പൂക്കുന്ന - നക്ഷത്രം പൂക്കുന്ന - ഏകാന്ത രാത്രികളായിരുന്നു അവ. ഒന്ന് ആ ഹൃദയത്തിന്റെ കവാടവും തുറക്കുമോ എന്ന് കാമുകൻ അന്ന് പടിതുറന്നെത്തിയ അവളോട് ചോദിച്ചു.

പൊൻചിങ്ങത്തിന്റെ കതിരുപാടത്ത് വീണ്ടും ഓണനിലാവ് പാലൊളിപരത്തി. ആ കതിരിട്ടപാടം വീണ്ടും വിരുന്നിനു വിളിക്കുന്നുണ്ട്. എന്നാലും ഏറെയകന്നുനിൽക്കുകയാണ് അവർ, രണ്ടുവഴിക്ക് പറന്ന പറവകളെപ്പോലെ എന്നോ അവർ പിണങ്ങിപ്പിരിഞ്ഞുപോയെങ്കിലും അന്തിക്ക് ചമ്പകം പൂത്തപടിക്കലേക്ക് എന്തിനോവേണ്ടി കണ്ണുകൾ ദാഹിച്ചുചെല്ലുന്നു. ഇലക്കുമ്പിൾ പൂക്കൾകൊണ്ടുനിറയ്ക്കുന്ന ആ പൊന്നോണനാൾ ഇനിതിരിച്ചുവരികയില്ല.

## ലഘുചോദ്യങ്ങൾ (സ്വാരസ്യം വിശദീകരിക്കുക)

1. ചിത്തമേ, രാവിലേകാന്തത്തിൽ മങ്ങിയ
   ചിത്രത്തിനെന്തിനുചായം കൊടുപ്പൂ നീ?
2. തന്നിലക്കുമ്പിൾ മലരാൽ നിറയ്ക്കുമാ -
   പ്പൊന്നോണനാളുതിരിച്ചുവരില്ലിനി
3. മലനാടൻ പ്രകൃതിയുടെ ചേതോഹരമായ ചിത്രങ്ങൾ 'മാഞ്ഞുമറഞ്ഞ പൂക്കാലത്തിൽ എത്രത്തോളം പ്രകടമാണ്?
4. സമാഗമത്തിന്റെ മാധുര്യവും നഷ്ടപ്രണയത്തിന്റെ വിഷാദവും പി. യുടെ കവിതയിൽ എത്രത്തോളമെന്ന് പാഠ്യഭാഗത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

# അൻവർ അലി (1966–          )

പുതുമുറക്കവികളിലെ ശക്തനായ എഴുത്തുകാരൻ. കവിത ഭാഷയ്ക്കുള്ളിലെ ഭാഷയാണ് എന്നു വിശ്വസിക്കുന്ന ആധുനികാനന്തരകവി. 'ടോട്ടോചാൻ' മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടിണ്ട്.

മഴക്കാലം, ആടിയാടിയലഞ്ഞ മരങ്ങളേ എന്നീരണ്ടു സമാഹാരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യവിമർശനത്തിന്റേയോ ആത്മപരിഹാസത്തിന്റേയോ സൂക്ഷമസ്വരങ്ങളുള്ള ഈ കവിതകൾ വായനക്കാരുടെ കാവ്യൂനുശീലനം ആവശ്യപ്പെടുന്നവയാണ്. ബാഹ്യലോകത്തിന്റെ പ്രത്യക്ഷ വ്യഥകളെക്കാളേറേ അവനവന്റെ അകത്തെ ലോകത്തിന്റെ സാംസ്കാരികവ്യഥകളാണ് അൻവർ അലിക്ക് കൂടുതൽ വിഷയമായിട്ടുള്ളത്.

## മഴക്കാലം

അമ്മയും കുഞ്ഞും തമ്മിലുള്ള സംഭാഷണത്തിന്റെ രൂപമാണ് കവിതയ്ക്കുള്ളത്. കുഞ്ഞിന്റെ കാഴ്ചപ്പാടിൽ മഴക്കാലം പുള്ളിക്കുട നിവർത്താനുള്ളതാണ്, മഴത്തോർച്ച കളിക്കാനുള്ളതും. അമ്മയുടെ വാക്കുകളിൽ മഴക്കാലം കണ്ണീരിന്റേതാണ്. കുടത്തണലില്ലാതെ അനാഥമായ തങ്ങളുടെ ജീവിതത്തിനുമേൽ ചെയ്യുന്ന ദുരിതങ്ങളെക്കുറിച്ചാണ് അവർ പറയുന്നത്.

അമ്മ പറയുകയാണ്: മഴക്കാലമാണെന്ന് മറക്കരുത്, മനസ്സ് ഈർപ്പം പിടിച്ച് മഹാരോഗമൊന്നും വരുത്തരുത്. ഇത് ചതിയുടെ കാലം കൂടിയാണ്. തണലെന്നുകരുതി കയറിനിലക്കുന്നിടത്ത് മരക്കൊ ളളിവീഴാം. ബുദ്ധിക്കും ചിന്തയ്ക്കും പരുക്കുപറ്റാം. ജ്വലിക്കുന്നകാലത്തിന്റെ ബലിച്ചോരയാണ് ഈ മഴച്ചാറ്റൽ പോലും. ഇലച്ചാർത്തുപോലും കുലുക്കരുത്. അതേറെ പെയ്ത്തുണ്ടാക്കും.

കുഞ്ഞ് അമ്മയോട് വെറുതെയിരുന്ന് മടുത്തെന്നു പറയുന്നു. ഇറമ്പത്തിരുന്ന് കളിക്കാൻ വിളിക്കുകയാണ് കരിങ്കാക്ക. കളിക്കാൻ പൊയക്കോട്ടേ എന്ന ചോദ്യത്തിന് അമ്മയുടെ ഉത്തരം തത്വചിന്താപരമാണ്. ഈ മണ്ണിൽ ജനിച്ചനാൾ തൊട്ട് കറുമ്പിയായ കാക്കയ്ക്ക് ഇണച്ചിറകിന്റെ കുടക്കാവലുണ്ട്. കുടയും കാവലുമില്ലാത്തവരാണ് തങ്ങളെന്ന സൂചന ഇതിലുണ്ട്. മഴവില്ലുപോലെ ചുവന്നുംചിരിച്ചും വിടരുന്ന കുട തനിക്കുമുണ്ടല്ലോ എന്നായി കുഞ്ഞ്. പക്ഷേ കുട നിവർത്തും മുമ്പേ മഴ ഒളിച്ചുകളയും പുലർച്ചയയ്ക്ക് ഉണങ്ങിയ കുടയുമായേ പോകാൽപറ്റൂ. കുടക്കമ്പിയെല്ലാം തുരുമ്പിച്ചുപോയെന്നും പൂച്ചയെയടിക്കാൻ താനെടുത്തെന്നും അമ്മ പറയുന്നു. അച്ഛൻ നിവർത്തുന്ന കുട നടുമുറിയിൽ നനഞ്ഞിരിപ്പില്ലേ എന്നായി കുഞ്ഞിന്റെ അന്വേഷണം. മണൽക്കാറ്റുതാണ്ടി പടിഞ്ഞാറോട്ടുപോയ അച്ഛൻ ഇതുവരെ തിരിച്ചുവന്നില്ല. ആ നടുക്കുന്ന കഥ കുഞ്ഞ് അറിഞ്ഞിട്ടില്ല. അവരുടെ കുട-താങ്ങും തണലും - നഷ്പ്പെട്ടു. അവർ കണ്ണീരിന്റെ പെരുമഴയിലേക്ക് വലച്ചെറിയപ്പെന്നടുന്നു. കാലം മഴത്തോർച്ച കൊണ്ടു വരും വരെ കാത്തിരിക്കുക എന്നതാണവരുടെ നിയോഗം. മനക്കോട്ടകൾ വെറുതെയായി.

'മനക്കോട്ട കെട്ടി-
ത്തടുത്തിട്ട വെള്ളം
പുഴുത്തുള്ളിൽ നിന്നും
തുറിച്ചുനോക്കിച്ചിരിക്കുന്നു എന്ന് ആശകളെല്ലാം വെറുതെയായ ചിത്രം അമ്മ വരയ്ക്കുന്നു. ഇനി ഉയിൽത്തെണീപ്പിക്കാനാകാത്തവിധം ആശകളും മനക്കോട്ടകളും തകർന്നു.

കണ്ണീരിന്റെയും അശരണത്വത്തിന്റെയും മഴക്കാലമാണ് അവർക്ക്. അമ്മയ്ക്ക് കുഞ്ഞും കുഞ്ഞിനമ്മയും മാത്രം. 'കണ്ണേ, നീ മടിയില കിടക്കുക, അമ്മ നിനക്ക് മഴത്തോർച്ചയാവാം' എന്ന് അമ്മ കുഞ്ഞിനോട് പറയുന്നു. തനിച്ചായിപ്പോയ അമ്മയുടെ ഏകമധുരം കുഞ്ഞാണ്. അവർക്കിടയിൽ ചവർപ്പുവരും മുമ്പേ ഉറങ്ങുക. ഏതു മധുരവും കാലക്രമത്തിൽ ചവർപ്പാകാം. അതുവരെ കുഞ്ഞിന് അമ്മ മഴത്തോർച്ച തന്നെ.

ഉറക്കത്തിലാവാം, യഥാർത്ഥമായും മഴതോർന്നതൊകാം മനസ്സാർദ്രമായ ഒരിളം താരം മതിഭ്രാന്തിലേറി കറുത്തരാവൂർന്ന് എഴുന്നള്ളി. പ്രതീക്ഷയുടെ ഇളം താരത്തിന്റെ വെളിച്ചം കറുത്തരാവിനെ ഊർന്ന് മുറിക്കുന്നു. അത് വെറും സ്വപ്നവുമാകാം. കുഞ്ഞുചോദിക്കുന്നു - മഴക്കോളുമാറി ഇനി കളിക്കാൻ പോകട്ടെ? അമ്മ അനുവദിക്കുന്നുവെങ്കിലും കൂടെ മുന്നറിയിപ്പുനല്കുന്നു. മഴക്കോട്ടകെട്ടാൻ പടച്ചവന് പെരുത്തുനേരം വേണ്ട. ഏതു നേരത്തും തലയ്ക്കുമീതെ മഴപെയ്യാം. ഒരുപടച്ചോറിനു വേണ്ടി - സ്വന്തം അന്നത്തിനുവേണ്ടി - മാത്രം ജ്വരം പിടിച്ചോടുന്ന മനുഷ്യരാണ് ഇന്നുള്ളത് എന്ന് മറക്കാതിരിക്കുക.

ഇതു മഴക്കാലമാണ്. മനസ്സുകൊണ്ട് നമ്മൾ നിനയ്ക്കാത്തതത്രയും കൊടുങ്കാറ്റുപോലെ വരുന്ന കാലമാണ്. മറക്കാൻ കഴിയുന്നുവെങ്കിൽ ഉറക്കത്തിലായിരിക്കട്ടെ, നിത്യമുറക്കത്തിലായിരിക്കട്ടെ എന്ന വരികളില നിത്യമായ ഉറക്കത്തിലേ എല്ലാം മറക്കാൻ കഴിയൂ എന്ന സൂചനയാണുള്ളത്.

**ലഘു ചോദ്യങ്ങൾ**

സാരസ്യവും സന്ദർഭവും വിശദമാക്കുക

1. ജ്വലൽക്കാലമൊന്നിൻ
ബലിച്ചോരയാണീ
മരച്ചാറ്റുപോലും.
2. മഴത്തോർച്ചയെത്തും
വരെക്കാത്തിരിപ്പേ
നമുക്കു രണ്ടാൾക്കും
വിധിച്ചുള്ളുകാലം.
3. തനിച്ചായൊരമ്മ -
യ്ക്കനിപ്പായ നിന്നെ -
ച്ചവർക്കുന്നതിൻമു-
മ്പുറങ്ങുകെന്നുപ്പേ
4. പടച്ചോർക്കുവേണ്ടി-
ച്ചരിക്കുന്നലോക-
ജ്വരങ്ങളാണിന്നിൻ
മനുഷ്യർ നാം കുഞ്ഞേ
മറക്കാതിരിക്ക

**ഉപന്യാസം**

ദുരിതകാലത്തിന്റെ ആശങ്കകളും സഹാനുഭൂതിയില്ലയ്മയും 'മഴക്കാലത്തിൽ എത്രത്തോളം പ്രകടമാണ്?

**മലയാറ്റൂർ........  വേരുകൾ**

**പത്മരാജൻ.......പെരുവഴിയമ്പലം**

# മലയാറ്റൂർ രാമകൃഷ്ണൻ (1527 – 1997)

എഴുത്തുകാരൻ, കാർട്ടൂണിസ്റ്റ്, പെയ്ന്റർ, കേരള ലളിതകലാ അക്കാദമിയുടെ ചെയർമാനായി ജോലി ചെയ്തിട്ടുണ്ട്. ഐ.ഏ.എസ് ഓഫീസർ, മജിസ്ട്രേറ്റ്, വക്കീൽ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ബ്രാംസ്റ്റോക്കറുടെ ഡ്രാക്കുളയും ഷെർലക്ഹോംസ് കഥകളും മലയാകത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. വേരുകൾ മലയാറ്റൂരിന്റെ പ്രശസ്തരചനയാണ്.

## മുഖ്യകൃതികൾ

പൊന്നി

യക്ഷി

യന്ത്രം

നെട്ടൂർ മഠം

അമൃതം തേടി

എന്റെ ഐ.ഏ.എസ് ദിനങ്ങൾ (സർവ്വീസ് സ്റ്റോറി) വേരുകൾ നഷ്ടപ്പെട്ട നാഗരിക ജീവിതത്തിന്റെ അനാഥത്വമനുഭവിക്കുന്നവനെങ്കിലും രഘു എന്ന ഐ.ഏ.എസ്സുകാരൻ അവശേഷിച്ച പരമ്പരാഗതമായ പറമ്പും വീടും വില്ക്കാൻ തീരുമാനിക്കുന്നു. നഗരത്തിൽ വലിയ വീടുവെയ്ക്കുകയാണെന്നുദ്ദേശ്യം. വില്പനയുമായി ബന്ധപ്പെട്ട് ഒരാഴ്ച ഗ്രാമത്തിൽ നിലക്കുന്ന അയാൾ, തന്റെ വേരുകളാണ് മുറിച്ചു വില്ക്കുന്നതെന്ന ഉത്തമ ബോധയത്തിൽ, ആ ശ്രമത്തിൽ നിന്ന് പിന്തിരിയുകയാണ്. തന്നെ താനാക്കി മാറ്റിയ അമ്മുലുവിനോടും മരിച്ചുപോയ അച്ഛനോടും നീതി ചെയ്യാൻ അതേ വഴിയുള്ളൂ എന്ന് രഘു മനസ്സിലാക്കുന്നു.

ഭാഗികമായി ആത്മകഥാപരമാണ് വേരുകൾ. 1981 ലെ കേരളസാഹിത്യ അക്കാദമി അവാർഡ് വേരുകൾക്ക് ലഭിച്ചു.

### ഒന്ന്

ഓഫീസിലെ മടുപ്പൻ കോൺഫറൻസിനുശേഷം രഘുവീട്ടിലെത്തുന്നു. വീടിന്റെ ഗേറ്റ് അടച്ചിരുന്നു. പുറം ജോലികൾ നോക്കുന്ന പയ്യനും വയ്പുകാരനും നാമം ചൊല്ലുന്ന അമ്മയുമൊന്നും അയാളുടെ വരവറിഞ്ഞില്ല. വിമൻസ് ക്ലബ്ബിൽ റമ്മികളിയിലേർപ്പെട്ട ഭാര്യ ഗീത ഒരിക്കലും അയാളെ കാത്തുനിന്നില്ല. രാത്രി എട്ടുമണികഴിഞ്ഞ് അവളെ കൂട്ടാൻ രഘുതന്നെ പോകണം. കളിയിൽതോറ്റെങ്കിൽ അവൾ മിണ്ടുകയില്ല ജയിച്ചാൽ സ്നേഹപ്രകടനം നടത്തും.

മുകളിലെ മുറിയിൽ ചിതറിക്കിടക്കുന്ന പുസ്തകങ്ങൾ തന്റെ കുട്ടികളുടെ ജീവിതത്തിന്റെ പ്രതീകമാണെന്ന് രഘുവിനു തോനുന്നു. അടുക്കിവെയ്ക്കാനാരുമില്ലാത്ത പുസ്തകങ്ങളാണ് അവരും. ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് അവർ അതിരാവിലെ പോകും. വൈകിട്ട് വേലക്കാലൻ അവരെ നടക്കാൻ കൊണ്ടുപോകും. ജോലികഴിഞ്ഞ് വൈകി മടങ്ങുന്ന അച്ഛനും വിമൻസ് ക്ലബ്ബിൽ റമ്മികളിക്കുന്ന അമ്മയ്ക്കും കുട്ടികളൊന്നിച്ചു ചെലവാക്കാൻ സമയമില്ല. എട്ടു മണിയടിച്ചാൽ കുട്ടികൾ ഉറങ്ങേണ്ടതാണെന്ന് ഗീത ഉത്തര വിറക്കിയിട്ടുണ്ട്. മുത്തശ്ശിയുടെ കഥകൾ മാത്രമാണ് അവരെ ആശ്വസിപ്പിക്കാറുള്ളത്. ഗീതയെന്ന യന്ത്രം രണ്ടു കൊച്ചുയന്ത്രങ്ങളെ മാനേഴ്സ് പഠിപ്പിച്ചു വളർത്തുകയാണ്. യഥാർത്ഥ ജീവിതത്തെക്കുറിച്ചു ബോധമില്ലാതെ അച്ഛനമ്മമാരോട് അപരിചിതത്വത്തോടെയാണവർ വളരുന്നതെന്ന് രഘു ദു:ഖത്തോടെ ഓർക്കുന്നു. നാട്ടിലെ നെല്പാടം കണ്ടപ്പോൾ ഭംഗിയുള്ള ലോൺ എന്നാണ് അജയൻ പറഞ്ഞത്. നെല്പാടം എന്നു പറഞ്ഞപ്പോൾ ഓ അരിശിച്ചെടിയാ? എന്നായിരുന്നു അവന്റെ ചോദ്യം. അയഥാർത്ഥമായ ഒരു പൊങ്ങച്ചത്തിന്റെ അന്തരീക്ഷ ത്തിലാണവർ വളരുന്നത്. പുതിയ ബംഗ്ലാവുകളും കാറുകളും വാങ്ങുന്നതുപോലെ ഗീതയുടെ അച്ഛൻ തന്നെയും വിലയ്ക്കെടുത്തു എന്നു രഘു കരുതുന്നു. ഐ.ഏ.എസ് എന്ന സർക്കാർ സർവ്വീസ് ഔന്നത്യമാണ് ആ വിലയ്കുവാങ്ങലിന് പ്രേരകമായത്.

തന്റെ വിവാഹദിവസംതന്നെ അമ്മയുടെ ഹൃദയത്തിൽ ഗീതയുടെ ചിത്രത്തിനു കരിപുരണ്ടതാണെന്ന് രഘു ഓർക്കുന്നു. വരന്റെ സംഘം ചെറുതായിരുന്നു; ആഡംബരമില്ലാത്തതും വധുവിന്റെ സംഘത്തിൽ കാറുകളുടെ ഘോഷയാത്രയായിരുന്നു. പട്ടുചേലകളുടെയും വൈരനെക്ക്ലേസുകളുടെയും കനത്ത സ്വർണ്ണാഭരണങ്ങകുടെയും ലോകത്തിലേക്കിറങ്ങിച്ചെന്നപ്പോൾ രഘുവിന്റെ സഹോദരിമാർക്ക് വല്ലാത്ത അപകർഷതാബോധമുണ്ടായി. വരന്റെ വീട്ടുകാർ കൊണ്ടുവന്ന പുടവ ഉടുക്കാൻ ഗീത തയ്യാറായില്ല. അതുടുത്തിട്ടേ താലികെട്ടൂ എങ്കിൽ താലികെട്ടേണ്ട എന്നു പറഞ്ഞു. അന്നുമുതൽക്കിങ്ങോട്ട് അവളുടെ ഇഷ്ടങ്ങൾ അവൾ നടപ്പിൽ വരുത്തിക്കൊണ്ടേയിരുന്നു. നാട്ടിലുള്ള വസ്തുവിറ്റിട്ട് നാലായിരത്തി അഞ്ഞൂറ്

സ്ക്വയർ ഫീറ്റ് വരുന്ന പുതിയ വീട് വെയ്ക്കണമെന്നാണ് അവളുടെ ഇപ്പോഴത്തെ ആഗ്രഹം. ആലോചിച്ചു നോക്കിയപ്പോൾ രഘുവിനും വസ്തുവിൽക്കുന്നതിൽ തെറ്റില്ലെന്നു തോന്നി. സർവ്വീസ് കാലത്തിനുശേഷം പരിമിതസൗകര്യങ്ങളുള്ള ഗ്രാമത്തിൽ താൻ ചെന്നു കുറ്റിയുറപ്പിക്കാൻ സാദ്ധ്യതയില്ല. വീട്ടിലെ സമാധാനം പുന:സ്ഥാപിക്കാൻ വസ്തുവിറ്റുകളയാമെന്നു കരുതി അയാൾ സഹോദരിയായ അമ്മുലുവിന് കത്തെഴുതി.

## രണ്ട്

വസ്തുവാങ്ങാൻ ആളെകാണണമെന്ന് എഴുതിയ കത്തിന് അമ്മുലുവിന്റെ മറുപടിവന്നില്ല. പോയാലേ കാര്യം നടക്കൂ എന്നു കരുതിയ രഘു ഒരാഴ്ച ലീവെടുത്ത് നാട്ടിൻപുറത്തെത്തി.

നാട്ടിലെത്തിയ രഘുവിനെ പെരിയപ്പാ ഗുണദോഷിക്കുന്നു. ഹൗസിംഗ്ലോൺ കിട്ടുമല്ലോ. അല്ലെങ്കിലും അത്ര വലിയ വീടെന്തിനാണ്? ഭാര്യയും രണ്ടുകുട്ടികളുമല്ലേ ഉള്ളൂ. പഴയ തലമുറക്കാർ നേടിയ ഭൂമി വിറ്റുതുലച്ചുകൂടാ.

സ്കൂൾ ഫൈനൽക്ലാസ്സിൽ പഠിക്കുന്ന കാലത്ത് നാൻ പലതവണ നടന്ന അതേ റോഡിലാടെ രഘു കാറോടിച്ചു. സ്കൂളിലേക്ക് പോയിരുന്നതോർത്തു. സ്കൂളിലെ കണക്കുമാഷായ രാമസുബ്ബയ്യരുടെ ഒറ്റക്കാളവണ്ടിയിൽ കയറാനുള്ള തന്റെ വിഫലശ്രമം പോലെ പലകഥകളും മനസ്സിൽ വന്നു.

പെരിയാറിൽ ചെന്നുകിടക്കുന്ന സുഖമനുഭവിക്കെ രഘു ആലോചിച്ചത് ഗീതയ്ക്കൊരിക്കലും ആ സുഖം കിട്ടുകയില്ലല്ലോ എന്നാണ്. വീടും പറമ്പും വിറ്റാൽ തനിക്കും അതു നഷ്ടമാകും.

പുഴയിൽ സാഹസബുദ്ധിയോടെ നീന്താൻ പഠിച്ചത് രഘു ഓർക്കുന്നു. കാറിന്റെ ബോണറ്റിൽ വീണ മാമ്പഴം ഓർമ്മകളെ പിറകോട്ടു നയിച്ചു. അമ്മയുടെ അച്ഛനമ്മമാർ നേരത്തെ മരിച്ചുപോയിരുന്നു. അച്ഛന്റെ അച്ഛനമ്മമാരാണ് ഈ തറവാട്ടിലുണ്ടായിരുന്നത്. അത്തിമ്പാരോടൊപ്പം കുട്ടിക്കലാത്ത് ഇവിടെ വന്നപ്പോൾ വലിയ താല്പര്യമൊന്നുമില്ലാത്ത സ്വാഗതം കിട്ടിയത് ഓർമ്മവന്നു. കാലുകഴുകാതെ അകത്ത് കയറിയതിന് പാട്ടായുടെ ചീത്തയാണ് ആദ്യം കേട്ടത്. നടന്നു തളർന്നു വന്നപ്പോൾ ഒരു കപ്പ് പാൽകിട്ടി. ‘ഇവിടെ കാപ്പിയും കീപ്പിയുംമൊന്നും കിട്ടുകയില്ല’ എന്ന് പാട്ടിയുടെ വകശാസനയും. ലോട്ട കഴുകിവെയ്ക്കണം എന്നും പറഞ്ഞും. അമ്മുലുവിനും അത്തിമ്പാർക്കുമെല്ലാം പാട്ടാവിനെയും പാട്ടിയെയും ഭയമായിരുന്നു. പടിപ്പുര മാമ്പഴം വീണതെല്ലാം പാട്ടാവിന് വേണമായിരുന്നു. കുട്ടിയായ തനിക്കുപോലും തിന്നാൽ ധൈര്യമില്ലായിരുന്നു.

രഘുവിന്റെ സഹോദരിലക്ഷ്മിക്ക് എന്നും ദാരിദ്ര്യമാണ്. അഞ്ചുപെൺകുട്ടികളിൽ രണ്ടുപേർ വിവാഹിതരായി. അതുതന്നെ രഘുവിന്റെ സഹായത്തിലായിരുന്നു. ഇനിയും മൂന്നുപേരുടെ വിവാഹം നടത്താനുണ്ടല്ലോ എന്ന് ഗീത അതൃപ്തിയോടെ പറയുമായിരുന്നു. ലക്ഷ്മിയുടെ മൂത്തമകൻ രാമു പതിന്നാലുവയസ്സുള്ളപ്പോൾ പേപ്പട്ടി കടിച്ചു മരിച്ചു. വലിയ പ്രതീക്ഷകളുണ്ടായിരുന്നു അവനെപ്പറ്റി. ലക്ഷ്മിക്ക് ഭാഗ്യമില്ലായിരുന്നു. അവളുടെ ഭർത്താവ് കാസരോഗിയാണ്.

ചെലവുകഴിച്ചുകൂട്ടാൻ അച്ഛൻ കഷ്ടപ്പെട്ടിരുന്ന നാളുകളിലൊന്നിലാണ് ലക്ഷ്മിയും അമ്മാഞ്ചിയും രണ്ടു കുട്ടികളുമായി വന്നുകേറിയത്. അമ്മാഞ്ചിയെ ജോലിയിൽ നന്നു പിരിച്ചയച്ചിരുന്നു. എന്തോചില്ലറക്കാര്യം മറന്നതോടെ കോയിത്തമ്പുരാന് ദേഷ്യം വന്നു. കൊട്ടാരത്തിലെ ജോലിയുടെ അന്തസ്സ് ആശ്രിതന്റെ വിധേയത്വം മാത്രാമാണെന്ന് അങ്ങനെ മനസ്സലായി.

അഭിമാനിയായ അമ്മാഞ്ചിയെ ട്രെയ്നിംഗിനയച്ച് അദ്ധ്യാപകനാക്കാനും വാടകകൂടാതെ താമസിക്കാനൊരു കെട്ടിടമേർപ്പെടുത്താനും അച്ഛൻ ഉത്സാഹിച്ചു.

## നാല്

നാട്ടിൽ വരുമ്പോൾ അമ്മുലുവിന്റെ അടുത്താണ് രഘുവിന്റെ ഭക്ഷണം. മണിയനത്തിമ്പാർക്ക് സ്വാദേറിയ കറികൾ വെയ്ക്കാനറിയാം. അതിലേറെ, ലക്ഷ്മിയെ ബുദ്ധിമുട്ടിക്കേണ്ടതില്ല എന്നു കരുതിക്കൂടിയാണ്.

എട്ടുവയസ്സുള്ളപ്പോൾ പാട്ടാവിന്റെയും പാട്ടിയുടെയും അടുത്തുവന്ന അമ്മുലു വീട്ടുവേലക്കാരിയായി അദ്ധ്വാനിച്ചു. അരിവെപ്പുകാരനും വരുതിക്കുനില്ക്കുന്നവനുമായ മണിയനെ കണ്ടുപിടിച്ച് പതിമൂന്നാം വയസ്സിൽ അവളെ വിവാഹം കഴിപ്പിച്ചതും പാട്ടായിരുന്നു. കല്യാണം കഴിഞ്ഞും വീടുപണി അവൾ തന്നെ നോക്കട്ടെ എന്നാണവർ കുരതിയത് എരുമവളർത്തൽ തുടങ്ങിയതോടെ അമ്മുലുവും മണിയനും പച്ചപിടിക്കാൻ തുടങ്ങി. അതുവരെ പാട്ടായുടെ വീട്ടുവേലക്കാരിയായി കഴിഞ്ഞിരുന്ന അമ്മുലുവിന്റെ സ്ഥാനത്ത് വാചാലയും സ്വന്തം അഭിപ്രായം വെട്ടിത്തുറന്നു പറയുന്നവളുമായ അമ്മുലു ഉദയം ചെയ്തു. ക്ലേശങ്ങളും ദു:ഖങ്ങളും സഹിച്ചുള്ള ഒരു പാകപ്പെടലായിരുന്നു അത്. അച്ഛൻ നല്കിയ ഭൂമിയിൽ വിടുപണിയാൻ അത്തിമ്പാറെ പ്രേരിപ്പിച്ചത് അമ്മുലുവാണ്. അവളുടെ ശുഭാപ്തിവിശ്വാസവും അദ്ധ്വാനവും കാരണം അത്തിമ്പാർ പണയഭൂമിയുടെയും ഇരുപത്തയഞ്ചേക്കർ വരുന്ന കിഴക്കേപ്പറമ്പിന്റെയും ഉടമയായി.

വീടിരിക്കുന്ന പറമ്പ് - അതും എട്ടുവയസ്സുമുതൽ താൻ താമസിച്ചപറമ്പ് - വില്ക്കുന്നതിനെപ്പറ്റി തനിക്കുള്ള അഭിപ്രായം രഘുവിന് അറിയാം; എഴുതേണ്ടതില്ല എന്നാണ് അമ്മുലുപറഞ്ഞത്. പെരിയ പാട്ടാഗണപതിഅയ്യർ കെട്ടിയ വീടുംപറമ്പും വില്ക്കാൻ താൻ ഉപദേശിക്കുകയോ എന്നുചോദിച്ചപ്പോഴേക്ക് അമ്മുലു വികാരഭരിതയായി.

ഒന്നും സമ്പാദിക്കാൻ കഴിയാതിരുന്ന അച്ഛന് രഘുവിനെക്കുറിച്ച് നിർബ്ബന്ധബുദ്ധിയുണ്ടായിരുന്നു. എപ്പോഴും പുസ്തകങ്ങളുടെ മുമ്പിൽ കാണണം. പാഠങ്ങൾ കാണാപ്പാഠം പഠിക്കണം. കളിക്കാൻ പോവാൻ പാടില്ല. അച്ഛൻ വീട്ടിലുണ്ടായിരുന്ന ഞായറാഴ്ചകളെ രഘുവെറുക്കുകയും ഭയപ്പെടുകയും ചെയ്തു. പ്രോഗ്രസ്സ് റിപ്പോർട്ട് ഒപ്പിടുമ്പോഴും അച്ഛൻ കയർത്തു. ഒരിക്കലും അനുമോദിച്ചില്ല. ബാഡ്മിന്റൺ കളിക്കാനുള്ള കമ്പം കാരണം അച്ഛന്റെ കോട്ടിന്റെ കീശയിൽ നിന്നും ഒരു രൂപ മോഷ്ടിച്ച് ബാറ്റുവാങ്ങിയതും അച്ഛൻ അറിഞ്ഞപ്പോൾ ഭൂകമ്പമുണ്ടായതും രഘു ഓർക്കുന്നു.

“നമ്മുടെ വേര് ഇവിടെയാണ്. നല്ലപോലെ ആലോചിക്കാതെ ഒന്നും ചെയ്യരുത്”- അമ്മലു പറഞ്ഞു.

## അഞ്ച്

പണ്ടുതാൻനട്ടതെങ്ങ് ഇപ്പോൾ നിറയെ കായ്ക്കുന്നുണ്ടെന്ന് അമ്മാഞ്ചി പറഞ്ഞപ്പോൾ രഘുവിന് മേലാകെ കോരിത്തരിച്ചു. ഉദ്യോഗവും അധികാരവുമൊക്കെയുണ്ടെങ്കിലും ഉളളിൽ താനൊരുനാട്ടിൻ പുറത്തുകാരൻ തന്നെയാണെന്ന് അയാൾക്കുതോന്നുന്നു. നേരം വെളുത്താൽ പറമ്പു മുഴുവൻ ചുറ്റിക്കറങ്ങണമെന്നും നട്ടതെല്ലാം കാണണമെന്നും അയാൾ കരുതി.

കിട്ടുമണി തൂങ്ങിച്ചത്തു, അരുന്ധതിയും വെങ്കടാചലവും ഊരുവിട്ടുപോയി എന്നൊക്കെയാണ് പുതിയ വാർത്തകൾ. നാട്ടിൻ പുറത്തെ വാർത്തകളിൽ വേദനയും തകർച്ചയും ദുരന്തങ്ങളുമാണുള്ളത്. ശപിക്കപ്പെട്ട ഈ ഇടം വിറ്റുതന്നെ പോകണം എന്നും അയാൾ ആലോചിക്കുന്നു.

സ്ഥലത്തെ ധനികനായ വെങ്കിടാചലമയ്യരുടെ ഏകമകളായുരുന്നു അരുന്ധതി. വിവാഹദല്ലാൾ അവൾക്ക് അസ്സലായി ചേരുന്ന ജാതകമുള്ള കിട്ടുമണിയുടെ ആലോചനയുമായെത്തി. സ്ഥാനക്കയറ്റമുണ്ടാകും, മിടുമിടുക്കനാണ്, രാജകുമാരനെപ്പോലെയിരിക്കും എന്നൊക്കെകേട്ട് സന്തുഷ്ടനായി അയ്യർ നിശ്ചയതാംബൂലം നടത്തി. അപ്പോൾ വന്ന ഊമക്കത്തിൽ കിട്ടുമണിക്ക് ഭ്രാന്തനെന്നെഴുതിയിരുന്നു. നാട്ടിലെ ആൺകുട്ടികളെ പരിഗണിക്കാതെ ദൂരെനിന്ന് വരനെ തേടിപ്പിടിച്ചത് ഇഷ്ടപ്പെടാത്ത അസൂയക്കാരുടെ പണിയാവുമെന്ന് അയ്യർ കരുതി.

ആഡംബരമായി വിവാഹം നടന്നു. കിട്ടുമണിയൊന്നിച്ച് മദിരാശിക്കുപോയ അരുന്ധതി തുടക്കത്തിൽ സന്തുഷ്ടയായിരുന്നു. ഒരുകൊല്ലം തികയുന്നതിനുമുമ്പേ കിട്ടുമണിക്ക് ഭ്രാന്തിളകി. ഭാരിച്ച തുക ചെലയാക്കി അയ്യർ മരുമകനെ ചികിത്സിച്ചു. ഒരുവിധം സ്വതന്ത്രനായി നടക്കാമെന്നുവന്നു. ഏഴാം മാസത്തിൽ അരുന്ധതിക്ക് ഗർഭമലസിയതോടെ കിട്ടുമണിക്ക് വീണ്ടും ഭ്രാന്തിളകി. അരുന്ധതിയോട് പ്രത്യേക വിരോധമായി. കാണുന്നവരെയെല്ലാം ആക്രമിക്കും. ക്രമേണ കിട്ടുമണിയെ ഒറ്റയ്ക്കു പാർപ്പിക്കാനും നോക്കാൻ അച്യുതൻനായരെ ഏല്പിക്കാനും അയ്യർ ഒരുങ്ങി. ‘അവൻ ചാകുന്നതുവരെ എനിക്ക് വരുമാനമായി’ എന്നു കരുതിയിരുന്ന അച്യുതൻനായരാണ് ആദ്യം മരിച്ചത്. ഒരു കൂറ്റൻ കരിങ്കല്ലെടുത്ത് അച്യുതൻനായരുടെ തല ചിതറിച്ച് കിട്ടുമണി തൂങ്ങിച്ചത്തു. തെരുവുപട്ടിയുടെ കടിയേറ്റു പേയിളകി മരിച്ച രാമുവിന്റെ ദയനീയമായ അന്ത്യം രഘുവിന്റെ മനസ്സിൽ വീണ്ടും തെളിഞ്ഞു. ബോധം വരുമ്പോഴെല്ലാം യാത്രപറയുകയും അന്നേ കുത്തിവെയ്ക്കാമായിരുന്നു മാമാ എന്ന് വിഷമിക്കയും സഹിക്കവയ്യാത്ത വേദനയിൽ ക്ഷോഭിക്കുകയും ചെയ്ത് രാമു മരിച്ചു. ആ ഓർമ്മകൾ രഘുവിന്റെ ഉറക്കം കെടുത്തി.

## ആറ്

അമ്മുലുവും ലക്ഷ്മിയും തമ്മിൽ അകൽച്ചകളാണ്. അത്തിമ്പാറുടെ പലചരക്കുകടയിൽ നിന്നും ലക്ഷ്മിയുടെ സാധനം വാങ്ങലിൽ നിന്നാണ് തുടക്കം. കടംപറ്റ് തൊള്ളായിരം രൂപയ്ക്കുമേലായപ്പോൾ അമ്മുലു ഇടപെട്ടു. തന്നെ വിശ്വാസമില്ലേ എന്നായി ലക്ഷ്മി. നാട്ടിൽ വേറെയും പലചരക്കുകടകളുണ്ടെന്ന് അമ്മാഞ്ചി പിറുപിറുത്തു. അവിടെയൊന്നും തൊള്ളായിരം രൂപയോളം കടംപറ്റാനൊക്കില്ലെന്ന് അമ്മുലുതിരിച്ചടിച്ചു. പിന്നീട് വേറെകടയിൽ നിന്നാണ് ലക്ഷ്മി സാധനങ്ങൾ വാങ്ങിയത്. അവിടെ കടം കൊടുക്കലില്ലായിരുന്നു. അപ്പോൾ കയ്യിലുണ്ടായിട്ടും തനിക്കുതന്നില്ലെന്നായി അമ്മുലു. അങ്ങനെ വിരോധം വളർന്നു.

ലക്ഷ്മിയോട് അമ്മയും വല്ലാത്തൊരു മൃദു സമീപനം പുലർത്തിയിരുന്നു. കുട്ടിക്കാലത്തേ വീട്ടുവേല പേറുന്ന അമ്മുലു മകളേയല്ലെന്നമട്ടിലാണ് അമ്മയുടെ പെരുമാറ്റം. അമ്മുലുവിന് അങ്ങനെ ഒട്ടേറെ പരാതി കളുണ്ട്. എന്നാൽ നാവിന്റെ മൂർച്ച ആ മനസ്സിനില്ല. ലക്ഷ്മിയുടെ മകളുടെ വിവാഹത്തിന് സർവ്വകാര്യങ്ങളും ഏറ്റെടുത്തുനടത്തിയത് അമ്മുലുവാണ്. നാട്ടിൽ വരുമ്പോഴൊക്കെ ഈ രണ്ടു സഹോദ രിമാരുടെ പരാതികേൾക്കാനെ രഘുവിനു നേരമുള്ളു.

തട്ടിൻപുറത്തുനിന്നും രഘുവിന് പാട്ടാവിന്റെ വടിവാൾ കിട്ടുന്നു. കുട്ടിയായിരുന്ന തന്നെ കോരിത്തരിപ്പിച്ചുകൊണ്ട് ഒരിക്കൽ പാട്ടാ ആ വടിവാൾ ഊരിക്കാണിച്ചത് അയാൾ ഓർത്തു. പണമുണ്ടായിരുന്നെങ്കിലും പാട്ടാസ്വസ്ഥജീവിതമറിഞ്ഞിട്ടുണ്ടാവില്ലെന്ന് രഘുവിന് തോന്നി. മക്കൾക്ക് സഹായം വേണ്ടപ്പോഴൊന്നും അദ്ദേഹം കനിഞ്ഞില്ല. മക്കൾ അദ്ദേഹത്തെ അനുസരിച്ചെങ്കിലും സ്നേഹിച്ചില്ല. വാർദ്ധക്യത്തിൽ സംശയരോഗത്തിനും അദ്ദേഹം അടിപ്പെട്ടു. മൂത്തമകനെയും അമ്മുലുവിനെയും മണിയനെയുമെല്ലാം അദ്ദേഹം സംശയിച്ചു.

## ഏഴ്

തനിക്കുളളതൊന്നും മകൾക്കുവേണ്ടിപ്പോലും ചെലവഴിക്കാത്ത പാട്ടാ അവസാനകാലത്ത് ആത്മഹത്യാശ്രമം നടത്തിയിരുന്നു. പരമ്പരാഗതമായി നടത്തിപ്പോന്ന തിരുവോണമുട്ട് അത്തവണ ഗംഭീരമാക്കണമെന്ന് ആയിടെ പാട്ടാ ആവശ്യപ്പെട്ടു. അടുത്തതവണ നടത്താൻ താനുണ്ടായില്ലെങ്കിലോ എന്ന ചിന്തയാവാം. തനിക്ക് ഏറ്റവും ഇഷ്ടമുള്ള പലഹാരം അമ്മുലുവിനെക്കൊണ്ട് ഉണ്ടാക്കിച്ചു ധാരാളം കഴിച്ചു. കുളത്തിനടുത്ത് കല്ലുവെട്ടാംകുഴിയിൽ ഒരു നിധിയുണ്ടെന്നും ഒരു ചെമ്പുകലം നിറയെ പവനാണതെന്നും പാട്ടാ സ്വകാര്യമായി അമ്മുലുവിനോട് വിസ്തരിച്ചു. തന്റെ കൈയിലെ പിച്ചളപ്പെട്ടി തുറന്ന് ഒരു പവൻ അമ്മുലുവിന്റെ കൈയിലേക്ക് നീട്ടി തിരിച്ചെടുത്തു. പാട്ടാവിന്റെ വിചിത്രമായ പെരുമാറ്റം അമ്മുലുവിനെ അത്ഭുതപ്പെടുത്തി. രാത്രിയിൽ വാതിൽ തുറക്കുന്ന ശബ്ദം കേട്ട് അമ്മുലുവും അത്തിമ്പാരും പുറത്തുവന്നപ്പോൾ പാട്ടാ കുളത്തിനരികിലെ പേര മരത്തിൽ പിടിച്ചുകൊണ്ട് മുന്നോട്ടായുന്നതുകണ്ടു. കണ്ടു പിടിച്ചപ്പോൾ പാട്ടാ അടവുമാറ്റി. മണിയനും അമ്മുലുവും തന്റെ പിച്ചളപ്പെട്ടി പിടുങ്ങാൻ കത്തിയുമായി വന്നെന്ന് സ്വപ്നം കണ്ട് പുറത്തിറങ്ങി ഓടിയതാണെന്നു പറഞ്ഞു. പാട്ടാ ഇനി തങ്ങളുടെ സംരക്ഷണയിൽ വേണ്ടെന്ന് അമ്മുലു തീരുമാനിച്ചു. പെരിയപ്പാവിന്റെ കൂടെ നിർബ്ബന്ധമായി പാട്ടാവിനെ പറഞ്ഞുവിട്ടു. മടിശ്ശീലയുംപിച്ചളപ്പെട്ടിയും എടുത്ത് പാട്ടാ പെരിയപ്പാവിന്റെ കൂടെ പോയി.

കുറച്ചുനാൾ കഴിഞ്ഞ് പാട്ടാമരിച്ചൂന്ന് പെരിയപ്പാവിന്റെ കമ്പികിട്ടി. രഘുവിന്റെ അച്ഛൻ എത്തിയപ്പോഴത്തേക്ക് ശവദാഹം കഴിഞ്ഞിരുന്നു. അമ്പലക്കുളത്തിൽ ചാടിച്ചത്തതായിരുന്നു. വെച്ചുകൊണ്ടിരിക്കാൻ പറ്റില്ലായിരുന്നു എന്നാണ് പെരിയപ്പാപറഞ്ഞത്. അതുവെറും മരണമല്ലെന്ന് സംസാരമുണ്ടായിരുന്നെങ്കിലും അച്ഛൻ വിശ്വസിച്ചില്ല. അത്രയും കാലം പാട്ടാവിനെയും പാട്ടിയെയും നോക്കിയ അമ്മുലുവിന് അവരുടെ ഓർമ്മയ്ക്കായിപ്പോലും ഒന്നും കിട്ടിയില്ല. ഭാഗം വെയ്പിൽ കിട്ടിയതുവാങ്ങിയെന്നല്ലാതെ അച്ഛൻ ഒരഭിപ്രായവും പറഞ്ഞില്ല.

## എട്ട്

ലക്ഷ്മിയുടെ വീട്ടിൽ ഇഡ്ഡലിയോ ദോശയോ കിട്ടുമോ ആവോ എന്നാഗ്രഹിച്ച രഘുവിന് അവളുണ്ടാക്കിവെച്ച പുഴുങ്ങിയ മരച്ചീനിയും കടലയും ഏറെ ഇഷ്ടമായി.

തന്റെ വിദ്യാഭ്യാസകാലത്ത്, പെൻഷനായിക്കഴിഞ്ഞ അച്ഛൻ ചെലവുതാങ്ങാൻ കഴിയാതെ കഷ്ടപ്പെട്ടത് രഘു ഓർത്തു. അമ്മുലു ഒരു മൂത്ത മകനായി തന്നെ കണ്ടുകൊളളാമെന്നു പറഞ്ഞ് അനിയന്റെ വിദ്യാഭ്യാസം ഏറ്റെടുത്തതുകൊണ്ടുമാത്രമാണ് അയാൾ പഠിച്ചുയർന്നത്. അവൾ 'ഏല്ക്കുന്നു' എന്നുപറഞ്ഞതുകൊണ്ടുമാത്രമാണ് ബോംബെയ്ക്കു കൊട്ടാൻപോകാതെ അയാൾ ഇന്നത്തെ ഉന്നതസ്ഥാനത്തെത്തിയത്. ബി. എയ്ക്കും ബി. എൽനും പഠിക്കുന്നകാലത്ത് ഒരൊറ്റമാസം പോലും വൈകാതെ പണമെത്തിക്കൊണ്ടിരുന്നു.

പാഴ്ചെലവുചെയ്യുകയില്ലെന്ന വാഗ്ദാനം ചിലപ്പോളയാൾ കാറ്റിൽ പറത്തിയിട്ടുണ്ട്. സിഗരറ്റുവലിച്ചും, മദ്യപാനം ശീലിച്ചു നാടുവിട്ടോടുകയും ചെയ്തു. നാടുവിടാൻ കൂട്ടുവന്ന രാജപ്പൻ റിക്രൂട്ടിങ്ങ് ഓഫീസിൽ പോയി ജോലി സമ്പാദിച്ച് യാത്രയായി. തൂക്കം പോരാത്ത രഘുവിന് പിന്തിരിയേണ്ടിവന്നു. നാട്ടിലെത്തി അച്ഛന്റെ കാലക്കൽവീണ് പഠനത്തിലേക്ക് തിരിച്ചുപോകാൻ അയാൾ നിർബ്ബന്ധിതനായി. വീട്ടിലേക്ക് തിരിച്ചു വന്നപ്പോൾ അച്ഛനൊഴിച്ച് മറ്റെല്ലാവരും കരഞ്ഞു. പാശ്ചാത്തപിച്ചു, പരീക്ഷയെഴുതി പാസ്സായി. ബാധയൊഴിക്കലിന് ഇരുന്നു കൊടുത്തു. അങ്ങനെ ആ പ്രതിസന്ധി കടന്നുപോയി. അമ്മുലു ചെലവാക്കിയ പണംതിരിച്ചുകൊടുത്തെങ്കിലും അവളുടെ ദൃഢനിശ്ചയത്തിന് പ്രതിഫലം കൊടുക്കാൻ തന്റെ ജീവിതത്തിൽ സാദ്ധ്യമാവില്ലെന്ന് രഘുവിന് തോന്നുന്നു.

## ഒൻപത്

പറമ്പുവില്ക്കുന്നതിനെപ്പറ്റി അമ്മുലു ഒന്നും പറയാത്തതിൽ രഘു അസ്വസ്ഥനായി. നാലായിരത്തി അഞ്ഞൂറു സ്ക്വയർ ഫീറ്റ് വരുന്ന കെട്ടിടം ഒരാഗ്രഹമാണെങ്കിൽ നടക്കേണ്ടതല്ലേ എന്നു തോന്നി. സർവ്വീസ് കാലമത്രയും നഗരത്തിൽ കഴിയുന്നതാൻ ജീവിതസായാഹ്നത്തിൽ ഇവിടേയ്ക്കു വരാനിടയില്ല. എങ്കിലും മനയ്ക്കലെ കാര്യസ്ഥനായ കർത്താവു നാട്ടിൽത്തന്നെ പിടിച്ചുനിന്ന് ഭേദപ്പെട്ടനിലയിലെത്തിയ രഘു നാടിനു വേണ്ടതൊന്നും ചെയ്യാൻ ശ്രമിക്കാതെ വിറ്റുപോവുന്നതു ശരിയല്ലെന്നു പറയുന്നു. തന്റെ മനസ്സിന്റെ അഗാധതകളിലും അത്തരം ചിലതോന്നലുകൾ ഇല്ലാതില്ല എന്ന് രഘു ആലോചിക്കുന്നു.

ബോംബെയിൽ സുഖമായി കഴിയുന്ന പെങ്ങൾ സരസ്വതിക്ക് വിഭാര്യനായ നാല്പതുകാരന്റെ ആലോചനവന്നപ്പോൾ കുടുംബത്തോടുതെറ്റി വേറെ വിവാഹം നടത്തിച്ചത് പതിനേഴുകാരനായതാനായിരുന്നു എന്നും രഘു ഓർക്കുന്നു. വസ്തുവിറ്റാലും സരസ്വതിക്കു ചേരുന്ന വിവാഹം മതിയെന്ന് അമ്മുലുവും അച്ഛനെ ബോധിപ്പിച്ചു. അപ്പോൾ രഘുവിന് അമ്മുലുവിനോട് മുമ്പെങ്ങുമില്ലാത്ത ആദരവാണ് തോന്നിയത്. വിധവയായ അമ്മായിയമ്മ കാവേരിയമ്മാൾ തുടക്കത്തിൽ കഷ്ടപ്പെടുത്തിയെങ്കിലും സരസ്വതിയുടെ ജീവിതം ക്രമേണ സുഖമുള്ളതായി.

## പത്ത്

അമ്മുലു തനിക്കുകിട്ടിയ മൊട്ടപ്പറമ്പിനെ ഒന്നാന്തരം കൃഷിസ്ഥലമാക്കിയിരുന്നു എന്ന് രഘു കണ്ടു. നല്ലയിനം തെങ്ങുകളും ജാതിമരങ്ങളും തേനീച്ചക്കൂടും എല്ലാം അവിടെയുണ്ട്. അമ്മുലുവിന്റെ അഭിപ്രായം എന്തായാലും തന്റെ ഉടമസ്ഥതയിലുള്ള പറമ്പു വില്ക്കുമെന്ന് രഘു നിശ്ചയിച്ചു. തനിക്ക് പണം കിട്ടിയേതീരൂ. പറമ്പുവാങ്ങാൻ അമ്മുലു ആളെ അന്വേഷിച്ചില്ലല്ലോ എന്നയാൾ പരിഭവിച്ചു. അന്വേഷിച്ചില്ലെങ്കിലോ എന്നായിരുന്നു അമ്മുലുവിന്റെ മറുചോദ്യം. സ്വയം സമ്പാദിച്ചാണ് വീടുകെട്ടേണ്ടത്. ഒരു വീടുവിറ്റ പണം കൊണ്ട് മറ്റൊരു വീട് കെട്ടേണ്ടതില്ല.

അമ്മുലുവിനോട് ഇടഞ്ഞു സംസാരിക്കേണ്ടിവന്നതിൽ രഘുവിനും വിഷമമായി. ഗീതകാരണമാണ് നാലായിരത്തി അഞ്ഞൂറുസ്ക്വയർ ഫീറ്റു വീടിനുവേണ്ടി പറമ്പുവിറ്റ പണമന്വേഷിക്കേണ്ടി വന്നത് എന്നോർത്തപ്പോൾ രഘുവിന് അവളെ ശപിക്കാൻ തോന്നി.

പറമ്പിൽ രഘുനട്ട ഗൗളിപാത്രത്തെങ്ങ് കായ്ച്ചുനിന്നു. സെമിനാരിപ്പറമ്പിൽ നിന്നും മോഷ്ടിച്ചുകൊണ്ടുവന്ന സപ്പോട്ടമരവുമുണ്ട്. സെമിനാരിയുടെ നിയന്ത്രണങ്ങളിൽ പ്രതിഷേധിച്ച് പ്രാർത്ഥനാസമയത്ത് പടക്കം പൊട്ടിച്ചതും വെളിച്ചം പരക്കുന്നതിനുമുമ്പ് മതിൽചാടി സപ്പോട്ടത്തൈകൾ പുറത്തേക്ക് കൊടുത്തതുമെല്ലാം അയാൾ ഓർക്കുന്നു. സർപ്പക്കാവിനടുത്ത് ജാനു എന്ന പെൺകുട്ടിയോട് പ്രേമവുമായി താൻകാത്തുനിന്നതും അത്തിമ്പാരുടെ അറിഞ്ഞുകൊണ്ടല്ലാത്തവരവുകാരണം കത്തുകൊടുക്കൽ മുടങ്ങിപ്പോയതുമെല്ലാം വീണ്ടും ഓർമ്മയിലെത്തുന്നു.

## പതിനൊന്ന്

നാട്ടിലെക്ഷേത്രത്തിൽ അവർണ്ണരെകയറ്റാൻ താനൊരു നേതാവു ചമഞ്ഞിരുന്ന കഥ രഘു ഓർത്തു. കോടതികയറിയപ്പോൾ നേരിട്ടാണ് വാദിച്ചത്. അന്ന് കേസ് വെറുതെവിട്ടു. വലിയ പിന്തുണയും കിട്ടി. ആ അമ്പലത്തിൽ വരുമ്പോൾ കിട്ടുന്ന ശാന്തി മറ്റെവിടെനിന്നും അയാൾക്ക് കിട്ടാറില്ലായിരുന്നു. അവിടെയുള്ള വേരുകൾ കടപുഴക്കിയാൽ പിന്നീടൊരിക്കലും താനവിടെ വരാനിടയില്ല എന്നയാൾ ചിന്തിക്കുന്നു. ഇതുപത്തഞ്ചുകൊല്ലം കഴിയുമ്പോൾ ശരീരത്തിൽ മാത്രമല്ല മനസ്സിലും ടൈയും പാന്റും കാണും. അന്നൊരു പക്ഷേ നഗരജീവിതം വിട്ടുപോരാൻ മനസ്സുണ്ടാവില്ല.

മുറിയിൽ കൺട്രാക്ടർ ദേവസ്സിയുടെ കത്ത് രഘുവിനെ കാത്തുകിടന്നു. അയാൾ പറമ്പുവാങ്ങാൻ തയ്യാറാണ്. അമ്മുലു ആളെത്തന്നില്ലെങ്കിലും തനിക്ക് ആളെകിട്ടും എന്ന് രഘു അഹങ്കരിച്ചു. ദേവസ്സിയും രഘുവും വീട്ടിലേക്ക് കയറി വന്നപ്പോൾ ലക്ഷ്മി അമ്പരന്നു. വീട് വില്പനയാവുകയാണെന്ന് ലക്ഷ്മി അറിഞ്ഞിട്ടില്ലായിരുന്നു.

അമ്മുലു ആളയച്ചിട്ടാണ് ദേവസ്സി വന്നതെന്നവിവരം രഘുവിൽ ജാള്യമുണ്ടാക്കി. അവളുടെ സഹായമില്ലെങ്കിലും തനിക്കാളെകിട്ടും എന്ന് അവളോട് അയാൾ വീമ്പടിച്ചിരുന്നു. രഘുവിന്റെ മനസ്സുമാറുമെന്നും അയാൾ പറമ്പു വില്ക്കില്ലെന്നും അമ്മുലുകരുതി. മനസ്സുമാറില്ലെന്നുറപ്പായപ്പോൾ അവൾതന്നെ ദേവസ്സിക്ക് ആളയയ്ക്കുകയായിരുന്നു.

'വീടുവിറ്റാൽ ഞങ്ങൾ എവിടെപ്പോകും?' എന്ന ലക്ഷ്മിയുടെ ചോദ്യം രഘുവിന്റെ മനസ്സിൽ ആഞ്ഞുതറച്ചു. മൂന്നുപെൺകുട്ടികളടങ്ങുന്ന ആ കുടുംബം എവിടെപ്പോകുമെന്ന് ഇതുവരെ അയാളോർത്തിട്ടില്ലായിരുന്നു. ദേവസ്സിവാങ്ങിയാലും അവർക്കത് വാടകക്ക് ലഭ്യമാക്കാം. എന്നയാൾ പറഞ്ഞൊപ്പിച്ചു. ലക്ഷ്മി പൊട്ടിച്ചിരിച്ചു. 'കള്ളുദേവസ്സിയുടെ വീടിന് ചിതൽവരാതെ ഞങ്ങൾ സൂക്ഷിക്കണമല്ലേ, വാടകകൊടുത്തു കഴിയണമല്ലേ' എന്ന ചോദ്യത്തിനുമുമ്പിൽ രഘു പതറി. അച്ഛനുണ്ടായിരുന്നെങ്കിൽ പറമ്പുവില്ക്കുമോ എന്നവൾ ചോദിച്ചു. ഒരിക്കലും മുന്നോട്ടുപോകാൻ പറ്റാത്തവിധം ദാരിദ്ര്യം ആവേശിച്ച ആ കുടുംബത്തിന്റെ സ്ഥിതി താൻ മറന്നുപോയതോർത്ത് രഘു വല്ലായ്മ അനുഭവിച്ചു. ബോംബെയിൽ, മകൻ രാശുവിന്റെ തുച്ഛശമ്പളത്തിൽ തങ്ങൾ കൂടികഴിഞ്ഞുകൊള്ളാം എന്ന് ലക്ഷ്മി ഉറപ്പിച്ചു പറഞ്ഞു. പുഴുവിനെപ്പോലെ നിസ്സാരയായി താൻ കരുതിയവൾ, പത്തിവിടർത്താടുന്ന പാമ്പായി മാറിയെന്ന് രഘുവിനു തോന്നി.

## പന്ത്രണ്ട്

അച്ഛനുണ്ടായിരുന്നെങ്കിൽ എന്ന ചിന്ത അച്ഛന്റെ രോഗകാലത്തേക്കും മരണസമയത്തേക്കും രഘുവിനെ നയിച്ചു. അദ്ദേഹം മരിച്ചപ്പോൾ രഘു പരീക്ഷച്ചൂടിലായിരുന്നു. ഒരു പടുകൂറ്റൻ കൈ തന്നെ വലിച്ച് അനന്തതയിലേക്ക് കൊണ്ടുപോകുന്ന ദൃശ്യം സ്വപ്നം കണ്ട് അയാൾ അന്ന് ഭയപ്പെട്ടുണർന്നു. പുറത്തേക്കിയങ്ങിയപ്പോൾ അച്ഛൻ തേച്ചുപോന്ന ബലാശ്വഗന്ധാദി എണ്ണയുടെ സുപരിചിതമായ മണവും. അച്ഛന് എന്തോ അപകടമുണ്ടായിട്ടുണ്ടെന്ന് രഘുവിന് തോന്നി. പിറ്റേന്ന് ബന്ധുവായ രാമൻ വന്നത് അച്ഛന്റെ മരണവാർത്ത അറിയിക്കാനായിരുന്നു. രഘുവിന് അച്ഛന്റെ സാന്നിദ്ധ്യം ഗന്ധമായറിയാൻ കഴിഞ്ഞ അതേ സമയത്തായിരുന്നു മരണം.

പുറമേ പരുക്കനായ അച്ഛന് ഉള്ളിൽ നിറയെ രഘുവിനോടുള്ള സ്നേഹമായിരുന്നു. അവൻ പരീക്ഷയെഴുതണം, ജയിക്കണം, അവനെ വരുത്തിക്കൂടാ താൻ മരിച്ച് ചിതയ്ക്ക് തീ കൊടുത്തേണ്ടി വന്നാലും അത് അമ്മുലു ചെയ്താൽ മതി എന്ന് അച്ഛൻ അവളെക്കൊണ്ട് സത്യം ചെയ്യിച്ചു. അച്ഛനെ ദഹിപ്പിക്കാനുപയോഗിച്ച മാവിന്റെ കുറ്റി പറമ്പിലുണ്ടായിരുന്നു. അതുമാത്രമായിരുന്നു ആ ജീവിതത്തിന്റെ സ്മാരകം. പരീക്ഷക്ക് നന്നായി ജയിക്കലാണ് അച്ഛനോടുള്ള തന്റെ ഏറ്റവും വലിയ കർത്തവ്യനിർവ്വഹണമെന്ന് രഘുകരുതി. സർക്കാർ സർവ്വീസിലെ അത്യുന്നതപദവിയായ ഐ.ഏ.എസ്സോളം അതയാളെ എത്തിച്ചു. അച്ഛൻ തന്റെ ഓരോ നേട്ടത്തിലും അഭിമാനിച്ചിരിക്കണം. അഹന്തയുണ്ടാവരുത് എന്നുകരുതിയാവണം ഒരിക്കലും പ്രോത്സാഹിപ്പിക്കാതിരുന്നത്. മകന്റെ വിദ്യാഭ്യാസം മുടങ്ങാതിരിക്കാൻ വേണ്ടി അദ്ദേഹം സ്വന്തം ചികിത്സ ചുരുക്കി. നല്ല ചികിത്സകിട്ടിയിരുന്നെങ്കിൽ, അദ്ദേഹം ബാക്കിയുണ്ടാകുമായിരുന്നു എന്നോർത്തപ്പോൾ രഘുവിന് കണ്ണീരടക്കാൻ കഴിഞ്ഞില്ല.

അച്ഛൻ ഒരിക്കൽപ്പോലും ഫോട്ടോ എടുത്തില്ല. ഒരു പാവപ്പെട്ട അച്ഛന്റെ ത്യാഗനിർഭരമായ ജീവിതമോർമ്മിപ്പിക്കുന്ന ഒന്നും തന്റെ വീട്ടിലില്ല. അച്ഛനെ ദഹിപ്പിക്കാനുപയോഗിച്ച മാവിന്റെ കുറ്റിമാത്രമാണ് ഒരേയൊരുസ്മാരകം. അത് ദേവസ്സി കടപുഴക്കിയെറിയുമെന്ന് തീർച്ച.

ആലോചനകൾ അത്രയുമെത്തിയപ്പോൾ രഘു തീരുമാനിച്ചു - ഏക്കറിന് അയ്യായിരം പവൻ കിട്ടിയാൽപ്പോലും പറമ്പു വില്ക്കുകയില്ല. അതൊരു പറമ്പല്ല, പാരമ്പര്യം കൂടിയാണ്, പഴയ മുത്തശ്ശിമാരെയും മുത്തശ്ശന്മാരെയും ദഹിപ്പിക്കാനുപയോഗിച്ച മാവുകൾ നിന്നതും ഇവിടെയാണ്. തന്റെ വേരുകളുള്ള ഈ പറമ്പ് വില്ക്കാനൊരുങ്ങിയ താൻ വിഡ്ഢിയാണ്. സ്വന്തം വേരുകൾ അറുത്തുകളഞ്ഞ് തനിക്കൊരു നിലനില്പ് എങ്ങനെ സാദ്ധ്യമാകും? ഒരു പള്ളിക്കൂടത്തിലും പോകാത്ത അമ്മുലുവിന് ഇതറിയാം. ഉന്നതോദ്യോഗം വഹിക്കുന്ന തനിക്ക്, മനുഷ്യനും മരത്തിനും വേരുകൾ മണ്ണിൽത്തന്നെയാണെന്നസത്യം അറിയാതെപോയി.

നാലുതലമുറകഴിഞ്ഞാൽ നെൽമാണിക്യം കാണുമെന്ന് പാട്ടാവിശ്വസിച്ചിരുന്നു. തന്റെ ശരിയായ തീരുമാനമാവാം ആ നെൽമാണിക്യം. തുടർന്ന്, ആ പുര വൃത്തിയാക്കിയെടുക്കാനും പറമ്പ് ഫലവൃക്ഷങ്ങൾ കൊണ്ടുനിറയ്ക്കാനും രഘു മനസാതീരുമാനമെടുക്കുന്നു.

താൻ പറമ്പുവില്ക്കുന്നില്ലെന്ന് രഘു ലക്ഷ്മിയെ അറിയിച്ചു. അയാൾ വിറ്റാലും ഇല്ലെങ്കിലും അവൾ ബോംബെയ്ക്കു പോകുമെന്നായിരുന്നു മറുപടി. തന്നോടുപറയാതെ പറമ്പുവില്ക്കാനൊരുങ്ങിയ നടപടിയോട് അവൾക്ക് പൊരുത്തപ്പെടാൻ കഴിഞ്ഞിരിക്കില്ല. എല്ലാം നല്ലതിനാവണം എന്ന് രഘു ഒടുവിൽ കരുതുന്നു. ലക്ഷ്മിയുടെ മക്കൾ മറ്റുള്ളവരുടെ സൗജന്യം പ്രതീക്ഷിക്കാതെ വളരാനിടയായേക്കും.

രഘു അമ്മുലുവിനോട് മാപ്പുചോദിച്ചു. 'അരിശിച്ചെടി'യെന്ന് നെല്ലിനെ വിളിക്കിന്ന, മണ്ണു തൊടാത്ത മക്കളെപ്പോലെയായിരുന്നു ഈ തീരുമാനം വരെ താനുമെന്ന് അയാൾ കരുതുന്നു. ആ മണ്ണ് സ്വന്തം മണ്ണാണെന്നും സ്വന്തം നിലനില്പാണെന്നും ബോദ്ധ്യപ്പെടാൻ സമയമെടുത്തു.

വർഷങ്ങൾക്കുമുമ്പ് തന്നെ കോളേജിലയയ്ക്കാൻ അമ്മുലു പ്രദർശിപ്പിച്ച നിശ്ചയദാർഢ്യത്തിന് ഈ തീരുമാനം വഴി താൻ പ്രതിഫലം നൽകിക്കഴിഞ്ഞുവെന്ന് രഘുവിന് തോന്നി. തിരിച്ചുപോരും വഴി അയാൾ തന്റെ പാട്ടാവിന്റെ വടിവാൾ കൂടെകൊണ്ടുപോകുന്നു.

പറമ്പുവില്പനനടത്താൻ ഒരാഴ്ച അവധിയെടുത്ത് നാട്ടിലേക്കുവന്ന രഘു തീരുമാനം മാറ്റി മടങ്ങിച്ചെല്ലുമ്പോൾ ഭാര്യയായ ഗീത ഭയങ്കരമായി ക്ഷോഭിച്ചേക്കാം. പതിവുപോലെ ആദ്യം ഇംഗ്ലീഷിൽ ചീറുകയും പരിഭവിക്കുകയും ഒടുവിൽ തമിഴിൽ അപേക്ഷിക്കുകയും ചെയ്തേക്കാം. അയാൾ ആദ്യമായി അവൾക്ക് കീഴടങ്ങാതെനില്ക്കും എന്നയാൾ തീരുമാനിക്കുന്നു. പാട്ടാവിന്റെ - പാരമ്പര്യത്തിന്റെ - വടിവാളും ഉരുക്കിന്റെ ശക്തിയുംമായിട്ടാണ് തന്റെ തിരിച്ചുവരവ് എന്ന് രഘു ഓർക്കുന്നു.

കാറിൽ വീടിന്റെ ആദ്യത്തെ ബ്ലൂപ്രിന്റ് കണ്ടപ്പോൾ അയാളോർത്തു. തന്റെ മണ്ണിൽ ആ പ്ലാനനുസരിച്ച് ഒരു ഭംഗിയുള്ള വീടുകെട്ടണം; വർഷത്തിലൊരു മാസം അവിടെവന്നു താമസിക്കണം. അങ്ങനെ കെട്ടിടം വെയ്ക്കുന്നതോടെ തന്റെ വേരുകൾ ആമണ്ണിൽ വീണ്ടും ആഴത്തിലോടും. റമ്മികളിയിലെ ജയാപജയങ്ങളെക്കാൾ വലിയ ജയം ഗീതമനസ്സിലാക്കും. അജയനും സുമയും പൊയ്മുഖങ്ങളുപേക്ഷിച്ച് മണ്ണുമായും മനുഷ്യരുമായും സമ്പർക്കം നേടും. നേരെ തിരുവനന്തപുരത്തേക്കുപോകുന്നതിനുപകരം അയാൾ തനിക്കുപരിചയമുള്ളകോൺട്രാക്ടറുടെ സ്ഥലത്തേക്ക് നീങ്ങുന്നു. തന്റെ മണ്ണിൽ മനോഹരമയൊരു കെട്ടിടം പണിയാനുള്ള ഉറച്ചതീരുമാനം അയാളെടുത്തുകഴിഞ്ഞിരുന്നു.

## ലഘുചോദ്യങ്ങൾ

1. രഘുവിന്റെ കുടുംബാന്തരീക്ഷം.
2. നാട്ടിൻപുറത്തെ വസ്തുവില്പനയോട് രഘുവിനും ഗീതയ്ക്കുമുള്ള മനോഭാവംഭ
3. 'നമ്മ നാണു ശിത്തപ്പാവോടു കുട്ടികൾ ശെയ്തമാതിരി നീ ശെയ്യവേണ്ടണ്ടാം'-പെരിയപ്പാ ഇങ്ങനെ പറയാൻ കാരണമെന്ത്?
4. പടിപ്പുര മാമ്പഴം ഓർമ്മകളുടെ ചുരുളഴിക്കുന്നതായി രഘുവിന് തോന്നാനിടയായ സാഹചര്യം.
5. പാട്ടാ, പാട്ടി എന്നിവരെക്കുറിച്ചുള്ള രഘുവിന്റെ ഓർമ്മകൾ.
6. അമ്മുലു, ആരെയും എതിർക്കാത്ത ഭയപ്പെടുന്ന സ്വഭാവത്തിൽ നിന്ന് വാചാലയും സ്വാഭിപ്രായം വെട്ടിത്തുറന്നുപറയുന്നവളുമായി മാറിയതെങ്ങനെ?
7. അച്ഛനെക്കുറിച്ചുള്ള രഘുവിന്റെ ഓർമ്മകൾ.
8. ദുരന്തങ്ങളുടെ കഥകൾ സമൃദ്ധമായ നാട്ടിൻ പുറത്തുനിന്ന് പോകണമെന്ന് രഘു ചിന്തിച്ചതെപ്പോൾ
9. രാമുവിന്റെ ദുരന്തകഥ.
10. അമ്മുലുവും ലക്ഷ്മിയും തമ്മിലുള്ള സ്നേഹബന്ധം വേരറ്റുപോയതെങ്ങനെ?
11. ആത്മഹത്യാശ്രമം നടക്കാതിരുന്നപ്പോൾ പാട്ടാമെന്നഞ്ഞെടുത്ത കഥ.
12. 'ഇങ്ങനെയെല്ലാമായിട്ടും ബി.എയ്ക്കും പഠിക്കുമ്പോൾ അക്ഷന്തവ്യമായ അപരാധം ചെയ്യാൻ താൻ ഒരുമ്പെട്ടു.' എന്തായിരുന്നു അപരാധം.
13. പറമ്പുവില്ക്കുന്നതിനെപ്പറ്റി നാട്ടിൻപുറത്തെ കർത്താവ് രഘുവിനോടു പറഞ്ഞതെന്ത്?
14. മുമ്പെങ്ങും തോന്നിയിട്ടില്ലാത്ത അളവിൽ രഘുവിന് അമ്മുലുവിനോട് ആദരവുതോന്നിയതെപ്പോൾ?
15. ആ നിമിഷത്തിൽ കാവേരിയോടുതോന്നിപ്പോന്ന അനിഷ്ടം സഹതാപമായി മാറിയെന്ന് സരസ്വതി പറയാൻ കാരണമെന്ത്?
16. 'അന്നൊരു പഞ്ചായത്തുതിരഞ്ഞെടുപ്പു നടന്നിരുന്നെങ്കിൽ താൻ വമ്പിച്ച ഭൂരിപക്ഷത്തോടെ ജയിച്ചേനെ' - സന്ദർഭമേത്?
17. 'വീടുവിറ്റാൽ താങ്കൾ എങ്കെപോവോം?' എന്ന ചോദ്യം രഘുവിന്റെ ഹൃദയത്തിൽ ആഞ്ഞു തറച്ചതെന്തുകൊണ്ട്?
18. ലക്ഷ്മിയെക്കുറിച്ചുള്ള ധാരണകൾ രഘു തിരുത്തിയെഴുതാനിടയായതെങ്ങനെ?
19. 'ഇപ്പോഴിതാ, പുഴു പത്തിവിടർത്തിയാടുന്നു' - സന്ദർഭമേത്?
20. അച്ഛന്റെ മരണത്തോടനുബന്ധിച്ച് രഘുവിനുണ്ടായ വിചിത്രനുഭവം.
21. മാവിന്റെ കുറ്റിയിൽനോക്കിക്കൊണ്ട് രഘു മൂകനായി അച്ഛനോടു സംസാരിച്ചതെന്തെല്ലാം?
22. പാട്ടാവിന്റെ വടിവാൾ രഘുകൂടെയെടുത്തതെന്തുകൊണ്ട്?
23. നാട്ടിൻപുറത്തുനിന്നു മടങ്ങുമ്പോൾ രഘു മനസ്സിൽ കരുതുന്ന പദ്ധതികൾ.

## ഉപന്യാസമാതൃക

1. വേരുകൾ എന്ന ശീർഷകത്തിന്റെ പ്രസക്തി പരിശോധിക്കുക.
2. നാട്ടിൻപുറത്തെ, വേദനയും ദുരന്തങ്ങളും ത്യാഗങ്ങളും മണ്ണിനോടുള്ള ബന്ധവുമെല്ലാം ചേർന്ന് രഘുവിന്റെ ആദ്യത്തെ തീരുമാനം മാറ്റിമറിക്കുകയായിരുന്നു - വിശദീകരിക്കുക.

# പി. പദ്മരാജൻ (1945–1991)

തിരക്കഥാകൃത്ത്, സിനിമാസംവിധാനകൻ, എഴുത്തുകാരൻ.

പ്രണയമെന്നപോലെ വഞ്ചന, കൊല, അസൂയ, പ്രതികാരം എന്നിവയും പത്മരാജന്റെ കഥകൾക്ക് പലപ്പോഴും വിഷയമായിക്കാണം. നക്ഷത്രങ്ങളേകാവൽ 1972ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടി.

സ്വന്തം തിരക്കഥ, സംവിധാനം ചെയ്യാനാരഭിച്ചത് പെരുവഴിയമ്പത്തോടെയാണ് (1979). പൊതുജനങ്ങളെയും നിരൂപകരുടെയും ശ്രദ്ധപിടിച്ചുപറ്റിയ സിനിമയായരുന്നു ഇത്.

## ദേശീയപുരസ്കാരങ്ങൾ

1979: ഏറ്റവും നല്ല ഫീച്ചർഫിലിം – പെരുവഴിയമ്പലം

1986: ഏറ്റവും നല്ല ഫീച്ചർഫിലിം – തിങ്കളാഴ്ച നല്ല ദിവസം

## സംസ്ഥാനപുരസ്കാരം

1979: ഏറ്റവും നല്ല സിനിമകളിൽ രണ്ടാമത്തെ സ്ഥാനം, ഏറ്റവും നല്ല കഥയ്ക്കുള്ള സമ്മാനം.

## പെരുവഴിയമ്പലം

ജയിൽ വാസത്തിനുശേഷം ഗ്രാമത്തിൽ വന്നിറങ്ങുന്ന പ്രഭാകരൻപിള്ള, രാമൻ എന്ന കൗമാരക്കാരന്റെ ജീവിതത്തിൽ കടുത്ത പരിവർത്തനങ്ങളാണ് കൊണ്ടുവന്നത്. പെങ്ങന്മാരോട് അപമര്യാദയായി പെരുമാറിയപ്പോൾ രാമന് അയാളോടിടയേണ്ടിവന്നു. എതിർത്തവരെയെല്ലാം അടിച്ചോ, കുത്തിയോ വിഴ്ത്തുന്നു. പിള്ളയുമായുള്ള സംഘട്ടനത്തിൽ ആത്മരക്ഷയ്ക്കുവേണ്ടി രാമൻ അയാളെകുത്തി. അയാൾ ആശുപത്രിയിൽ വെച്ചു മരിച്ചതോടെ രാമന് ആശ്രയം പലയിടങ്ങളായി. വഴിയമ്പലങ്ങളിൽ ഒളിച്ചുതാമസിച്ചപ്പോഴെല്ലാം പെങ്ങന്മാരുടെ ഓർമ്മയിൽ അവൻ അസ്വസ്ഥനായി. ഗ്രാമത്തിലേക്ക് ഒരുനാൾ അവൻ തിരിച്ചുവന്നു. പ്രഭാകരൻ പിള്ള എന്ന വിടനെ കുത്തിമലർത്തിയ വീരനായകനായിരുന്ന രാമൻ ജനമനസ്സുകളിൽ അപ്പോഴേക്ക് പോലീസ് തേടുന്ന കുറ്റവാളിമാത്രമായിപ്പോയിരുന്നു. വഴിയമ്പലം പെരുവഴിമാത്രമായിത്തീരുന്ന അനാഥവസ്ഥയിൽ അവൻ സ്തബ്ധനായിനില്ക്കുന്നു. സിനിമയുടെ തുടക്കത്തിൽ പ്രഭാകരൻ പിള്ളയെ നോട്ടപ്പുള്ളിയാക്കി നിൽക്കുന്ന ജനക്കൂട്ടത്തിന്റെ ദൃശ്യം നാം കാണുന്നു. കഥാന്ത്യത്തിൽ ജനം അകന്നുനിന്നുകാണുന്നന്നത് രാമനെയാണ് എന്നത് ശ്രദ്ധേയമാണ്. നന്മ, തിന്മ, എന്നീ ഘടകങ്ങൾക്കപ്പുറത്ത് ജീവിതത്തിന്റെ നിഷേധിക്കാനാവാത്ത ചില പരിണാമഗതികളാണ് പത്മരാജൻ സമർത്ഥമായി ആവിഷ്ക്കരിക്കുന്നത്. ഓരോ കഥാപാത്രവും ഒറ്റയ്ക്കൊറ്റയ്ക്ക് വ്യക്തിത്വമുള്ളവരാണ് എന്നത് ശ്രദ്ധേയമാണ്.

## സംഗ്രഹം

കവലയിൽ വന്നുനില്ക്കുന്ന ബസ്സിൽനിന്ന് പ്രഭാകരൻ പിള്ള ഇറങ്ങുന്നു. കാണുന്നവർ ഞെട്ടുകയോ പരുങ്ങുകയോ ആണ്. ചായക്കടയിലെ ബിസ്ക്കറ്റ്കുപ്പി മുഴുവൻ കടലാസിലേക്ക് കുടഞ്ഞിട്ട് അയാൾ പൊതിഞ്ഞുപിടിക്കുന്നു. ചായക്കടയിൽ നിന്നിറങ്ങിയോടുന്ന പയ്യൻ പ്രഭാകരൻ പിള്ളയുടെ വരവ് മുഴുവൻ ജനങ്ങളെയും അറിയിച്ചുകൊണ്ട് വിളിച്ചുകൂവുന്നു. 'ഇവിടിന്ന് എന്തെങ്കിലുമൊക്കെ നടക്കും' എന്ന് ഒരു പ്രതീക്ഷയാണ് എല്ലാവരുടെയും മുഖത്ത്.

പ്രഭാകരൻപിള്ള നാണുവിനെയാണ് ആദ്യം അന്വേഷിക്കുക, പോകുന്നത് കോന്നപ്പിള്ളയുടെ വീട്ടിലായിരിക്കും; അയാളെ അറസ്റ്റുചെയ്ത് വാനിൽ കേറ്റിക്കൊണ്ടുപോയപ്പോൾ തിരിച്ചു വന്നാൽ ആദ്യം ഇതുരണ്ടും ചെയ്തിരിക്കും എന്നു പറഞ്ഞിരുന്നു എന്നാണ് നാട്ടുകാർ പറയുന്നത്. അയാളുടെ വരവ് നാട്ടിൻപുറത്തൊരു മഹാസംഭവമാണ്. ബലാൽസംഗക്കേസിന് ജയിലിടയ്ക്കപ്പെട്ട പിള്ളയ്ക്കെതിരെ സാക്ഷി പറയുന്നവരോടാണ് പണ്ടും പിള്ളയ്ക്ക് വെറുപ്പ് എന്നാണ് നാട്ടിൻപുറത്തെ കേൾവി.

നാട്ടുകാർ കോന്നപ്പിള്ളയുടെ വീടിനടുത്ത് തടിച്ചുകൂടുന്നു. പാതയുടെ അങ്ങേ അറ്റത്തുനിന്നു പ്രഭാകരൻപിള്ള പ്രത്യക്ഷപ്പെടുന്നതുനോക്കിയിരിക്കയാണവർ. അകത്ത് ഒടിഞ്ഞുമടങ്ങിയ പ്രകൃതമുള്ള ഗോവിന്ദപ്പിള്ള, കരയുന്ന മകൾ, ഭയന്ന അമ്മ, കൊച്ചുകുട്ടി – ഇത്രയും പേരാണ്. വെട്ടുകത്തിയിൽ പിടിമുറുക്കി ഇരിക്കുകയാണ് ഗൃഹനാഥൻ.

ഇടതുകൈയിൽ ബിസ്കറ്റുപൊതിയുമായി വരുന്ന പ്രഭാകരൻപിള്ള വാതിൽ ചവുട്ടിത്തുറക്കുന്നു. മുഖത്തു ചലനങ്ങളില്ലാതെ അയാൾ വീടിനകത്തേക്കുകയറുന്നു. ജനക്കൂട്ടത്തിലെവിടെയോ രാമനുമുണ്ട്. വൃദ്ധനായ കോന്നപ്പിള്ളയുടെ കൈയിൽനിന്ന് ഒറ്റനിമിഷംകൊണ്ട് വെട്ടുകത്തി കൈക്കലാക്കി പിള്ള നിവർന്നു നില്ക്കുന്നു. അന്ന് ഞാൻ ആരും അറിയാതെ ചെയ്തത് ഇന്ന് നാട്ടുകാരുടേം നിന്റേം മുമ്പിവെച്ചു ചെയ്യട്ടോ എന്ന് ക്രൂരമായി ചോദിക്കുന്നു. നാട്ടുകാരെയോ, വൃദ്ധനെയോ പരിഗണിക്കാതെ വീടിന്റെ തറയിൽ ആഞ്ഞുതുപ്പിക്കൊണ്ട് അയാൾ നിന്ദയോടെ പുറത്തുകടക്കുന്നു. തന്നെ കാഴ്ചവസ്തുവാക്കിയ വലിയ ജനക്കൂട്ടത്തെ മുറിച്ച അയാൾ ഒറ്റയാനെപ്പോലെ, വെട്ടുപോത്തിനെപ്പോലെ മുന്നേറുന്നു.

മൂന്നുമാസം പ്രഭാകരൻപിള്ള ജയിലിനകത്തായതുകൊണ്ട് നാട്ടിൽ സ്വൈരമുണ്ടായിരുന്നു. എന്ന് പരമുനായരുടെ ഭാര്യ മീനാക്ഷി പറയുന്നു. പരമുനായർക്കും പിള്ളയുടെ നേരെ കടുത്ത വെറുപ്പുണ്ട്.

പ്രഭാകരൻപിള്ളയുടെ ഭാര്യ മരവിച്ചുനില്പാണ്. ഭർത്താവുതിരിച്ചുവരുന്നതിൽ ആഹ്ലാദത്തിനു വകയില്ല. ദേഷ്യം വന്നാൽ കണ്ണും മൂക്കുമില്ലാത്ത പ്രകൃതമാണെന്ന് ജോലിക്കാരി അവരെ ഓർമ്മിപ്പിക്കുന്നുണ്ട്.

പ്രഭാകരൻപിള്ളയുടെ കാലുയർത്തിയുള്ള അടിയേറ്റ് വള്ളക്കാരൻ നാണു വീണുപോയി. ജനക്കൂട്ടത്തെ പരുഷമായിനോക്കി. അബോധാവസ്ഥയിലായ നാണുവിനെവിട്ട് പിള്ള വീണ്ടും മുന്നോട്ടു നടക്കുന്നു.

ജോലിക്കുനില്ക്കുന്ന വീട്ടിലെ വേലക്കാരിയായ വസന്തയ്ക്ക് പരമുനായർ തുണയ്ക്കുപോകുന്നു. പ്രഭാകരൻപിള്ള വഴിയിൽ ഉപദ്രവിച്ചേക്കും എന്ന ശങ്കയിലാണത്. കൈയിലെപ്പോഴുമുള്ള ബിസ്കറ്റുപൊതി കുട്ടികളുടെ അടുത്തെത്തിക്കേണ്ടതുകൊണ്ട് തല്ക്കാലം ഒന്നും ചെയ്യുന്നില്ല എന്നാണ് അയാൾ പരമുനായരോട് പറയുന്നത്. 'പിള്ളേച്ചൻ പോ, ആളെ വെരട്ടാതെ' എന്ന് ഭയമില്ലാതെ പറയുന്നത് പരമുനായർ മാത്രമാണ്.

സ്വന്തം വീട്ടിൽ, ഉറങ്ങുന്ന കുഞ്ഞുങ്ങളെ നോക്കിനില്ക്കുന്ന പ്രഭാകരൻപിള്ളയുടെ കണ്ണുകളിൽ ആദ്യമായി സ്നേഹത്തിന്റെ തിളക്കം കാണാം. അയാൾ മകനെ കെട്ടിപ്പിടിച്ചാഹ്ലാദിക്കുകയും ബിസ്കറ്റുകൊടുക്കുകയും ചെയ്യുന്നു.

വന്നതിന്റെ പിറ്റേന്നാൾതൊട്ട് പ്രഭാകരൻപിള്ള തന്റെ സാക്ഷാൽ സ്വഭാവം പുറത്തെടുക്കുന്നു. അയാൾ ഒരു വിടന്റെ ദൃഷ്ടിയോടെ രാമന്റെ പെങ്ങന്മാരിൽ കണ്ണുവെയ്ക്കുന്നു.

ഗോലികളിച്ചുനടക്കുന്ന പ്രായത്തിൽ അച്ഛന്റെ തണൽ നഷ്ടപ്പെട്ടരാമന് കുടുംബഭാരം പെട്ടെന്ന് ചുമലിലേറ്റേണ്ടിവന്നു. പെങ്ങന്മാർ പിഴച്ചുപോകുമോ, പ്രഭാകരൻ പിള്ളയുടെ ദൃഷ്ടിയിൽപ്പെടുമോ എന്നീ ഭയങ്ങൾ അവനെ അസ്വസ്ഥനാക്കുന്നു. 'അപ്പൻ ചത്തുമുകളില് നിൽക്കുകാ, അതുമറക്കരുത്' എന്ന് പെങ്ങന്മാരോടുപറഞ്ഞുകൊണ്ട് പല്ലിറുമ്മുകയും മുഷ്ടി ചുരുട്ടുകയും ചെയ്യുന്നത് ഈ അസ്വസ്ഥത കൊണ്ടാണ്.

വീണ്ടും പ്രഭാകരൻപിള്ള മുട്ടിക്കൂടാൻ ശ്രമിക്കുമ്പോൾ അവൻ പല്ലിറുമ്മലോടെ 'നീയാ ഇന്നാട്ടിന്റെ ദുഷ്പേര്' എന്ന് നേരിട്ടുപ്രഖ്യാപിക്കുന്നു. 'നന്നായി നീ അത്രേം പറഞ്ഞത്' എന്നാണ് നാട്ടുകാരിലൊരാൾ പ്രതികരിക്കുന്നത് വീട്ടിനകത്തുള്ള പെങ്ങന്മാരെ അടിച്ചിട്ടും പല്ലുഞെറുമ്മിയിട്ടും തീരാതെ ഒടുവിൽ അവൻ തേങ്ങിക്കരയുന്നു. അച്ഛനുണ്ടായിരുന്നപ്പോൾ അവരെ ഉത്സവപ്പറമ്പിൽ കൊണ്ടുപോയി വേണ്ടതെല്ലാം വാങ്ങിക്കൊടുത്തിരുന്നു. താനേയുള്ളൂ അവർക്ക് എന്നോർത്തപ്പോൾ അവരെ ഉത്സവം കാണാൻ കൊണ്ടുപോവാൻ അവൻ തീരുമാനിക്കുന്നു. ഭാഗ്യവും ലക്ഷമിയും സന്തുഷ്ടരായി. അവരെ ഹരിക്കഥകാണാനിരുത്തി രാമൻ വെറുരെചുറ്റിനടക്കുന്നു. ഇടയിൽ പ്രഭാകരൻപിള്ളയുമായി അവന് മുഖാമുഖം നില്ക്കേണ്ടിവരുന്നു. 'ഈ ഉത്സവം മുഴുക്കെ നീ കാണുകേലാ' എന്ന പിള്ളയുടെ വെല്ലുവിളി അവനെ അസ്വസ്ഥനാക്കി. അവൻ ഒളിക്കാൻ ശ്രമിച്ചിടത്തെല്ലാം അയാളുടെ തലപൊന്തിവരുന്നു. ഉത്സവപ്പറമ്പിൽ നിന്നകലെ കാളവണ്ടിക്കൂട്ടത്തിനിടയിൽ മറഞ്ഞിരുന്ന അവനെ അയാൾ കണ്ടെടുത്തു, കൊലച്ചിരിയോടെ പിടികൂടി.പ്രഭാകരൻപിള്ളയുടെ കത്തി പിടിവലിക്കിടയിൽ രാമന്റെ മടിയിലേക്ക് വഴുതിവീണു. നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ അവൻ അതെടുത്തു പിള്ളയെ കുത്തി. പ്രഭാകരൻപിള്ളയുടെ അലർച്ച അവസാനിച്ചതോടെ ഉത്സവപ്പറമ്പിൽ നിന്ന് ഒരു ഗ്രാമം മുഴുവൻ ഓടിവരുന്നുണ്ടായിരുന്നു.

ഇരുട്ടിൽ ഓടിയോടി പരമുനായരുടെ വീടിനടുത്തുള്ള മുളങ്കാടിന്റെ മറവിൽ അവൻ ബോധം കെട്ടുവീണു. പട്ടി കുറയ്ക്കുന്നതുകേട്ട് പുറത്തിറങ്ങിയ പരമുനായർ അവനെ തിരിച്ചറിഞ്ഞ് എടുത്ത് വീട്ടിൽ കൊണ്ടുവന്നു. ചായ്പ്പുമുറിയിൽ പലതും കൂട്ടിയിട്ട ഇരുണ്ട അറയിൽ അയാൾ അവനെ കിടത്തി. കുട്ടികളോടുപോലും ഇക്കാര്യം മിണ്ടിപ്പോവരുതെന്ന് അയാൾ മീനാക്ഷിയെ ശട്ടം കെട്ടി.

പുറമേയ്ക്ക് പരുക്കനെങ്കിലും പരമുനായർ അകത്ത് അവന് നിറയെ സ്നേഹം കരുതും. മകന്റെ ഉടുപ്പ് അവനെ ധരിപ്പിക്കുന്നു. 'സാരമില്ല ചെയ്തതൊരു നല്ലകാര്യമാ' എന്ന് പരമുനായർ മാത്രമാണ് അവനെ അഭിനന്ദിക്കുന്നത്. 'ഈ നാട്ടീ ചൊണേടെ ഒരു ചൊടിപ്പ് ആദ്യം കാണുന്നത് ആ ഉണക്കക്കൊളളിയേലാ' എന്നും മീനാക്ഷിയും പിള്ളേരും ഇറങ്ങിപ്പോയാലും രണ്ടിലൊന്നറിയും വരെ അവൻ ഇറങ്ങിപ്പോകില്ല എന്നും അയാൾ പറയുന്നു.

ആദ്യം വെറുത്തുപറഞ്ഞ മീനാക്ഷിയും ക്രമേണ അവനെ മാതൃസ്നേഹത്തോടെ കാണുന്നു. താൻ തുന്നി കീറലില്ലാതാക്കിയ ഷർട്ടുമിട്ട് ഉറങ്ങുന്ന അവനെ നോക്കിനില്ക്കെ അവളുടെ കണ്ണുനിറയുന്നു.

'പ്രഭാകരൻപിളള ചത്തു' എന്ന വിവരം രാമനെ ഒരുപൊട്ടിത്തെറിയോളമെത്തിക്കുന്നു. കൊലപാതകി യാണിപ്പോളവൻ. അങ്ങനെയൊന്ന് അവന്റെ മനസ്സിലേ ഉണ്ടായിരുന്നില്ല. ആത്മരക്ഷയ്ക്കുവേണ്ടിയുളള അവന്റെ പിടച്ചിലായിരുന്നു പിളളയ്ക്കേറ്റ കത്തിക്കുത്തുകൾ. അവന്റെ ബന്ധുക്കൾക്ക് അവനെ വേണ്ടെന്നി രിക്കെ ആർക്കുമില്ലാത്ത ബന്ധം പരമുനായർക്കും വേണ്ട താനങ്ങു പൊയ്ക്കോളാം എന്നായി രാമൻ. അവന്റെ അഭിമാനം പരമുനായരുടെ വാത്സല്യം കൂട്ടുകയാണുചെയ്തത്. ചായ്പിൽ അവന്റെ കൂടെയിരുന്ന് അയാൾ കഞ്ഞികുടിക്കുന്നു. കുത്തുകേസ് കൊലക്കേസായ സ്ഥിതിക്ക് അവനെ നാട്ടിൽ നിന്നുമാറ്റണമെന്ന് അയാൾ പദ്ധതിയിടുന്നു.

പാതിരയ്ക്ക് പരിചയമുളള കാളവണ്ടിക്കാരന്റെ കൂടെ രാമനെ അയയ്ക്കുകയാണ് പരമുനായർ. മറ്റൊരു ഗ്രാമത്തിലെ പരിചയക്കാരനായ വിശ്വംഭരൻ വഴിക്ക് ദേവയാനിയുടെ വീട്ടിലാക്കാനായിരുന്നു പദ്ധതി. ഒരു പെണ്ണിനെ പിഴപ്പിച്ചതിനുശേഷമുളള ഒളിച്ചുപാർക്കലാണ് രാമന്റേത് എന്നാണ് ദേവയാനിയെ അറിയിച്ചിട്ടുളളത്. അതിലും ഭേദം കൊപ്പുളളിയാണെന്നുപറയുകയായിരുന്നെന്നാണ് രാമന്റെ പക്ഷം.

ദേവയാനിയുടെ നോട്ടവും വാക്കുകളും അവനിൽ ജാള്യതയുണ്ടാക്കി. 'ഇവിടെ നില്ക്കാനെനിക്കുവയ്യാ. ഇതൊരു നാണംകെട്ട സ്ഥലമാ' എന്നവൻ പറഞ്ഞതോടെ ദേവയാനി പൊട്ടിത്തെറിച്ചു. വിശ്വംഭരനും ശുണ്ഠിവന്നു. 'ഈ സ്ത്രീ കൈവിട്ടാൽ നിന്റെ ശവമാണെന്നോർത്തോ' എന്ന അയാൾ കോപിച്ചുപറഞ്ഞു.

വിശ്വംഭരനെ നാട്ടിൽ നിന്നോടിച്ചതും അയാളുടെ ഭാര്യയെയും കുടുംബത്തെയും നശിപ്പിച്ചതും പ്രഭാകരൻപിളളയാണ്. അങ്ങനെയൊരു കടപ്പാട് വിശ്വംഭരനുളളതുപോലെ തോന്നും. തന്നെ സഹായിക്കുന്നവരൊക്കെ ഏതെങ്കിലും തരത്തിൽ പിളളയുടെ ശത്രുക്കളായിരിക്കും എന്ന് രാമന് തോന്നുന്നു.

പ്രഭാകരൻപിളളയുടെ കരുത്തുറ്റ ആണത്തമാണ് തന്നെ പ്രശസ്തനാക്കുന്നത് എന്ന് രാമൻ കരുതുന്നു. വൈദ്യർ അവനെതിരിച്ചറിഞ്ഞതോടെ അവന് അസ്വസ്ഥതയായി. താനിരിക്കുന്നിടം സുരക്ഷിതമല്ലെന്നും ആരുടെയെങ്കിലും കണ്ണിൽപ്പെട്ടാൽ ദേവയാനികൂടെ അകത്താകുമെന്നും വൈദ്യരവന് സൂചനകൊടുത്തു. തന്റെ അഭാവത്തിൽ പോലീസ് പെങ്ങന്മാരെ ദ്രോഹിക്കുന്നുമുണ്ടാകാം. അവൻ ദേവയാനിയോടുപോലും യാത്രപറയാതെ ഇറങ്ങിയോടി വിശ്വംഭരന്റെ കടയിലെത്തി. വിശ്വംഭരൻ പരിഭ്രമിച്ചു. തനക്കു വീട്ടിൽപോണമെന്നാണ് രാമൻ പറഞ്ഞത്. അവന്റെ പോക്കും പിടികൊടുക്കലും തനക്കുകൂടി വിനയാവുമെന്നയാൾ ഭയപ്പെട്ടു.

രാമൻ സാധാരണപോലെ പെരുമാറുന്നെങ്കിലും ലോകം അവനോടുപെരുമാറുന്നത് അപരിചിതത്വത്തോടെയാണ്. വാണിയൻ കുഞ്ചൂന്റെ മകൻ രാമന് ഇപ്പോഴുളളത് വീരപരിവേഷമല്ല. അവൻ കൊലപ്പാളളിയാണ്. പോലീസ് ആ വകയിൽ തങ്ങളെ ഉപദ്രവിക്കുമെന്ന് അവനോടിടപെടുന്ന എല്ലാവരും കരുതുന്നു. ചായക്കടയിലിരിക്കുന്നവർ അവനെ എത്രയും വേഗം പറഞ്ഞുവിടാൻ ധൃതിപ്പെട്ടു. ഭാഗ്യവും ലക്ഷ്മിയും അകന്നു നിന്ന് തേങ്ങിക്കരയുന്നു. അകന്ന ബന്ധുവായ വൃദ്ധ, രാമനോട് വേഗം സ്ഥലം വിടാൻപറയുന്നു. നീ നിന്നാൽ ഈ പെങ്കൊച്ചുങ്ങളെ പിന്നൊന്നിനും നോക്കണ്ട എന്നാണവർ പറഞ്ഞത്. പ്രഭാകരൻപിളളയുടെ ഭാര്യയും അവനോട് പോകാൻ പറയുന്നു. വാതിലടച്ച് 'എനിക്കുനിന്നെ കാണണ്ടാ' എന്നു പറഞ്ഞ് അവർ അകത്തുകയറി. മാറിയ ജനൽവിരിക്കുസമീപം പ്രഭാകരൻപിളളയുടെ മകന്റെ ഗൗരവം നിറഞ്ഞ മുഖം കണ്ടതോടെ രാമൻ വല്ലാതായി. മകളും അവനെത്തന്നെ നോക്കിനില്പാണ്. തുടർന്ന് പറമ്പുകളിലും റോഡിലും പാടത്തും പരുക്കൻ മുഖങ്ങൾ അവനെ ഉറ്റുനോക്കുന്നു; അവൻ ദൂരെ മാറേണ്ട കൊലപ്പുളളി മാത്രമാണെന്ന് ആ നോട്ടങ്ങൾ ഓർമ്മിപ്പിക്കുന്നു. തന്റെ അനാഥത്വം അവനെ സ്തബ്ധനാക്കുന്നു. അവന്റെ മുമ്പിലിപ്പോൾ പെരുവഴി മാത്രമേയുളളൂ. അവന് പിടികൊടുക്കേണ്ടിവരും വരെ വഴിയമ്പലം പെരുവഴിതന്നെ.

## കഥാപാത്രങ്ങൾ

ദൃശ്യാവിഷ്ക്കരണത്തിനുവേണ്ട നിർദ്ദേശങ്ങൾ ധാരാളമായി ഈ തിരക്കഥയിലുണ്ട്. ഓരോ കഥാപാത്രവും പത്മരാജന്റെ ഉൾക്കാഴ്ചയ്ക്ക് ഉദാഹരണമാകുന്നു. രാമൻ, പ്രഭാകരൻപിള്ള, പരമുപിള്ള, വസന്ത, വിശ്വംഭരൻ, ദേവയാനി - എല്ലാവർക്കും ഒറ്റപ്പെട്ട സവിശേഷ വ്യക്തിത്വങ്ങൾ ഉണ്ടെന്നുകാണാം.

വാണിയൻകുഞ്ചുമരിച്ചതോടെ വല്ലാത്തൊരനാഥത്വമാണ് കൗമാരപ്രായക്കാരനായ രാമനെ ആവേശിക്കുന്നത്. അച്ഛന്റെ തണലിൽ ഉത്സവം കണ്ടതും അമ്പലത്തിൽ പോയതുമെല്ലാം അവന്റെ മനസ്സിലെ ദു:ഖസ്മരണകളാണ്. ഇന്ന് ഗോലികളിക്കുന്നിടത്തുനിന്ന്, രണ്ടുപെങ്ങന്മാരുടെ പേരു ചീത്തയാകാതെ നോക്കേണ്ട വലിയ ഉത്തരവാദിത്തത്തിലേക്ക് അവന് നടന്നുകയറേണ്ടിവരുന്നു. പെൺകുട്ടികളുള്ള വീടുകൾക്കെല്ലാം പേടി സ്വപ്നമായ പ്രഭാകരൻപിള്ളയുടെ നേർക്കുനേർ നിന്ന് നീയാ ഈ നാടിന്റെ ദുഷ്പേരെന്നുപറയാൻമാത്രം തന്റേടിയാണ് രാമൻ. പല്ലുകടിച്ചും മുഷ്ടിചുരുട്ടിയും പെങ്ങന്മാരെ അകത്തടക്കിനിർത്തേണ്ട വിമ്മിട്ടം. അവൻ പ്രകടിപ്പിക്കുന്നു. അച്ഛൻ കൊണ്ടുനടന്നതുപോലെ അവരെ ഉത്സവം കാണിക്കാനും വല്ലതും വാങ്ങിക്കൊടുക്കാനും അവനാഗ്രഹമുണ്ട്. എന്നാൽ പ്രഭാകരൻപിള്ള വെല്ലുവിളിച്ചതുപോരെതന്നെ അവന്റെ ഉത്സവക്കാഴ്ചകൾ എന്നെന്നേക്കുമായി നിലച്ചുപോയി. ആത്മ രക്ഷയ്ക്കുവേണ്ടി അവൻ കുത്തി. പ്രഭാകരൻപിള്ള ആശുപത്രിയിൽ വെച്ചുമരിച്ചതോടെ അവൻ കൊലപ്പുള്ളിയുമായി. കൊലപാതകത്തിനുശേഷമുള്ള രാമന്റെ വിധി ആരൊക്കെയോ കൂടിയാണ് നിർവ്വഹിക്കുന്നത്. ക്രൂരനും വിടനുമായ പ്രഭാകരൻപിള്ള ജയിലിലായിരിക്കുമ്പോൾ നാട്ടിൽ സ്വൈരമുണ്ടായിരുന്നു എന്നു ചിന്തിച്ചനാട്ടുകാർ തല്ക്കാലത്തേക്ക് വാണിയൻകുഞ്ചുവിന്റെ മകൻ രാമനെ വാഴ്ത്തി. പിള്ളയോട് ശത്രുതയുണ്ടായിരുന്നവ രിൽ ചിലർ അവന് രക്ഷിതാക്കളായി പരമുനായർ, വിശ്വംഭരൻ, ദേവയാനി - എല്ലാവർക്കും അവനോട് വാത്സല്യം തോന്നി. ലോകദൃഷ്ടിയിൽ നിന്നും അവനെ സുരക്ഷിതമായി അവർ പൊതിഞ്ഞുപിടിച്ചു. എന്നാൽ പെങ്ങന്മാർ അരക്ഷിതത്വത്തിൽ കഴിയുമ്പോൾ താൻ സുഖമായി ഉണ്ടുറങ്ങിക്കഴിയുന്ന അവസ്ഥ രാമന് സഹി ക്കാവുന്നതിലും അപ്പുറമായിരുന്നു. അവൻ നാട്ടിലേക്ക് സ്വസ്ഥനായി കടന്നുവന്നെങ്കിലും നാടും അതിന്റെ മനശ്ശാസ്ത്രവും മാറിക്കഴിഞ്ഞിരുന്നു. വീരപരിവേഷം കൊലപ്പുള്ളിയുടെ പരിവേഷമായി മാറിക്കഴിഞ്ഞിരു ന്നു. അവനെ അന്വേഷിച്ച് പോലീസ് ഏതു സമയത്തും വരാം. അവൻ തങ്ങൾക്കും ബാധ്യതയാണ് എന്ന മട്ടിലാണ് എല്ലാവരും പെരുമാറിയത്. വിടനും വൃത്തികെട്ടവനുംമായിരുന്നെങ്കിലും പ്രഭാകരൻപിള്ള ഒര ച്ഛനും ഭർത്താവുമായിരുന്നു. ആ വീട് തികഞ്ഞ ഗൗരവത്തോടെ അവനെ കാണേണ്ടതില്ലെന്ന് വാതിലട യ്ക്കുന്നു. നാട്ടുകാർ മുഴുവൻ ഭയപ്പെട്ട് കണ്ടുനിൽക്കുന്ന പ്രഭാകരൻപിള്ളയിലാരംഭിച്ച സിനിമയുടെ ദൃശ്യ ങ്ങൾ, അവസാനം അതേസ്ഥാനത്ത് നില്ക്കുന്ന രാമനിലാണ് ചെന്നുനില്ക്കുന്നത്. ഇപ്പോൾ നാടിന്റെ നോട്ട പ്പുള്ളി അവനാണ്. അവരുടെ നോട്ടങ്ങളെ പരിഗണിക്കുകയേ ചെയ്യാത്ത പിള്ളയിൽ നന്നു വ്യത്യസ്തനായി. ആ നോട്ടങ്ങളെയും അതിലെ അപരിചിതത്വത്തെയും കണ്ണീരോടെ നേരിടുകയാണ് രാമൻ. നായകനും പ്രതിനായകനും പരസ്പരം പരിണാമസാധ്യതയുള്ള ഒരിതിവൃത്തമായി പെരുവഴിയമ്പലം പ്രത്യക്ഷപ്പെടുന്നു.

പ്രഭാകരൻപിള്ളയോടുള്ള ഗ്രാമത്തിന്റെ പേടി സ്പഷ്ടമാണ്. മീനാക്ഷിയുടെ ഭാഷയിൽ 'ഒരു പെങ്കൊച്ചിന്റെ ജന്മം തൊലച്ചതിന് വളരെ ചെറിയ ജയിൽവാസം പിന്നീട് അയാൾ വീണ്ടും നാട്ടിലേയ്ക്കെത്തുന്നു. നാടിന്റെ ദൃഷ്ടികൾ അയാളെ അസ്വസ്ഥനാക്കുന്നില്ല. ഒരൊറ്റയാനെപ്പോലെ തികഞ്ഞ താൻപോരിമയോടെ അയാൾ നാശവും പ്രതികാരവും വിതച്ചുകൊണ്ട് മുന്നേറുന്നു. തന്നെ ജയിലിലയച്ചവരോടുള്ള അയാളുടെ പ്രതികാരത്തിൽ നാട് ഇടപെടുന്നില്ല. അവർ കാഴ്ചകണ്ടുനിൽക്കുകമാത്രം ചെയ്യുന്നു. സൗന്ദര്യമുള്ള പെൺകിടാങ്ങളെല്ലാം തനിക്കനുഭവിക്കാനുള്ളവരാണെന്നമട്ടിൽ അയാൾ പെരുമാറി. എതിർത്തവരെയെല്ലാം ഭീഷണിപ്പെടുത്തി. പെങ്ങന്മാരുടെ മാനത്തെച്ചൊല്ലി ഇടഞ്ഞ രാമൻ ആ ഉത്സവം മുഴുക്കെ കാണില്ലെന്നയാൾ വെല്ലുവിളിച്ചു. അതു പ്രാവർത്തികമാക്കും മുമ്പ് അപ്രതീക്ഷിതമായി മടിയിൽ വീണകത്തിയെടുത്ത് ആത്മ രക്ഷയ്ക്കുവേണ്ടി രാമൻ തുരുതുരെകുത്തി. മുഖ്യമായും ഒരു വിടന്റെ വേട്ടയായിത്തീർന്ന പിള്ളയുടെ ജീവിതം അതോടെ അവസാനിച്ചു. അയാളെ ഒടുക്കുക എന്നത് രാമന്റെ ലക്ഷ്യമല്ലായിരുന്നു. അതുകൊണ്ടുതന്നെ പിള്ള ചത്തു എന്നവാർത്ത ഒരാക്രോശത്തോടെയാണ് രാമൻ പോലും സ്വീകരിക്കുന്നത്. നാട്ടുകാർ തൽക്കാലം രാമനെ വാഴ്ത്തിപ്പാടുന്നുവെങ്കിലും കൊലപാതകം, പോലീസ് കേസ്, പ്രത്യാഘാതങ്ങൾ എന്നിവയോർത്തതോടെ അവനെ തള്ളിപ്പറയാനും അകറ്റിനിർത്താനും ധൃതിപ്പെടുന്നു.

പ്രഭാകരൻപിള്ള വാത്സല്യനിധിയായ ഒരച്ഛനായിരുന്നു. വന്ന ഉടൻ അയാൾ മക്കൾക്കായി പൊതിഞ്ഞുവാങ്ങുന്ന ബിസ്കറ്റ്, രാത്രിയോടെ മക്കളുണർന്നു കാണാനുള്ളതിരക്ക് എല്ലാം അയാളുടെ സ്വഭാവത്തിന്റെ മറുവശം കാണിച്ചുതരുന്നു. ഒരച്ഛനെയും ഭർത്താവിനെയും മനപൂർവ്വമല്ലെങ്കിലും ഇല്ലായ്മ ചെയ്തവനാണ് തനെന്ന ബോധത്തിന് മുമ്പിലാണ് രാമൻ നിസ്സഹായനാവുന്നത് പെരുവഴിയമ്പലത്തിലെ കഥാപാത്രങ്ങളോരോരുത്തരും മിഴിവുള്ളവർ തന്നെ. ദേവയാനി ശക്തയായ സ്ത്രീകഥാപാത്രമാണ്.

എല്ലാവരുമുണ്ടായിരുന്നു എന്നു ദു:ഖഛായയിൽ പറയുന്ന അവൾക്ക് വല്ലപ്പോഴും വരുന്ന വല്യമ്മയും വന്നു പോകാനുള്ള കുറച്ചു 'പറ്റുകാരു'മേ ഉള്ളൂ. രാമന്റെ 'ചീത്തസ്ഥലം' എന്ന പരാമർശം അവളെ പൊട്ടിത്തെറിപ്പിക്കുന്നു. അവന്റെ ദീനതകണ്ട് ഉടൻതന്നെ അവൾ അലിയുന്നുമുണ്ട്. രാമൻ ഒളിച്ചുതാമസിക്കുന്നതിനുള്ള യഥാർത്ഥ കാരണം അറിഞ്ഞതോടെ അവൾക്ക് അവനോടുള്ള വാത്സല്യം കൂടിയതേ ഉള്ളൂ. ഒരു ചായ്പിലും താനവനെ അടച്ചിടുകയില്ലെന്നും കുന്നു മുഴുവൻ ഓടിനടന്നുകൊള്ളാനും അവൾ രാമനോടു പറയുന്നു. പെങ്ങന്മാർ അടിയും തൊഴിയും കൊള്ളുമ്പോൾ താനവിടെ സ്വസ്ഥമായി കഴിയുന്നതിൽ സുഖമില്ലെന്ന അവന്റെ ധർമ്മസങ്കടം അവളെ ആർദ്രയാക്കുന്നു.

പ്രഭാകരൻപിള്ളയോട് ഭയപ്പെടാതെ സംസാരിക്കുന്ന പരമുപിള്ള, 'ആണത്തത്തിന്റെ ചൊടികാണിച്ച ഒരേയൊരു ഉണക്കക്കൊള്ളി' യായ രാമനെ മകനെപ്പോലെയാണ് പരിചരിച്ചത്. പരുക്കനായ ആ മനുഷ്യൻ കണ്ണുനിറച്ചുകൊണ്ടാണ് അവനെ പാതിരയ്ക്ക് നാടുകടത്തുന്നത്. 'നീയും പിള്ളേരും ഇറങ്ങിപ്പോയാലും രണ്ടാലൊന്നറിയും വരെ അവൻ വീട്ടിൽ നിന്നിറങ്ങില്ല' എന്നു പറയുന്നിടത്ത് പരമുനായർ തന്റെ ശരികളിൽ വിശ്വസിക്കുന്ന ഗൃഹസ്ഥനായി പ്രത്യക്ഷപ്പെടുന്നു. ആദ്യം ശങ്കിക്കുകയും എതിർക്കുകയും ചെയ്തെങ്കിലും മീനാക്ഷി ക്രമേണ മകനെപ്പോലെ അവനെ കരുതാൻ തയ്യാറാവുന്നു.

പരമുപിള്ളയുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന വിശ്വംഭരൻ, സ്വന്തം സുരക്ഷയെക്കുറിച്ച് സദാ ബോധവാനാണ്. പ്രഭാകരൻപിള്ളയോടുള്ള ശത്രുതകൊണ്ട് കൂടിയാണ് അയാൾ രാമന്റെ സംരക്ഷണയ്ക്കു മദ്ധ്യവർത്തിയായത്. ദേവയാനിയുടെ കുടിലിൽ നിന്നിറങ്ങിയതോടെ രാമൻ അയാൾക്ക് എങ്ങനെയും ഒഴിവാക്കേണ്ട ബാധ്യതയാവുന്നു. പിടികൊടുത്താലും അവിടെയുള്ളവരുടെ പേരുപറയരുതെന്നയാൾ ഓർമ്മിപ്പിക്കുന്നുണ്ട്. ഗ്രാമജീവിതത്തിന്റെ യഥാർത്ഥചിത്രവും മിഴിവുള്ള ആവിഷ്ക്കരണവുമാണ് പെരുവഴിയമ്പലം. രാമനോടുള്ള നാട്ടുകാരുടെ അഭിനന്ദനഭാവം പ്രഭാകരൻപിള്ളയുടെ മരണത്തോടെ മാറിമറിയുന്നു. മരണം ആരെയും ഒരു പരിധിവരെ മഹാനോ സഹതാപാർഹനോ ആക്കുന്നുണ്ടാകാം. പെങ്ങന്മാരെ സംരക്ഷിക്കാൻ വേണ്ടിയുള്ള ശ്രമത്തിൽ, മനപൂർവ്വമല്ലാതെ രാമൻ ചെന്നുപെട്ട കൊലപാതകക്കുറ്റം, ഏറ്റവും സ്വാഭാവികമായി പെരുവഴി മാത്രം ഗതിയാവുന്ന അവന്റെ തികഞ്ഞ അനാഥത്വത്തിൽ അവസാനിക്കുകയാണ്.

## ലഘുചോദ്യങ്ങൾ

1. 'ഇവിടിന്നെന്തേലുമൊന്നു നടക്കും' - സന്ദർഭമേത്?
2. 'ആണുങ്ങളെ ആക്ഷേപിക്കാൻ നടക്കുന്ന അലവലാതി' - വക്താവാര്? 'ആണുങ്ങളെ'ക്കുറിച്ചുള്ള അയാളുടെ സങ്കല്പമെന്ത്?
3. അച്ഛൻ എന്നനിലക്കുള്ള പ്രഭാകരൻപിള്ളയുടെ വ്യക്തിത്വം
4. പെണ്ണുങ്ങളുടെയടുത്ത് രാമൻ പ്രകടിപ്പിക്കുന്ന പിടിവിട്ടുപോകുന്ന സ്വഭാവം.
5. 'നീയാ ഇന്നാട്ടിന്റെ ദുഷ്പേര്' - സന്ദർഭമേത്?
6. അച്ഛനെക്കുറിച്ചുള്ള രാമന്റെ നഷ്ടബോധം പ്രകടമാകുന്ന രംഗങ്ങൾ വിലയിരുത്തുക.
7. പരമുനായരുടെ സ്വഭാവചിത്രീകരണം നിർവ്വഹിക്കുക.
8. 'ഇവനും ഒരു വയറ്റീന്നുപോന്നവൻതന്നാ' - സന്ദർഭമേത്?
9. 'ഈ നാട്ടീചൊണേടെ ഒരു ചൊടിപ്പ്, ആദ്യം കാണുന്നത് ആ ഉണക്കക്കൊളളിയേലാ' - സാഹചര്യമേത്? വക്താവാര്?
10. പ്രഭാകരൻപിള്ളയുടെ മരണം രാമനിലുണ്ടാക്കിയ പ്രതികരണം.
11. ദേവയാനിരാമനോടു പൊട്ടിത്തെറിക്കാൻ കാരണമെന്ത്?
12. വല്യമ്മയും ദേവയാനിയും രാമനു പ്രിയപ്പെട്ടവരായിത്തീർന്നതെങ്ങനെ?
13. 'എന്റെ മോൻ ഈ കുന്നു മുഴുവൻ ഓടിനടന്നോ' എന്ന് ദേവയാനി പറയാനിടയായ സാഹചര്യം.
14. 'ഇതിന്റെടേല് നിന്റെ എളേപെണ്ണ് ഒരു വേണ്ടാതീനം കാണിച്ചു' - എന്തായിരുന്നു വേണ്ടാതീനം?
15. 'എനിക്കിപ്പൊ അങ്ങേരോടാത്തിപ്പ. ഒന്നുമില്ലേലും ഇത്രേം പേരെ പേടിപ്പിച്ചുനിർത്താൻ അങ്ങേർക്കൊത്തല്ലോ' രാമൻ ആരെപ്പറ്റി പറയുന്നു? സാഹചര്യമേത്?
16. 'എന്റെ കഞ്ഞീപ്പാറ്റയിടല്ലേ' എന്ന് വിശ്വംഭരൻ പറയുന്നതെന്തുകൊണ്ട്?
17. തിരക്കഥയുടെ ആദ്യ ദൃശ്യവും അവസാനദൃശ്യവും താരതമ്യം ചെയ്യുകഭ

## ഉപന്യാസം

1. 'പെരുവഴിയമ്പലം' എന്ന ശീർഷകത്തിന്റെ പ്രസക്തി പരിശോധിക്കുക
2. 'പെരുവഴിയമ്പല'ത്തിലെ ദൃശ്യഭാഷ എത്രത്തോളം സമർത്ഥമാണെന്ന് പരിശോധിക്കുക.

## ഒറ്റവാക്കിൽ ഉത്തരമെഴുതുക

1. 'യക്ഷി' ആരുടെ രചനയാണ്?
2. 1981 ലെ കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച മലയാറ്റൂർ കൃതി
3. മലയാറ്റൂർ വിവർത്തനം ചെയ്ത പ്രശസ്തകൃതി
4. 'അരിശിച്ചെടിയാ' എന്ന് നെല്ലിനെപ്പറ്റി ചോദിക്കുന്നത് വേരുകളിലെ ഏതുകഥാപാത്രമാണ്?
5. രഘുവിന് ജീവിതത്തിൽ ഏറ്റവും വലിയകടപ്പാടുള്ളത് ആരോടാണ്?
6. പത്മരാജന് 1972 ലെ കേരളസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയാണ് ...........
7. 1979 ൽ ഏറ്റവും നല്ല ഫീച്ചർ ഫിലിമായിതെരഞ്ഞെടുക്കപ്പെട്ട പത്മരാജൻ സിനിമ
8. രാമന് അഭയം കൊടുക്കുന്ന സ്ത്രീകഥാപാത്രത്തിന്റെ പേര്
10. 1979 ൽ രാഷ്ട്രപതിയുടെ രജതകമൽനേടിയ പത്മരാജൻ സിനിമ
11. ഉറൂമ്പിന്റെ പ്രശസ്തമായ കഥകളിലൊന്നാണ് ................................. (രാച്ചിയമ്മ)
12. ഉറൂമ്പ് എന്നപേരിൽ എഴുതിക്കൊണ്ടിരുന്ന സാഹിത്യകാരൻ
13. 'ആരാധന'യിലെ മുഖ്യകഥാപാത്രത്തിന്റെ പേര്
14. 'ഉമ്മാച്ചു'വിന്റെ രചയിതാവ്
15. 'ഉമ്മാച്ചു'വിന്റെ പ്രശസ്തനോവലുകളിലൊന്ന്.

16. വി.കെ.എൻ എന്ന എഴുത്തുകാരന്റെ മുഴുവൻ പേര്.
17. 1982 ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ വി.കെ.എൻ കൃതി.
18. 'ഹാജ്യാര്' എന്ന കഥയുടെ രചയിതാവ്
19. സർചാത്തു ആരുടെ കഥാപാത്രമാണ്?
20. 'ആരോഹണണ'ത്തിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ പേര്?
21. 'ചന്ദനമരങ്ങൾ' എഴുതിയത്.
22. മാധവിക്കുട്ടി എഴുതിയ യാത്രാവിവരണം.
23. കെ.എൻ; മോഹനവർമ്മയുമായി ചേർന്ന് മാധവിക്കുട്ടി എഴുതിയ നോവൽ.
24. 'നഷ്ടപ്പെട്ട നീലാംബരി'യുടെ രചയിതാവ്?
25. മാധവിക്കുട്ടിയുടെ ആത്മകഥയുടെ പേര്?
26. 'കേശവന്റെ വിലാപങ്ങൾ' എഴുതിയതാര്?
27. 'ഒരു ദളിത് യുവതിയുടെ കദനകഥ'യുടെ രചയിതാവ്
28. 'നഗ്നനായി തമ്പുരാൻ' രചിച്ചതാര്?
29. 'മയ്യഴിപ്പുഴയുടെ തീരങ്ങളിലെ മുഖ്യകഥാപാത്രമാണ്.
30. ദൽഹി 1981 ലെ കാഴ്ചകണ്ടുനിൽക്കുന്ന കഥാപാത്രങ്ങളുടെ പേരുകൾ
31. വള്ളത്തോൾ രചിച്ച മഹാകാവ്യം
32. വള്ളത്തോൾ എഴുതിയ പുരാണവിഷയമായ ഖണ്ഡകാവ്യം.
33. ഋഗ്വേദസംഹിത വിവർത്തനം ചെയ്തതാര്.
34. 'സാഹിത്യമഞ്ജരി' എത്ര ഭാഗങ്ങളുണ്ട്?
35. പിംഗള, കരുണ എന്നിവയ്ക്കു സമാനമായി വള്ളത്തോൾ രചിച്ച ഖണ്ഡകാവ്യമാണ്
36. 'കുടിയൊഴിക്കൽ' എഴുതിയതാര്?
37. വൈലോപ്പിള്ളി രചിച്ച കാവ്യനാടകങ്ങളുടെ പേരുകൾ
38. 'ഓണപ്പാട്ടുകാർ' എഴുതിയത്?
39. നിഴലല്ലിതുനീളെപ്പുള്ളിയായ് മാഞ്ചോട്ടിൽ - പിന്നെ ആരാണ്?
40. 'ഊഞ്ഞാലിൽ' എന്ന കവിതയിൽ പരാമർശിക്കപ്പെടുന്ന, ശകുന്തളയുടെ ഓമനയായ വനജ്യോത്സ നയുടെ പേര്?
41. 'കളിയച്ഛൻ' എഴുതിയ കവി
42. 'താമരത്തോണി' എഴുതിയത് ആര്?
43. ------------------------- ക്കുവേണ്ടി

ച്ചരിക്കുന്ന ലോക -
ജ്വരങ്ങളാണിന്നിൻ
മനുഷ്യർ നാം കുഞ്ഞേ
മറക്കാതിരിക്ക

45. ------------------------ മൊന്നിൻ

ബലിച്ചോരയാണീ
മരച്ചാറ്റുപോലും

********